# ഭൗമ ഉച്ചകോടി ആർക്കുവേണ്ടി?

& Research Centre

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

333.72

16070

# ഭൗമ ഉച്ചകോടി ആർക്കുവേണ്ടി?

## ആമുഖം

പ്രകൃതി സംരക്ഷണം എന്ന ആശയം ലോകജനതയുടെ മുന്നിലെത്തിയിട്ട് കഷ്ടിച്ച് രണ്ട് ദശകങ്ങളെ ആകുന്നുള്ളു. മനുഷ്യനടക്കമുള്ള സർവചരാചരങ്ങളും സന്തുലിതാവസ്ഥയിൽ നിലകൊള്ളുന്ന ഒരൊററ ഇക്കോവ്യവസ്ഥയുടെ ഭാഗമാണ് എന്ന അറിവാണ് ഇതിനാധാരം.

പ്രകൃതി-മനുഷ്യബന്ധത്തിന് ചില നിയന്ത്രണങ്ങരം ഉണ്ടാകണം എന്ന ഉദ്ദേശത്തോടെ 1972 ജൂൺ 5-നാണ് ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പരിപാടി, UNEP (United Nations Environmental Programme) നിലവിൽ വന്നത്. പരിസര മലിനീകരണത്തിനെതിരെ ലോകമനസ്സാക്ഷിയെ ഉണർത്തുകയും അതിൻെറ നിവാരണാർഥം വേണ്ട മുൻകരുതലുകരം കൈകൊള്ളാൻ ലോകരാഷ്ട്രങ്ങളെ ആഹ്വാനം ചെയ്യുകയുമായിരുന്നു 1972 ജൂൺ 5-ാം തിയ്യതി സ്ററോക്ഹോമിൽ സമ്മേളിച്ച ഐക്യരാഷ്ട്ര സംഘടനായോഗത്തിൻെറ മുഖ്യ ഉദ്ദേശം. സമ്മേളനത്തിൻെറ സ്മരണയെ നിലനിർത്താൻ എല്ലാവർഷവും ജൂൺ 5-ാം തിയ്യതി ലോകപരിസര ദിനമായി ആചരിക്കണമെന്നും വിളമ്പരം ചെയ്യുകയുണ്ടായി. ആദ്യ ദശകത്തിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും കാഴ്ചവെക്കാൻ UNEP ക്ക് കഴിഞ്ഞില്ല. എന്നാൽ 1980-ൽ ലോക പരിരക്ഷണ തന്ത്രം ആവിഷ്കരിക്കാൻ കഴിഞ്ഞത് ഒരു പുതിയ കാൽവെപ്പായിരുന്നു. IUCN (International Union for Conservation of Nature), WWF (World Wild life Fund) ഇപ്പോരം (World Wide Fund) എന്നീ സംഘടനകളുടെ പിന്തുണയും ഉണ്ടായി. ഒട്ടേറെ നേട്ടങ്ങരം കഴിഞ്ഞ ഒരു ദശകം കൊണ്ട് ഉണ്ടാക്കുവാൻ UNEP ക്ക് കഴിഞ്ഞിട്ടുണ്ട്. പുതുക്കൽ ശേഷിയില്ലാത്ത വിഭവങ്ങളുടെ അമിത വേഗതയിലുള്ള ശോഷണം, മലിനീകരണം, വനനശീകരണം, ജനുസ്സുകളുടെ വംശനാശം, മണ്ണൊലിപ്പ് തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധ തിരിക്കാനും നിരവധി സംരക്ഷണ പ്രവർത്തനങ്ങരംക്ക് തുടക്കം കുറിക്കാനും കഴിഞ്ഞിട്ടുണ്ട്.

വിവിധ രാഷ്ട്രങ്ങളിൽ നടക്കുന്ന പരിസര സംരക്ഷണ പ്രവർത്തനങ്ങരംക്ക് സാമ്പത്തിക സഹായം എത്തിക്കുക, ഈ രംഗത്ത് ഗവേ

ഷണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കുറെ നിറവേററിയിട്ടുണ്ട്. ഇതിനായി ചില സ്ഥാപനങ്ങൾ തന്നെ നിലവിൽ വന്നിട്ടുണ്ട്. UNEP യുടെ ഉപഘടകമായ GEMS (Global Environmental Monitoring System), GRID (Global Resource Information Database) എന്നിവയും, ശാസ്ത്രജ്ഞന്മാരുടെ സാർവദേശീയ സംഘടന നേതൃത്വം കൊടുക്കുന്ന IGBP (International Geosphere Biosphere Programme) എന്നിവ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടവയാണ്. ഭരണസംവിധാനത്തിൽ പരിസ്ഥിതി വകുപ്പ് പ്രത്യേകം ഉണ്ടാക്കുന്നതിനും പരിസര നിയമനിർമാണം—പരിപാലനം എന്നിവക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതിനും മിക്കരാഷ്ട്രങ്ങളും തയ്യാറായിട്ടുണ്ട്. 1990 ഏപ്രിൽ 22-ന് UNEP യുടെ ആഹ്വാനമനുസരിച്ച് ലോകമൊട്ടാകെ ഭൗമസംരക്ഷണദിനം കൊണ്ടാടുകയുണ്ടായി. വിവിധ രാഷ്ട്രങ്ങളിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും, വ്യക്തികൾക്കും പ്രകൃതിസംരക്ഷണ പുരസ്കാരങ്ങളും, ഫെല്ലോഷിപ്പുകളുമേർപ്പെടുത്തി, UNEP പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. പ്രകൃതി സംരക്ഷണം മുഖ്യലക്ഷ്യമായി സ്വീകരിച്ച് പ്രവർത്തിക്കുന്ന ഗ്രീൻപാർട്ടികൾപോലും നിലവിൽ വന്നിട്ടുണ്ട്. പൊതുവിൽ പരിസ്ഥിതി സംരക്ഷണം എന്ന ആശയത്തിന് ഇന്ന് സാർവദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തം.

മേല്പറഞ്ഞ വസ്തുതകൾ വച്ചുകൊണ്ട് ആഗോള പരിസ്ഥിതിയുടെ ഇപ്പോഴത്തെ അവസ്ഥ ഭദ്രമാണെന്ന് ധരിക്കേണ്ട. പ്രകൃതി സന്തുലനത്തിന് ഭീഷണിയാകുന്ന നിരവധി പ്രശ്നങ്ങൾ നിലവിലുണ്ട്. പരിസ്ഥിതി സംരക്ഷണവും വികസനവും വേണ്ടത്ര പൊരുത്തപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. വിഭവ പരിരക്ഷയിൽ ഊന്നിയ വികസനാസൂത്രണം തത്വത്തിൽ ലോകരാഷ്ട്രങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും സൂക്ഷ്മതലത്തിൽ അത് പ്രയോഗത്തിൽ എത്തിയിട്ടില്ല. ഈ പ്രതിസന്ധി മുറിച്ചു കടക്കേണ്ടതാവശ്യമാണ്. പല പരിസ്ഥിതി പ്രശ്നങ്ങൾക്കും പരിഹാരം കാണണമെങ്കിൽ ആഗോളതലത്തിൽ ആസൂത്രണം ആവശ്യമാണെന്ന് UNEP മനസ്സിലാക്കുന്നു. ഈ അവബോധത്തിന്റെ അടിസ്ഥാനത്തിലാണ് 2000-ാം മാണ്ട്വരെ നീണ്ടുനില്ക്കുന്ന പുതിയ ആഗോള പരിസ്ഥിതി തന്ത്രത്തിന് രൂപം നൽകാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്.

## ഭൗമ ഉച്ചകോടി

ഐക്യരാഷ്ട്ര പൊതുസഭ (UN General Assembly) യുടെ നിർദേശാനുസരണമാണ് ഭൗമ ഉച്ചകോടി സംഘടിപ്പിക്കപ്പെടുന്നത്. 1989 ഡിസംബറിൽ ചേർന്ന യോഗം UNEP യെ ഇതിനായി ചുമതല

പ്പെടുത്തി. ഇതുവരെ UNEP നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുകയുമാണ് ഭൗമ ഉച്ചകോടിയുടെ മുഖ്യലക്ഷ്യങ്ങൾ. മനുഷ്യവംശ ചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട സമ്മേളനം എന്ന് പ്രകൃതി സ്നേഹികൾ വിശേഷിപ്പിക്കുന്ന ഭൗമ ഉച്ചകോടി 1992 ജൂൺ ,1 മുതൽ 12 വരെ ബ്രസീലിലെ റിയോഡിജനീറോയിൽ നടക്കുകയാണ്. ഐക്യരാഷ്ട്ര പരിസ്ഥിതി-വികസന സമ്മേളനം UNCED-അൺസെഡ് **(United Nations Conference on Environment and Development)** എന്നാണ് ഔദ്യോഗികമായി ഈ മഹാസമ്മേളനം അറിയപ്പെടുക. അൺസെഡിൻെറ കേന്ദ്രകാര്യാലയം ജനീവയിലും, രണ്ട് മേഖലാകാര്യാലയങ്ങൾ ന്യൂയോർക്കിലും, നൈറോബിയിലുമായി പ്രവർത്തിക്കുന്നു. കനേഡിയൻ പൗരനായ ഡോ: മൗറീസ് സ്ട്രോങ്ങ് (Dr. Maurice Strong) ആയിരിക്കും സെക്രട്ടറി ജനറൽ.

ഉച്ചകോടിയുടെ സംഘാടനത്തിന് ഒരു പ്രാഥമിക സമിതി (Preparatory Committee — Prepcom) രൂപീകരിക്കപ്പെട്ടു. ഇതിൻെറ പ്രഥമയോഗം 1990 മാർച്ചിൽ ന്യൂയോർക്കിൽ ചേർന്ന് രണ്ട് പ്രവർത്തക സംഘങ്ങൾക്ക് (Working Groups) രൂപം കൊടുത്തു. അന്തരീക്ഷം, ഭൂവിഭവങ്ങൾ, ജൈവ വൈവിധ്യം, സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ ആദ്യസംഘവും മഹാ സമുദ്രങ്ങൾ, കടലുകൾ, തീരപ്രദേശങ്ങൾ, ശുദ്ധജലസ്രോതസ്സുകൾ, പാഴ്വസ്തുമാനേജ്മെൻറ് തുടങ്ങിയ വിഷയങ്ങൾ രണ്ടാമത്തെ സംഘവും കൈകാര്യം ചെയ്യും. പ്രിപ്കോം പിന്നീട് യോഗം ചേർന്ന് മൂന്നാമതൊരു സംഘത്തെക്കൂടി രൂപീകരിക്കാൻ തീരുമാനിച്ചു. പരിസ്ഥിതി പരിരക്ഷണത്തിനായുള്ള സ്ഥാപനങ്ങളുടെ പ്രശ്നങ്ങളും പരിരക്ഷണനിയമങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളുമാണ് ഈ സംഘത്തിൻെറ പരിധിയിൽ വരിക. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെ പ്രാധാന്യം മാനിച്ചുകൊണ്ട് അവർക്കും ഭൗമ ഉച്ചകോടിയിൽ പ്രാതിനിധ്യം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഭൗമ ഉച്ചകോടിയിൽ ചർച്ചക്കുവരുന്ന പ്രശ്നങ്ങളെപ്പററി പഠിക്കുവാൻ സന്നദ്ധ സംഘടനാ പ്രതിനിധികളുടെ ഒരു യോഗം പാരീസിൽ 1991-ൽ ചേരുകയുണ്ടായി. പ്രിപ്കോമിൻെറ അവസാനയോഗം 1992 മാർച്ച് 9-ന് ന്യൂയോർക്കിൽ ആരംഭിച്ചു.

## ഭൗമ ഉച്ചകോടിയിൽ പങ്കെടുക്കുന്നവർ

നൂറോളം രാഷ്ട്രതലവൻമാർ, ആ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ശാസ്ത്രജ്ഞൻമാർ, സന്നദ്ധ സംഘടനാ പ്രതി

നിധികരം തുടങ്ങി ഏതാണ്ട് 6000 പേർ സമ്മേളനത്തിൽ പങ്കെടുക്കും. സർക്കാരേതര സംഘടനകളുടെ (NGOS) ഒരു സമാന്തര സമ്മേളനവും ഉച്ചകോടിയോടൊപ്പം ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ ഏതാണ്ട് 3500 പേർ പങ്കെടുക്കുമത്രെ. കൂടാതെ പരിസ്ഥിതി പരിരക്ഷണത്തിൽ താല്പര്യമുള്ള 20,000 പേരെ സമ്മേളനത്തിലേക്ക് ക്ഷണിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

## സമ്മേളനത്തിന്റെ പ്രാധാന്യം

അൺസെഡ് ജനറൽ സെക്രട്ടറി ഡോ: മൗറീസ് സ്ട്രോങ്ങ് ''മനുഷ്യരാശിയുടെ അവസാനത്തെ പ്രതീക്ഷയെന്നാണ്'' ഈ മഹാ സമ്മേളനത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. അടുത്ത നൂററാണ്ടിൽ ഒരു പുത്തൻ ലോകക്രമം സ്ഥാപിക്കാൻ ആവശ്യമായ പദ്ധതികളും പരിപാടികളും അജണ്ട-21 എന്ന പേരിൽ സമ്മേളനത്തിൽ അവതരിപ്പിക്കും. പാരിസ്ഥിതിക-വികസന-സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിക്കുന്ന പ്രശ്നങ്ങളെപ്പററിയും അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെപ്പററിയും ഉള്ള വിശദമായ ചർച്ച അജണ്ട 21-ൽ ഉണ്ടായിരിക്കും. സമ്മേളനത്തിന് താഴെപ്പറയുന്ന ലക്ഷ്യങ്ങൾ ഉണ്ടെന്ന് സംഘാടകർ പ്രസ്താവിക്കുന്നു.

1. സ്ഥിതിസമത്വത്തിലും സാമൂഹ്യനീതിയിലും സുസ്ഥിരതയിലും അധിഷ്ഠിതമായ ഒരു പുത്തൻ ലോകക്രമം അടുത്ത സഹസ്രാബ്ദത്തിന് വേണ്ടി കെട്ടിപ്പടുക്കുക.

2. ഇതേ കാലയളവിലേക്കുവേണ്ടി പ്രയോജനപ്പെടുത്താവുന്ന ഒരു പുതിയ ആഗോള പരിസ്ഥിതി തന്ത്രത്തിന്റെ രൂപരേഖ തയ്യാറാക്കുക.

3. ദാരിദ്ര്യത്തിലും പട്ടിണിയിലും നിരക്ഷരതയിലും കഴിയുന്ന വികസ്വരരാജ്യങ്ങളിലെ ജനങ്ങൾക്ക് അവർ സ്വപ്നം കാണുന്ന ഒരു നല്ല ജീവിതം പ്രദാനം ചെയ്യാൻ ആവശ്യമായ നടപടികൾ ആസൂത്രണം ചെയ്യുക.

4. ദരിദ്രരാജ്യങ്ങളിൽ വർധിച്ചുവരുന്ന ജനസംഖ്യ നിയന്ത്രിക്കാൻ വേണ്ട അടിയന്തിരനടപടികൾ ആസൂത്രണം ചെയ്യുക.

5. ഉച്ചകോടിയിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങൾ ഒരു എർത്ത് ചാർട്ടർ (Earth Charter) ഒപ്പുവെക്കുക. (ഭൗമ സംരക്ഷണത്തിന് എല്ലാ രാഷ്ട്രങ്ങൾക്കും സ്വീകാര്യമായ ഒരു നിയമസംഹിതക്ക് രൂപം നൽകാനാണ് ശ്രമം).

ഭൗമ ഉച്ചകോടി എന്ന ആശയം സാക്ഷാത്കരിക്കുവാൻ UNEP യോടൊപ്പം ലോകരാഷ്ട്രങ്ങളും കിണഞ്ഞുശ്രമിക്കുകയാണ്. ഈ സമ്മേളനം നടക്കുന്നത് ബ്രസീൽ രാജ്യത്തിലാണെന്നുള്ളത്

പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. തകരുന്ന ഭൂമിയുടെ പ്രതീകമായിട്ടാണ് ബ്രസീലിനെ പലരും കാണുന്നത്. പെരുകുന്ന കുററകൃത്യങ്ങരം, ചേരികരം, വിദേശകടം, നാശോന്മുഖമായ ആമസോൺ വനങ്ങരം മുതലായവ ഈ ഉഷ്ണമേഖലാ രാജ്യത്തിൻെറ മുഖമുദ്രയായി കണക്കാക്കപ്പെടുന്നു. എങ്കിലും ഒരു ഉയിർത്തെഴുന്നേല്പിൻെറ പരിശ്രമത്തിലാണവരിപ്പോരം. ഒരു പുത്തൻ ലോകക്രമം ഇവിടെനിന്നുതന്നെ ആരംഭിക്കട്ടെ എന്ന ആശയമാണ് UNEP യെ റിയോഡീജനീറോയിലേക്കാകർഷിച്ചത്.

ഐക്യരാഷ്ട്രസഭയുടെ കൊടിക്കീഴിൽ അണിനിരക്കുന്ന രാഷ്ട്രങ്ങരം വലുപ്പത്തിലും, വർണത്തിലും, സാമ്പത്തികശേഷിയിലും, ഭരണവ്യവസ്ഥിതിയിലും വൈവിധ്യമുള്ളവയാണ്. ലോകജനസംഖ്യാ വർധനയിൽ 90 ശതമാനവും ഉണ്ടാകുന്നത് ദരിദ്ര രാജ്യങ്ങളിലാണ്. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഉണ്ടാകുന്ന മുന്നേററം അതിരുകവിഞ്ഞ ജനസംഖ്യാ വർധനവിനാൽ അപ്രസക്തമായിത്തീരുന്നു. ജനസംഖ്യാ വർധനവും അതോടൊപ്പം നിലവിലുള്ള ദാരിദ്ര്യവും പരിസ്ഥിതിയുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ലോകത്തിലെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിവിഭവങ്ങരം (ആഹാരം, വെള്ളം, ശുദ്ധവായു) പങ്കുവയ്ക്കാൻ അടുത്ത നൂററാണ്ടാകുമ്പോരം 620 കോടിയോളം ജനങ്ങരം ഉണ്ടാകും. ഇവരിൽ 73 ശതമാനം പാർക്കുന്നത് ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിൻ അമേരിക്കയിലെയും ദരിദ്രരാജ്യങ്ങളിലാണ്. എല്ലാവർക്കും സുഖസംതൃപ്തിയോടെ ഈ ഭൂമിയിൽ ജീവിക്കാനുള്ള സാഹചര്യം ഒരുക്കുന്നതിൽ ഈ സമ്മേളനം വലിയ സംഭാവന നൽകുമെന്ന് കരുതുന്നുണ്ട്. എർത്ത്ചാർട്ടർ ഇതിലേക്കുള്ള നിർണായകമായ കാൽവെപ്പാണ്. കാലാവസ്ഥ, ജൈവവൈവിധ്യം, വനം, മലിനീകരണം, വിഷമാലിന്യങ്ങരം, വിഷരാസികങ്ങരം, ജലസ്രോതസ്സുകരം ഇവയെല്ലാം സംബന്ധിച്ച ചില ക്രമവൽക്കരണങ്ങളും (Regulations) നിയമങ്ങളുമാണ് എർത്ത്ചാർട്ടറിൽ അടങ്ങിയിട്ടുള്ളത്. നമ്മുടെ പൊതുഭാഗധേയം (Our Common Future) ഉറപ്പുവരുത്താനായി രാഷ്ട്രങ്ങളും ജനങ്ങളും സ്വീകരിക്കേണ്ട സാമ്പത്തിക പാരിസ്ഥിതിക നയങ്ങരം സംബന്ധിച്ച അടിസ്ഥാനതത്വങ്ങളാണ് എർത്ത് ചാർട്ടറിൽ ഉരംപ്പെടുത്തിയിരിക്കുന്നത്. ഭൂമിയെ സംരക്ഷിക്കുന്നതിനായുള്ള അന്താരാഷ്ട്ര നിയമങ്ങരം എഴുതിയുണ്ടാക്കാനുള്ള ശ്രമങ്ങരം ഇപ്പോരംതന്നെ നടക്കുന്നുണ്ട്. പരിസ്ഥിതിനാശത്തെപ്പററിയും അതിൻെറ പുനരുദ്ധാരണ നടപടികളെപ്പററിയും വിവിധ രാജ്യങ്ങളിൽ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും സ്വീകാര്യമായ ഒരു നിയമസംഹിതയ്ക്ക് അന്തിമമായി

രൂപം നൽകാനാണ് ശ്രമം. മേൽപ്പറഞ്ഞ വസ്തുതകളെല്ലാം ഭൗമ ഉച്ചകോടിയുടെ പ്രാധാന്യത്തെ വിളിച്ചോതുന്നു.

## ഭൗമ ഉച്ചകോടിയുടെ അജണ്ട

ഉച്ചകോടിയുടെ മുദ്രാവാക്യം ''പരിസ്ഥിതിയും സ്ഥിരമായ വികസനവും'' എന്നതാണ്.

21-ാം നൂററാണ്ടിനുവേണ്ടിയുള്ള പരിസ്ഥിതി പ്രവർത്തന പരിപാടികൾ (Environmental Action Plan for 21st Century) അഥവാ അജണ്ട-21 സമ്മേളനത്തിൽ അംഗീകരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എർത്ത്ചാർട്ടറിൻെറ പൊതുഅംഗീകാരമാണ് മറെറാരു വിഷയം.

താഴെ പറയുന്ന പ്രധാന വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ച ചെയ്യപ്പെടും.

1. ആഗോളതാപനം 2. ഓസോൺ പാളിശോഷണം 3. മലിനീകരണം 4. ജൈവവൈവിധ്യശോഷണം 5. ജലക്ഷാമം 6. സമുദ്രതീരങ്ങളുടെ നാശം 7. സസ്യാവരണങ്ങളുടെ തിരോധാനം 8. ജനപ്പെരുപ്പം 9. മണ്ണൊലിപ്പ്, മരുവൽക്കരണം, വരൾച്ച 10. വിഷമാലിന്യ സംസ്കരണം 11. വിഷരാസികങ്ങളുടെ നിയമവിരുദ്ധമായ കടത്ത് 12. ജീവിതസാഹചര്യവും നിലവാരവും മെച്ചപ്പെടുത്തൽ.

ആഗോളപരിസ്ഥിതി പരിരക്ഷണ ഫണ്ട് രൂപീകരണവും അതിൻെറ പ്രവർത്തനരീതിയുമാണ് ഉച്ചകോടിയിൽ സജീവചർച്ചക്കുവരുന്ന മറെറാരു പ്രധാന വിഷയം.

## വിവാദങ്ങളുടെ തുടക്കം

അൺസെഡിൻെറ പ്രിപ്പ്കോം റൗണ്ടുകൾ മിക്കവാറും പൂർത്തിയായി. എന്നാൽ അജണ്ട-21, എർത്ത്ചാർട്ടർ എന്നിവക്ക് അന്തിമ രൂപം കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വികസന നിലവാരം, സംസ്കാരം, കാലാവസ്ഥ, രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ സ്ഥിതി ഇവ സംബന്ധിച്ച് സമ്പന്ന-ദരിദ്രരാഷ്ട്രങ്ങൾക്കിടയിൽ ഇന്ന് നിലനിൽക്കുന്ന അസമത്വം കണക്കിലെടുത്തുകൊണ്ട് സാമൂഹ്യ - പാരിസ്ഥിതിക പ്രശ്നങ്ങൾ തരംതിരിച്ചുകാണാനുള്ള ശാസ്ത്രീയ സമീപനം ചർച്ചകളിൽ പങ്കെടുത്ത വികസിത രാഷ്ട്രങ്ങൾ പ്രത്യേകിച്ച് അമേരിക്ക സ്വീകരിക്കാതിരുന്നതാണ് ഇതിനു കാരണം. തങ്ങളുടെ രാജ്യത്ത് നിലനിൽക്കുന്ന വിപണിയെ ആധാരമാക്കിയുള്ള ഉപഭോഗ വികസന പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുമെന്നാണ് അമേരിക്കൻ നിലപാട്. ഈ സാമ്പത്തിക ക്രമത്തിൽ മാററം വരുത്തിക്കൊണ്ടുള്ള യാതൊരു പാരിസ്ഥിതിക പരിരക്ഷണ നടപടികൾക്കും തങ്ങൾ തയ്യാറല്ല എന്നും വേണ്ടിവന്നാൽ

അമേരിക്ക ഉച്ചകോടിയിൽനിന്ന് വിട്ടുനിൽക്കുമെന്നുവരെ അസന്നിഗ്ധമായി അവർ പ്രഖ്യാപിച്ചിരിക്കയാണ്.

തികച്ചും ഏകാധിപത്യപരമായ ഈ നിലപാട് ഒററപ്പെട്ട ഒരു നീക്കമല്ല. ലോകവിഭവങ്ങളുടെമേൽ തങ്ങളുടെ പിടിമുറുക്കാൻ രണ്ടും കല്പിച്ചിറങ്ങിയിരിക്കയാണിക്കൂട്ടർ. പുത്തൻ കോളണിവൽക്കരണത്തിൻെറ പെരുമ്പറ നാം കേട്ടുകൊണ്ടിരിക്കയാണ്. ഈ നീക്കങ്ങൾക്ക് അവർ ഉപയോഗിക്കുന്നത് ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഉപസംഘടനകളും ചർച്ചാവേദികളുമാണ് എന്ന കാര്യം പ്രത്യേകം കാണേണ്ടതുണ്ട്. ഗാട്ട്, IMF, ലോകബാങ്ക് എന്നിവയെ തങ്ങളുടെ ഉപകരണങ്ങളാക്കാൻ ലക്ഷ്യമിടുന്ന ഡങ്കൽ നിർദേശങ്ങൾ വികസ്വര രാഷ്ട്രങ്ങളിൽ അടിച്ചേല്പിക്കാനുള്ള തീവ്രശ്രമങ്ങളാണ് നടക്കുന്നത്. വാണിജ്യ ഉപരോധം എന്ന ഏററവും പുതിയ ആയുധം ദുർബലരാഷ്ട്രങ്ങളുടെ മേൽ യഥേഷ്ടം പ്രയോഗിച്ച് അവരെ ഭീഷണിപ്പെടുത്തി ചൊൽപടിയിലാക്കുകയാണ് ലക്ഷ്യം. ആണവവിരുദ്ധകരാറിൽ (NPT) ഒപ്പിടാനും ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളുടെമേൽ ശക്തമായ സമ്മർദം ചെലുത്തിക്കൊണ്ട് ആണവ സാങ്കേതിക വിദ്യയും ആണവ ഇന്ധന ശ്രോതസ്സും തങ്ങളുടെ വരുതിയിലാക്കാനുള്ള കുടിലതന്ത്രങ്ങളുമാണ് അരങ്ങേറിയിട്ടുള്ളത്. ഇപ്പോഴിതാ ഭൗമ ഉച്ചകോടിയിൽ അവതരിപ്പിക്കേണ്ട എർത്ത്ചാർട്ടറിലും അജണ്ട-21ലും ഇതേ സമീപനം തന്നെ ആവർത്തിക്കുന്നു.

## പരിസ്ഥിതി പ്രശ്നങ്ങൾക്ക് ദേശീയ-സാർവദേശീയ വിവേചനം


പരിസ്ഥിതി പ്രശ്നങ്ങളെ ആഗോളമെന്നും ദേശീയമെന്നും തരംതിരിക്കാനുള്ള പരിശ്രമങ്ങൾ വികസിത രാഷ്ട്രങ്ങൾ പ്രത്യേകിച്ച് അമേരിക്ക നടത്തിവരുന്നു. ആഗോളതാപനം, ഓസോൺപാളി ശോഷണം, ജനിതക വൈവിധ്യശോഷണം, അന്താരാഷ്ട്ര വിഭവങ്ങളുടെ മലിനീകരണം, ജനസംഖ്യാ വർധനവ് തുടങ്ങിയ പ്രശ്നങ്ങളെ ആഗോള പ്രശ്നങ്ങളെന്ന് നിർവചിച്ച് അവയുടെ പരിഹാരത്തിനു മാത്രമേ, അന്താരാഷ്ട്ര ഏജൻസികളിൽനിന്ന് ധനസഹായം പാടുള്ളൂ എന്നുമിവർ ശഠിക്കുന്നു. മരുവൽക്കരണം, മണ്ണൊലിപ്പ്, വരൾച്ച തുടങ്ങി ശേഷിച്ച അനവധി പ്രശ്നങ്ങൾ 'പ്രാദേശിക പ്രശ്ന'ങ്ങളാക്കിമാററി അവക്കു പരിഹാരം കാണേണ്ട ബാധ്യത അതതു രാജ്യങ്ങളുടേതുമാത്രമാണെന്ന് നിർദേശിക്കുന്നു. ഇത് ആഗോള പ്രശ്നങ്ങളുടെ പ്രാദേശിക പ്രസക്തിയും പ്രാദേശിക പ്രശ്നങ്ങളുടെ ആഗോള പ്രസക്തിയും ഇല്ലാതാക്കുന്നു. ലോകജനസംഖ്യയുടെ 73 ശതമാനം പാർക്കുന്ന വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം മണ്ണിൻെറ ഗുണക്ഷയം ഏററവും വലിയ പ്രശ്നമാണ്. ഈ രംഗത്ത് പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ വിക

സനത്തിന് ലഭിക്കേണ്ട സാമ്പത്തിക സഹായം അവരുടെ നിലനിൽ പിന്റെ കൂടി പ്രശ്നമാണ്. ഈ സാമ്പത്തിക സഹായം അനുവദി ക്കാതെ ആ തുക നിർബന്ധമായും സ്വയം കണ്ടെത്തണമെന്ന നിബ ന്ധന വെക്കുമ്പോഠംതന്നെ, വികസിത സമ്പന്നരാഷ്ട്രങ്ങളുടെ സൃഷ്ടിയായ 'ആഗോള പ്രശ്നങ്ങഠംക്ക്' ആഗോള ഫണ്ട് സ്വരൂപി ക്കാൻ ശ്രമിക്കുന്നു എന്നത് വലിയ വൈരുധ്യമാണ്.

## ആഗോളതാപനത്തിന്റെ ബാധ്യത അടിച്ചേല്പിക്കാൻ ശ്രമം

കാർബൺഡയോക്സൈഡിന് പ്രതിശീർഷ നിയന്ത്രണം വേണ്ടെന്ന് അമേരിക്ക

ഊർജമാണ് പരിഷ്കൃതജീവിതത്തിന്റെ ആധാരം. ഊർജ ഉൽപാദനത്തിന് മനുഷ്യൻ മുഖ്യമായും ആശ്രയിക്കുന്നത് വിറക്, കൽക്കരി, എണ്ണ, പ്രകൃതിവാതകം എന്നിവയെയാണ്. ഇവ കത്തി ക്കുമ്പോഠം കാർബൺഡയോക്സൈഡ് വായുമണ്ഡലത്തിൽ വിസർജിക്കപ്പെടുന്നു. വായുവിനേക്കാഠം സാന്ദ്രതയേറിയ ഈ വാതകം ഭൗമോപരിതലത്തിൽ വിന്യസിക്കപ്പെടുന്നു. സൂര്യകിരണ ങ്ങളെ യഥേഷ്ടം കടത്തിവിടുമെങ്കിലും, ഭൂമിയിൽനിന്ന് ഉയരുന്ന താപവികിരണത്തെ (IR രശ്മികഠം) ഇവ ആഗിരണം ചെയ്ത് സ്വയം ചൂടാകുന്നു. ഒപ്പം ഭൂമിയുടെ താപനിലയും വർധിക്കുന്നു. ഇതാണ് ഹരിതഗൃഹപ്രഭാവം (Green House Effect). അന്തരീക്ഷ ത്തിലെ ഹരിതഗൃഹവാതകങ്ങളുംട 55% കാർബൺഡയോ ക്സൈഡും 15% മീഥേനും 6% നൈട്രസ് ഓക്സൈഡും 17% സി. എഫ്. സി യും 7% മററു വാതകങ്ങളുമാണ്. സി. എഫ്. സി. ഒഴിച്ചുള്ള വാതകങ്ങഠം ഫോസിൽ, ഇന്ധനങ്ങഠം, വിറക് എന്നിവ കത്തുമ്പോളുണ്ടാകുന്നവയാണ്. ചതുപ്പുനിലങ്ങളിൽനിന്നും മീഥേൻ ബഹിർഗമിക്കുന്നുണ്ട്. ഈ വാതകങ്ങളുടെ വാർഷിക വർധനവ് സി. എഫ്. സി. (5ശതമാനം), മീഥേൻ (1 ശതമാനം), കാർബൺ ഡയോക്സൈഡ് (0.5 ശതമാനം), നൈട്രസ് ഓക്സൈഡ് (0.5 ശതമാനം) എന്ന നിരക്കിലാണ്. ഈ നില തുടർന്നാൽ 2050-ാം മാണ്ട് ആകുമ്പോഴേക്കും ഭൂമിയിലെ ശരാശരി താപനില ഇന്നത്തേതിൽ നിന്ന് 1.5 മുതൽ 4.5 വരെ ഡിഗ്രി സെൽഷ്യസ് ഉയരുമെന്ന് കണ ക്കാക്കിയിട്ടുണ്ട്. ഇത് സംഭവിച്ചാൽ ഭൂമിയിലെ ഫലഭൂയിഷ്ഠ മായ പല കാർഷികപ്രദേശങ്ങളും വരണ്ടുപോകും. ധ്രുവപ്രദേശ ത്തിലെ ഹിമനിരകഠം ഉരുകും, കടൽനിരപ്പ് ഏതാനും അടിയോളം ഉയരും. ബംഗ്ലാദേശ്, മാലിദ്വീപുകഠം, ലക്ഷദ്വീപുകഠം മുതലായ പല താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിലായിത്തീരും. കേരള ത്തിലും വളരെ അധികം സ്ഥലം കടലെടുത്തുപോകും. ഈ പ്രവ ചനങ്ങളെകുറിച്ച് ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായ





ആഗോള ഉപരിതല താപനില 1901-1988

ചിത്രം 1

ങ്ങളും ഉണ്ട്. എങ്കിലും ആഗോളതാപനം യാഥാർത്ഥ്യമാണെന്നും അത് നിയന്ത്രിക്കാൻ ഫോസിൽ ഇന്ധനങ്ങളുടെ വിനിയോഗം കുറയ്ക്കണമെന്നുമുള്ള നിർദേശങ്ങളോട് എല്ലാവരും ഒരുപോലെ യോജിക്കുന്നുണ്ട്.

കാർബൺഡയോക്സൈഡ് ഉൽപാദനത്തിന്റെ പ്രതിശീർഷ ലോകശരാശരി 1.2 ടൺ ആണ്. ലോകശരാശരിക്കു താഴെനിൽക്കുന്ന ഇന്ത്യയുടെ ഉൽപാദനം 0.2 ടൺ മാത്രമാണ്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാജ്യങ്ങളിലെ ഫോസിൽ ഇന്ധനവിനിയോഗം ഇനിയും വർധിക്കേണ്ടതായിട്ടുണ്ട്. പ്രതിശീർഷ കാർബൺഡയോക്സൈഡ് ഉൽപാദനം അമേരിക്കയുടേത് 5 ടണ്ണും കാനഡയുടേത് 4.1 ടണ്ണും റഷ്യയുടേത് 3.6 ടണ്ണും ജപ്പാന്റേത് 2.2 ടണ്ണുമാണ്. ലോകശരാശരി 0.9 ടണ്ണിലേക്കെത്തിക്കാൻ വികസിതരാഷ്ട്രങ്ങൾ ഫോസിൽ ഇന്ധന ഉപയോഗം 2050-ാമാണ്ടോടെ 50 ശതമാനം കണ്ട് കുറയ്ക്കുകയാണ് ഏകമാർഗം. ഇവിടെയാണ് ഉത്തരദക്ഷിണരാജ്യങ്ങൾ തമ്മിലുള്ള തർക്കം ഉദ്ഭവിക്കുന്നത്.


കാർബൺഡയോക്സൈഡ് വിസർജനത്തിന്റെ പ്രധാന ഉത്തരവാദിത്വം വികസ്വരരാജ്യങ്ങളുടെ തലയിൽ വച്ചുകെട്ടാനാണ്, അമേരിക്കയുടെ നേതൃത്വത്തിൽ വികസിതരാജ്യങ്ങൾ ശ്രമിക്കുന്നത്. മൂന്നാം ലോകരാജ്യങ്ങൾ വനനശീകരണം തടയുകയും വൃക്ഷവൽക്ക




അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡ് സാന്ദ്രതയുടെ വർധനവ്

ചിത്രം-2

രണത്തിൽ ഏർപ്പെടുകയും ചെയ്താൽ മതിയാകുമെന്നാണ് അവരുടെ ഉപദേശം. സസ്യാവരണങ്ങളുടെ ശോഷണംമൂലമുള്ള കാർബൺഡയോക്സൈഡിൻെറ അളവ് വർധന ആഫ്രിക്ക, ലാററിൻ അമേരിക്ക, ദക്ഷിണ പൂർവേഷ്യ എന്നീ ഭൂവിഭാഗങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത് എന്ന് കാണിക്കുന്ന ചില പഠനങ്ങളുടെ പിൻബലവും ഇവർക്കുണ്ട്. ലോകജനസംഖ്യയിൽ 73 ശതമാനവും അവികസിതരാജ്യങ്ങളിലായതിനാൽ കാർബൺഡയോക്സൈഡ് വിസർജനം കൂടുതലും അവിടെയാണ് നടക്കുന്നതെന്നാണ് അവരുടെ വാദം. കാർബൺഡയോക്സൈഡിൻെറ പ്രതിശീർഷവിസർജനത്തിൻെറ കണക്കിൽ വരുന്ന ഭീമമായ അന്തരം മറച്ചുവച്ച് മൊത്തം കണക്കുപറഞ്ഞ് ദരിദ്രരാഷ്ട്രങ്ങളെ പ്രതിക്കൂട്ടിൽ കയററി സ്വയം രക്ഷപ്പെടാനാണ് ഇവർ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ആഗോളതാപനത്തിന് ഇടയാക്കുന്ന വാതകങ്ങളുടെ വിസർജനത്തിന് പരിധി നിഷ്കർഷിക്കുന്ന യാതൊരു വാചകങ്ങളും അജണ്ട 21-ൽ ഉണ്ടാവരുതെന്നാണ് അമേരിക്കൻസംഘം പ്രിപ്പ്കോം റൗണ്ടിൽ ആവശ്യപ്പെട്ടത്. അമേരിക്കൻ ഐക്യനാടുകളിൽ തെരഞ്ഞെടുപ്പ് നടക്കുന്ന വർഷമാകയാൽ, ഇന്നത്തെ വ്യവസായനയത്തിലോ ഉപഭോഗക്രമത്തിലോ വരുത്തുന്ന നിയന്ത്രണം തൻെറ തെരഞ്ഞെടുപ്പ് വിജയസാധ്യതയെ ബാധിക്കുമെന്ന് ജോർജ്ബുഷ് കരുതുന്നു.




കാർബൺഡയോക്സൈഡ് ഉത്സർജനം വിവിധ രാജ്യങ്ങളിൽ

ചിത്രം-3

അമേരിക്കയുടെ ഈ നിലപാടിനെ പ്രിപ്പ്കോം റൗണ്ടിൽ മൂന്നാം ലോകരാജ്യങ്ങൾ (G-77) ഒററക്കെട്ടായി എതിർക്കുകയാണുണ്ടായത്. വ്യവസായവൽകൃതരാഷ്ട്രങ്ങളുടെ ധൂർത്തും ധാരാളിത്തവും കുറയ്ക്കാതെ പ്രശ്നം പരിഹരിക്കാനാവില്ല എന്ന ശരിയായ നിലപാടാണ് ഈ രാഷ്ടങ്ങളെടുത്തത്. അമേരിക്കയുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുമൂലം, 148 രാഷ്ട്രങ്ങൾ പങ്കെടുത്ത 4-ാം പ്രിപ്പ്കോംറൗണ്ടിൽ ഒരു തീരുമാനം എടുക്കാൻ കഴിഞ്ഞില്ല.


## മീഥേൻ ഉൽപാദനം ദരിദ്രരാജ്യങ്ങളുടെ പ്രത്യേകതയത്രെ!

കാർബൺഡയോക്സൈഡിനേക്കാൾ 20മടങ്ങ് ശക്തിയിൽ ആഗോളതാപനത്തിനു സഹായിക്കുന്ന വാതകമാണ് മീഥേൻ. ചതുപ്പുനിലങ്ങളിൽനിന്നും പ്രകൃതിവാതകഖനികളിൽനിന്നും ഇത് ബഹിർഗമിക്കുന്നു. ആഗോളതാപനത്തിനു കാരണമായ വാതകങ്ങളുടെ 15-18 ശതമാനം മീഥേനാണെന്നും ഇതു പ്രതിവർഷം 1 ശതമാനം കണ്ട് വർധിക്കുന്നുണ്ടെന്നും നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ അവസ്ഥയുടെ പൂർണ ഉത്തരവാദിത്വം മൂന്നാം ലോകരാഷ്ട്രങ്ങൾക്കാണെന്ന നിലപാടാണ് വികസിതരാഷ്ട്രങ്ങളുടേത്. ദരിദ്രരാഷ്ട്രങ്ങളിലെ കാർഷികമേഖലയിൽ നിരവധി നിയന്ത്രണങ്ങൾ അടിച്ചേൽപിക്കാനുള്ള ഒരു ഉപാധിയായി ഇതിനെ അവർ ഉച്ചകോടിയിൽ പ്രയോജനപ്പെടുത്താനാണ് നീക്കം.

മൂന്നാം ലോകരാഷ്ട്രങ്ങളിലെ നെൽപാടങ്ങളിൽനിന്നാണ് മീഥേൻ മുഖ്യമായും അന്തരീക്ഷത്തിൽ എത്തുന്നത് എന്ന വാദം

സമ്പന്നരാഷ്ട്രങ്ങളം ഉയർത്തുകയാണ്. സമ്പന്നരാഷ്ട്രങ്ങളിൽ നെൽകൃഷി വ്യാപകമല്ല. അവരുടെ മുഖ്യാഹാരം അരിയല്ല. ഇവരുടെ ഭാഷയിൽ നെൽകൃഷി ഒരു മലിനീകരണ പ്രവർത്തനമാണ്. ഇന്ത്യ, ചൈന, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലെ വെള്ളം കെട്ടിനിൽക്കുന്ന അതിവിശാലമായ നെൽപാടങ്ങളിൽനിന്നുള്ള മീഥേൻ വിസർജനത്തെപ്പററി വേൾഡ് റിസോഴ്സ് ഇൻസ്ററിററ്യൂട്ടിൻെറ റിപ്പോർട്ട് (WRI 91-92) അങ്ങേയററം അപഹാസ്യമാണെന്നാണ് ഈ രാജ്യങ്ങളിലെ വിദഗ്ധൻമാർ അഭിപ്രായപ്പെടുന്നത്. WRI -യുടെ കണക്കുപ്രകാരം ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന അവികസിത രാജ്യങ്ങളാണ് ഏററവും കൂടുതൽ ജൈവമാലിന്യങ്ങളം വിസർജിക്കുന്നത്. ഫോസിൽ ഇന്ധനത്തിൻെറ മൊത്തം വിനിയോഗവും വനനശീകരണവും, ഏററവുമൊടുവിലായി കന്നുകാലികളുടെ ചാണകവും, ചതുപ്പുനിലങ്ങളും, നെൽപാടങ്ങളുമാണ് മലിനീകരണത്തിനു നിദാനമെന്നാണവരുടെ കണ്ടുപിടുത്തം. ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാപഠനത്തിനുള്ള ഉപസമിതിയായ IPCC (Inter-Governmental Panel on Climate Change) യുടെ നിഗമനത്തിൽ, മനുഷ്യനിർമിത മീഥേൻ വിസർജനം 15-20 ശതമാനം കണ്ട് കുറയ്ക്കുകയും, മററ് ഹരിതഗൃഹവാതകങ്ങളുടെ വിസർജനത്തിൽ വേണ്ടത്ര നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്താൽ അന്തരീക്ഷത്തിൽ അവയുടെ തോത് വർധിക്കാതെ നിൽക്കാനാവുമെന്നാണ്. എന്നാൽ മീഥേൻവിസർജനത്തിൽ ഈ കുറവ് വരുത്താനുള്ള ബാധ്യത ദരിദ്രരാഷ്ട്രങ്ങളുടേതല്ല എന്നതാണ് വസ്തുത.

ഒരു മൂന്നാം ലോകരാജ്യമായ അംജീരിയായിലെ മീഥേൻ മലിനീകരണത്തിനു കാരണം അവിടെനിന്നു യൂറോപ്പിലേക്കു കൊണ്ടുപോകുന്ന മീഥേൻപൈപ്പിലെ ചോർച്ചയാണ്. ഇപ്രകാരം പാശ്ചാത്യരാജ്യങ്ങളം പ്രകൃതിവാതകങ്ങളുടെ പ്രസരണശൃംഖല കുററമററതാക്കിയാൽത്തന്നെ മീഥേൻ മലിനീകരണം ആവശ്യത്തിനു നിയന്ത്രിക്കാനാകുമെന്ന് വ്യക്തം. അനിൽ അഗർവാളിൻെറ ഭാഷയിൽ പറഞ്ഞാൽ ''വിഭവങ്ങളം അമിതമായി പാഴാക്കുന്ന സ്വഭാവം അവർ ഉപേക്ഷിക്കട്ടെ. എന്നിട്ടാവട്ടെ നെൽകൃഷി ഉപേക്ഷിക്കാൻ നമ്മോടാവശ്യപ്പെടുന്നത്.'' IPCC-യുടേയും WRI-യുടേയും കണക്കുപ്രകാരം ആഗോളതാപനത്തിൽ ഇന്ത്യ, ചൈന, ബ്രസീൽ എന്നീ രാജ്യങ്ങളുടെ പങ്ക് യഥാക്രമം 4, 7, 4 ശതമാനം ആകുന്നു. എന്നാൽ CSIR-ൻെറ മുൻഡയറക്ടർ ജനറൽ ആയ ശ്രീ. എ. പി. മിത്ര ഇന്ത്യയിലെ നെൽപാടങ്ങളിൽനിന്നു വിസർജിക്കുന്ന മീഥേൻ വാതകത്തിൻെറ തോത് നിർണയിക്കാൻ നടത്തിയ പഠനങ്ങളം WRI-യുടെ കണക്കുകളം തെററാണെന്ന് കാണിക്കുന്നു. ഓരോ രാജ്യത്തിൻെറയും മീഥേൻ വിസർജനത്തിൻെറ തോത് WRI നിർണയിച്ചത് ഇററലിയിലെ നെൽപാടങ്ങളിൽ മാത്രം നടത്തിയ ഒരു പഠനത്തിൽനിന്നാണ്.




ചിത്രം-4 അന്തരീക്ഷവാതകങ്ങളിൽ വരുന്ന മാററം

എന്നാൽ മീഥേൻ വിസർജനത്തിന്റെ തോത് ഈർപ്പം, മണ്ണിന്റെ സ്വഭാവം, വിളചംക്രമണം, വളത്തിന്റെ ഉപയോഗം, ജലസേചന രീതികൾ എന്നീ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു, ഈ ഘടകങ്ങളെ ആധാരമാക്കിയാണ് ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ പഠനം നടത്തിയത്. അതുപ്രകാരം താഴെപറയുന്ന അനുമാനങ്ങളിൽ അവർ എത്തി.

(1) എല്ലാ നെൽപാടങ്ങളിൽനിന്നും മീഥേൻവാതകം വിസർജിക്കുന്നില്ല. ഇതിന് വെള്ളം കെട്ടിനിൽക്കേണ്ടതാവശ്യമാണ്. ഇന്ത്യയിൽ 42.8 ദശലക്ഷം ഹെക്ടർ നെൽപാടങ്ങളിൽ $\frac{1}{3}$ഭാഗം മാത്രമാണ് ഇത്തരത്തിൽപെടുന്നത്.

(2) മണ്ണിൻെറ അമ്ളതയും താപനിലയും മീഥേൻ ഉൽപാദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അമ്ളത കൂടിയ മണ്ണ് വളരെ കുറച്ചുമാത്രമേ മീഥേൻ ഉല്പാദിപ്പിക്കുന്നുള്ളൂ. എന്നാൽ ക്ഷാര സ്വഭാവമുള്ള മണ്ണിൽനിന്ന് താരതമ്യേന അധികം മീഥേൻ വിസർജിക്കപ്പെടും. നാഷണൽ ഫിസിക്കൽ ലബോറട്ടറി നടത്തിയ പഠനങ്ങളുടെയും, സോയിൽ മാപ്പിങ്, റിമോട്ട് സെൻസിങ് തുടങ്ങിയവയിൽനിന്ന് കിട്ടിയ അറിവുകളുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിലെ നെൽപാടങ്ങളിൽനിന്നും പ്രതിവർഷം 3—4 ദശലക്ഷം ടൺ മീഥേൻ മാത്രമാണ് ബഹിർഗമിക്കുന്നത്. ഇത് നെൽപാടങ്ങൾ കേന്ദ്രീകരിച്ച ആഗോള മീഥേൻ വിസർജനത്തിൻെറ ഏതാണ്ട് 2 ശതമാനം മാത്രമാണ്. (ആഗോള മീഥേൻ വിസർജനം പ്രതിവർഷം 110 ദശലക്ഷം ടൺ ആണ്.) എന്നാൽ IPCC-യുടെ കണക്കുപ്രകാരം ഇന്ത്യൻ നെൽപാടങ്ങളിൽനിന്നുള്ള മീഥേൻ ബഹിർഗമനം 37 ദശലക്ഷം ടൺ ആണ്.

## കാലിവളർത്തലിനും വിലക്ക്!

മൂന്നാം ലോകരാജ്യങ്ങളിലെ വമ്പിച്ച കന്നുകാലി സമ്പത്ത് മീഥേൻ വിസർജനത്തിൻെറ മറെറാരു മുഖ്യസ്രോതസ്സായി WRI കാണുന്നു. ഇന്ത്യയിലെ സ്ഥിതിതന്നെ പരിശോധിക്കാം. 1980-ലെ കണക്കുപ്രകാരം ഇന്ത്യയിൽ 500 ദശലക്ഷം മൃഗങ്ങളുണ്ട്. ഇതിൽ അഞ്ചിലൊന്നു മാത്രമാണ് കന്നുകാലികൾ. ബാക്കി കോലാടുകളും ചെമ്മരിയാടുകളുമാണത്രെ. മീഥേൻ ബഹിർഗമനത്തിൻെറ തോത് കാലികൾ തിന്നുന്ന തീററയുടെ അളവിനും ഗുണത്തിനും ഭാരത്തിനും അനുസരിച്ച് വ്യത്യസ്തമായിരിക്കും. ഇന്ത്യയിലെ ഒരു മാടിൻെറ ശരാശരിഭാരം യൂറോപ്പിലെയോ, അമേരിക്കയിലെയോ മാടിനെ അപേക്ഷിച്ച് വളരെ കുറവാണ്. ഇവകൂടി കണക്കിലെടുത്ത് നടത്തിയ പഠനങ്ങൾ കാണിക്കുന്നത് മീഥേൻ ബഹിർഗമനത്തിൽ ഇന്ത്യൻമാടുകളുടെ സംഭാവന 7 ദശലക്ഷം ടൺ വരുമെന്നാണ്. എന്നാൽ ലോകശരാശരി 80 ദശലക്ഷം ടൺ ആണ് എന്നോർക്കണം. ഇപ്രകാരം എണ്ണത്തിൽ കുറവാണെങ്കിലും വികസിതരാഷ്ട്രങ്ങളിലെ തടിച്ചുകൊഴുത്ത കാലികൾ കൂടുതൽ മീഥേൻ ഉല്പാദനത്തിനു കാരണമാകുന്നു എന്ന് മനസ്സിലാക്കാനാകും. ലോകത്തുള്ള മൊത്തം കന്നുകാലികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ വികസിത-വികസ്വര രാജ്യങ്ങൾ ഏറെക്കുറെ മീഥേൻ വാതകത്തിൻെറ കാര്യത്തിൽ തുല്യപങ്കാണ് വഹിക്കുന്നത്. എന്നാൽ WRI മൂന്നാം ലോകരാജ്യങ്ങൾക്ക് 60 ശതമാനം പങ്കാണ് കല്പിക്കുന്നത്.

മൃഗങ്ങൾവഴി ഉണ്ടാകുന്ന മീഥേൻ ഉൽപാദനം കുറയ്ക്കുന്നതിന് നിർദേശിക്കപ്പെടുന്ന രണ്ടു കാര്യങ്ങൾ കാലികളുടെ എണ്ണവും മാംസാഹാരവും കുറയ്ക്കുക എന്നതാണ്. ഉച്ചകോടിയിൽവച്ച് ഇത്തരം ഒരു

നിബന്ധന അംഗീകരിക്കാൻ വികസ്വരരാഷ്ട്രങ്ങൾ സ്വാഭാവികമായും തയ്യാറല്ല. പ്രതിശീർഷ മാംസഉപഭോഗം വികസിത രാജ്യങ്ങളുടേത് 73 കിലോഗ്രാമും, വികസ്വരരാഷ്ട്രങ്ങളുടേത് വെറും 14 കിലോഗ്രാമുമാണ്. കാർഷികാഭിമുഖ്യമുള്ള ജീവിത സാഹചര്യങ്ങൾ നിലവിലുള്ള വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം പാലിനും, മാംസത്തിനും വേണ്ടി മാത്രമല്ല, കാലിവളർത്തൽ കർഷകരെ സംബന്ധിച്ച് അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ചാണകം, ഇന്ധനമായും വളമായും തറ മെഴുകാനും ഉപയോഗിക്കുന്നു. കാർഷികവൃത്തിക്കും ചരക്കുകൾ കടത്തുന്നതിനും മൃഗങ്ങളുടെ പേശീബലം വൻതോതിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. മതപരമായ ചടങ്ങുകളിൽപോലും ഗോക്കൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇപ്രകാരം വ്യത്യസ്ത കാരണങ്ങൾകൊണ്ട് വികസ്വരരാഷ്ട്രങ്ങളിലെ കാലിസമ്പത്ത് ഇനിയും വർധിക്കേണ്ടത് അവരുടെ വികസനസ്ഥിരതയ്ക്ക് അത്യാവശ്യമാണ് എന്ന് മനസ്സിലാക്കാനാകും.

മീഥേൻ ഉല്പാദനത്തിന്റെ കണക്കുകൾ WRI തയ്യാറാക്കിയിട്ടുള്ളത് വികസ്വരരാഷ്ട്രങ്ങളെ സംബന്ധിച്ച് അർധസത്യങ്ങൾ മാത്രമാണ്. എങ്കിലും ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ അവിടങ്ങളിലെ കൃഷിരീതികളിൽ മാററം വരുത്തണമെന്നും, കാലിസമ്പത്ത് കാര്യമായി കുറയ്ക്കണമെന്നുമാണ് സമ്പന്നരാഷ്ട്രങ്ങൾ വാദിക്കുന്നത്. മാത്രവുമല്ല കാർഷികമേഖല ഈ ദിശയിൽ പരിഷ്കരിക്കാൻ ആവശ്യമായ ഉന്നതസാങ്കേതിക വിദ്യ അവരിൽനിന്ന് നാം സ്വീകരിക്കുകയും വേണം. പേററൻറ് ചെയ്യപ്പെട്ട ഈ സാങ്കേതികവിദ്യയ്ക്ക് ഭീമമായ റോയൽട്ടി നൽകണമെന്നുമാത്രം. മൂന്നാംലോകരാഷ്ട്രങ്ങളിലെ കർഷകന്റെ നടുവൊടിച്ച് അവരുടെ സ്വാശ്രയതാശേഷി നശിപ്പിച്ച്, കമ്പോളങ്ങളാക്കി സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള കച്ചവടക്കണ്ണുമായാണ് സമ്പന്നരാഷ്ട്രങ്ങൾ എർത്ത് ചാർട്ടറിനെ സമീപിക്കുന്നത് എന്നത് എതിർക്കപ്പെടുക തന്നെ വേണം.

## അടിസ്ഥാനാവശ്യങ്ങളും ആഡംബരവും

### ഓസോൺ പാളികഷയം ഉണ്ടാകുന്നതെങ്ങനെ?

ഭൗമോപരിതലത്തിൽ 16കി. മീററിനും 48 കി. മീററിനും ഇടയിൽ കാണുന്ന 'ഓസോൺ മണ്ഡലം', സൂര്യനിൽനിന്നു വരുന്ന അൾട്രാവൈലററ് (UV) രശ്മികളുടെ തീക്ഷ്ണത നിയന്ത്രിക്കുന്ന ഒരു പുതപ്പാണ്. ഓസോൺ ക്ഷയം അപകട ഘട്ടത്തിലേക്കു നീങ്ങുന്നു എന്ന് പല പഠനങ്ങളും സൂചന നൽകുന്നുണ്ട്. ഓസോൺ നിർമാണത്തിലേർപ്പെടേണ്ട ഓക്സിജനെ മനുഷ്യനിർമിതവാതകങ്ങൾ കവർന്നെടുക്കുന്നതാണ് ഓസോൺ ക്ഷയത്തിനു കാരണം. ഇപ്രകാരം ഓസോൺ ഇല്ലാതാകുന്ന സ്ഥലത്തിനെ ഓസോൺ ദ്വാരം

എന്ന് വിശേഷിപ്പിക്കുന്നു. പ്രസ്തുത സ്ഥാനങ്ങളിലൂടെ കുത്തനെ ഭൂമിയിൽ വീഴുന്ന അംട്രാ വൈലററ് രശ്മികം മനുഷ്യരിൽ ത്വക്ക് ക്യാൻസർ, തിമിരം എന്നീ രോഗങ്ങളും, രോഗ പ്രതിരോധശക്തി ക്ഷയവും വരുത്തുന്നു. സസ്യങ്ങളുടെ പ്രകാശസംശ്ലേഷണ ശക്തി കുറയുന്നത് ഉൽപാദനക്ഷമതയെ പ്രതികൂലമായി ബാധിക്കും. കടലിലെ അണുസസ്യങ്ങംക്കും അണുജീവികംക്കും രോഗം വരുത്തുക വഴി മത്സ്യസമ്പത്ത് ക്ഷയിക്കാനിടയുണ്ട്. പുകമഞ്ഞ് കൂടുതൽ ഉല്പാദിപ്പിക്കപ്പെടാനും പരക്കാനും കൂടുതൽ സമയം നിലനിൽക്കാനും വഴിയൊരുക്കും. അമ്ലമഴയുടെ സാന്ദ്രത ഏറാനും, കൂടുതൽ സ്ഥലത്ത് വ്യാപിക്കാനും അംട്രാ വൈലററ് രശ്മികം കാരണമായേക്കും. ഇക്കാരണങ്ങംകൊണ്ട് ഓസോൺ ക്ഷയത്തിനു പരിഹാരം കണ്ടേ പററൂ.

ഓസോൺക്ഷയത്തിനു കാരണം ക്ലോറിനേററഡ് ഫ്ളൂറോ കാർബണുകം (CFC) എന്ന മനുഷ്യനിർമിത രാസികങ്ങളാണ്. ഈ ഇനത്തിൽപെട്ട CFC 11, CFC 12, CFC 13 തുടങ്ങിയ രാസവസ്തുക്കം റഫ്രിജറേററുകളിലും, എയർകണ്ടീഷണറുകളിലും സുഗന്ധദ്രാവകങ്ങം പീച്ചുന്ന എയിറോസോം ടിന്നുകളിലും മററും ധാരാളമായി ഉപയോഗിക്കപ്പെടുന്നു. ഉപയോഗം കഴിഞ്ഞ് പുറംതള്ളിയാൽ 76 മുതൽ 139 വർഷം വരെ വിവിധ CFC-കം വായുമണ്ഡലത്തിൽ മാററം കൂടാതെ നിലനിൽക്കും. ഇവ യഥാകാലം ഓസോൺ മണ്ഡലത്തിലെത്തി സൂര്യവികിരണങ്ങളേററ് വിഘടിക്കുമ്പോം 'ക്ലോറിൻ' എന്ന വാതകം വേർപെടുന്നു. ഓസോൺ നിർമാണത്തിലേർപ്പെടുന്ന ഓക്സിജനെ അതിൽനിന്ന് പിൻതിരിപ്പിച്ച് ക്ലോറിൻ സംയുക്തങ്ങളാക്കുന്നു.

CFC-യേക്കാം ശക്തിയേറിയ ഹാലോണുകളും ഓസോൺ ക്ഷയത്തിൽ പങ്കുവഹിക്കുന്നുണ്ട്. രണ്ടാംലോക മഹായുദ്ധത്തിൻെറ അവസാന വർഷങ്ങളിൽ ടാങ്കുകളിലെയും കവചിതവാഹനങ്ങളിലെയും തീ കെടുത്തുന്നതിനുവേണ്ടി അമേരിക്കൻ മിലിട്ടറി എഞ്ചിനീയർമാർ നിർമിച്ചതാണ് 'ഹാലോൺ' (Halon) എന്ന് പൊതുവിൽ വിളിക്കപ്പെടുന്ന ബ്രോമിനേററഡ് ഹൈഡ്രോ കാർബണുകം. അഗ്നിശമനത്തിനും മററുമായി ഈ വാതകം വൻതോതിൽ നിർമിച്ച് ഉപയോഗിച്ചുവരുന്നു. ഇപ്രകാരം അന്തരീക്ഷത്തിലെത്തുന്ന ഹാലോണുകം 12 മുതൽ 101 വർഷം വരെ നിലനിൽക്കുകയും CFC-കളെപോലെ വിഘടിച്ച് 'ബ്രോമിൻ' വേർതിരിയുകയും ചെയ്യുന്നു. ബ്രോമിൻ ഓക്സൈഡുകളുണ്ടാകുന്നതാണ് 'ഓസോൺ' ക്ഷയത്തിന് കാരണമാകുന്നത്.

എഴുപതുകളിൽ CFC-കം കണ്ടുപിടിക്കപ്പെട്ടതിനെ തുടർന്ന്, ഇവയുടെ നിർമാണവും പ്രയോഗവും ഭീമമായ അളവിൽ വർധിക്കു

കയുണ്ടായി. പ്രതിവർഷം ഏതാണ്ട് 7 ലക്ഷം ടൺ CFC-കൾ അന്തരീക്ഷത്തിലേക്ക് തള്ളപ്പെടുന്നുണ്ടെന്നാണ് കണക്ക്. ഇന്ത്യയിൽ പ്രതിവർഷം ഏതാണ്ട് 5000 ടൺ ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നുണ്ട്. ഇത് ലോകഉപഭോഗത്തിന്റെ $\frac{1}{200}$ അംശം മാത്രമാണ്. 1987വരെ ഉദ്ദേശം 15 ദശലക്ഷം ടൺ CFC അന്തരീക്ഷത്തിൽ കലർന്നുകഴിഞ്ഞിരിക്കുന്നു. ഇതിന്റെ നിയന്ത്രണം ഇപ്പോൾ പ്രാബല്യത്തിലാക്കിയാൽപോലും, നിലവിലുള്ളവയുടെ ശക്തി ക്ഷയിക്കാൻ ചുരുങ്ങിയത് 2060-ാമാണ്ടുവരെ എങ്കിലും കാത്തിരിക്കേണ്ടിവരും.

ഓസോൺ പാളിയുടെ ക്ഷയത്തിന് കാരണമായ രാസികങ്ങളുടെ നിർമാണവും ഉപയോഗവും ക്രമത്തിൽ കുറച്ചുകൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ 1980-കളിൽ ആരംഭിച്ചു. UNEP - യുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ മോൺട്രിയൽ ഉടമ്പടി മുപ്പത്തഞ്ചു രാഷ്ട്രങ്ങൾ 1987-ൽ ഒപ്പുവച്ചത് ഈ ദിശയിൽ നിർണായകവും പുരോഗമനപരവുമായ കാൽവെപ്പായിരുന്നു. ഓസോൺ പാളിയെ നശിപ്പിച്ചിരുന്ന രാസികങ്ങളുടെ നിർമാണം 1980-ലേതിൽനിന്ന് വർധിപ്പിക്കാതിരിക്കാനും 1998 ആകുമ്പോഴേക്കും ഇവയുടെ ഉപയോഗം പകുതികണ്ട് കുറയ്ക്കാനും വ്യവസ്ഥ ചെയ്യുന്നതാണ് ഈ ഉടമ്പടി. എന്നാൽ ഇതിലെ വ്യവസ്ഥകൾ ധനികരാഷ്ട്രങ്ങളോട് പക്ഷഭേദം കാട്ടുന്ന രീതിയിലാണ്. പ്രതിശീർഷ CFC ഉപഭോഗം വളരെ ഉയർന്ന സമ്പന്നരാഷ്ട്രങ്ങളുടെ ആർഭാടത്തിനും, ദാരിദ്ര്യനിർമാണപ്രവർത്തനങ്ങൾക്ക് മാത്രം പരിമിതമായി ഉപയോഗിക്കുന്ന വികസ്വരരാഷ്ട്രങ്ങൾക്കും ഒരേ മാനദണ്ഡം സ്വീകരിക്കുന്നത് മനുഷ്യത്വരഹിതമാണ്. CFC വാതകങ്ങളുടെ ആഗോള ഉപഭോഗത്തിന്റെ കേവലം 2 ശതമാനം മാത്രമാണ് ചീനയുടെയും ഇന്ത്യയുടെയും സംയുക്തപങ്ക്. ഇവിടങ്ങളിലെ ശീതീകരണ വ്യവസായത്തിന്റെ വളർച്ചക്ക് ഈ രാസികങ്ങളുടെ ഉല്പാദനവും വിനിയോഗവും ഇനിയും വർധിക്കേണ്ടതാവശ്യമാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഓസോൺ മണ്ഡലത്തിൽ ഇപ്പോൾതന്നെ ഓസോൺ വാതകത്തിന്റെ തോത് കുറവാണ് എന്ന വസ്തുതയും ഇതോടൊപ്പം വിലയിരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ വാർഷിക പ്രതിശീർഷ CFC ഉപഭോഗം 300 ഗ്രാമിൽ താഴെവരുന്ന ഇന്ത്യ ഉൾപ്പെടെയുള്ള ദരിദ്രരാഷ്ട്രങ്ങളല്ല ഇതിനു മുഖ്യപങ്ക് വഹിച്ചിട്ടുള്ളത് എന്നോർക്കണം. ഈ സാഹചര്യത്തിൽ വികസ്വരരാഷ്ട്രങ്ങളിൽ CFC ഉൽപാദനവും വിനിയോഗവും അവസാനിപ്പിക്കണം എന്ന് എർത്ത്ചാർട്ടറിൽ നിർദേശിക്കാനാവില്ല എന്ന നിലപാടാണ് മൂന്നാം ലോകരാഷ്ട്രങ്ങൾ ഒററക്കെട്ടായി എടുത്തിട്ടുള്ളത്. സമ്പന്ന രാഷ്ട്രങ്ങൾക്ക് മാത്രമാണ് ഇത് ബാധകമാക്കേണ്ടത്.

ഓസോൺപാളിയുടെ ക്ഷയത്തെ പററിയുള്ള 1989 മാർച്ച് 11-ാം തിയതി പ്രസിദ്ധീകരിച്ച ഹേഗ് പ്രമേയത്തിൽ ഇപ്രകാരം പറയുന്നു. ''ഇന്ന് ഭൂമിയുടെ വായുമണ്ഡലത്തിനെതിരെ നടക്കുന്ന ക്രൂരമായ ആക്രമണങ്ങൾ ഭൂമിയിൽ ജീവൻ നിലനില്ക്കാൻ ആവശ്യമായ ചുററുപാടുകൾക്ക് ഭീഷണിയായിരിക്കുന്നു''. ആഗോളതാപനവും ഓസോൺ ക്ഷയവും ആഗോളപ്രതിഭാസങ്ങളാകയാൽ ഇവയുടെ പരിഹാരവും ആഗോളതലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ടെന്നും മൂന്നാംലോകരാഷ്ട്രങ്ങളുൾപെടെ എല്ലാവർക്കും ഒരുപോലെ ബോധ്യമുള്ളതാണ്. ഹേഗ് പ്രഖ്യാപനത്തിന്റെ സത്ത ആരും ചോദ്യം ചെയ്യുമെന്നു തോന്നുന്നില്ല. എന്നാൽ മലിനീകരിക്കുന്നവർ ശിക്ഷിക്കപ്പെടാതെയും അല്ലാത്തവർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ വന്നുകൂടാ. അൺസെഡിന്റെ പ്രിപ്പകോം റൗണ്ടുകളിൽ G–77 രാജ്യങ്ങൾ പ്രകടിപ്പിച്ച് വികാരവും നിർദേശങ്ങളും അമേരിക്ക നേതൃത്വം കൊടുക്കുന്ന സമ്പന്ന രാഷ്ട്രങ്ങൾ ഇപ്പോഴും പരിഗണിച്ചിട്ടില്ല.

CFC-കൾക്ക് പകരം നിൽക്കാൻ പററുന്ന ചില രാസികങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഹൈഡ്രോക്ലോറോഫ്ളൂറോ കാർബണുകൾ (HCFC) ഇതിനൊരുദാഹരണമാണ്. ഓസോൺ നശിപ്പിക്കാനുള്ള ഇവയുടെ കഴിവ് CFC-കളെ അപേക്ഷിച്ച് $\frac{1}{50}$ ഭാഗം മാത്രമാണ്. എന്നാൽ ഇത് ഉപയോഗക്ഷമമാകണമെങ്കിൽ ഇന്നത്തെ ശീതീകാരികളും മററും പുനഃസംവിധാനം ചെയ്യണം. കൂടുതൽ പണച്ചെലവ് ഉണ്ടാകാം. ഇന്ത്യയിൽ CSIR ലാബറട്ടറികളിൽ CFC-11ന് പകരം വെക്കാവുന്ന HCFC-123 എന്ന രാസികം നിർമിക്കാനുള്ള പ്രവർത്തനം മുന്നോട്ടുപോയിട്ടുണ്ട്. ക്ലോറിൻ, ബ്രോമിൻ എന്നീ മൂലകങ്ങളെ ഒഴിവാക്കിക്കൊണ്ട് നിർമിക്കാവുന്ന ഹൈഡ്രോ ഫ്ളൂറോ കാർബൺ—134 (HFC—134) എന്ന രാസികം നിർമിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഗവേഷണങ്ങളും പുരോഗമിച്ചുവരുന്നുണ്ട്. എന്നാൽ ഈ ഗവേഷണങ്ങൾ ഒക്കെ അവസാനിപ്പിക്കണം എന്ന നിലപാടാണ് അമേരിക്ക എടുത്തിട്ടുള്ളത്. IMF-ൽനിന്നും മററുമെടുക്കുന്ന ലോൺ ഈ പ്രവർത്തനങ്ങൾക്ക് നീക്കിവെക്കരുതെന്നും അവർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു.

CFC- ഉൽപാദനം നിറുത്തിവെക്കുന്ന സാഹചര്യത്തിൽ അതിനുപകരം ഉപയോഗിക്കേണ്ട വസ്തുക്കളുടെ കുത്തക കൈവശപ്പെടുത്താനുള്ള തന്ത്രങ്ങൾ സമ്പന്നരാഷ്ട്രങ്ങൾ ആവിഷ്കരിച്ചുകഴിഞ്ഞു. CFC-ക്കുപകരം ഉപയോഗിക്കാവുന്ന രാസികങ്ങൾ പലതും അമേരിക്ക, ബ്രിട്ടൺ എന്നീ രാജ്യങ്ങൾ ഇതിനകം കണ്ടുപിടിച്ചിട്ടുണ്ട്. സമാനമായ ഗവേഷണങ്ങളെ നിരുത്സാഹപ്പെടുത്തേണ്ടത് അവരുടെ വാണിജ്യതാല്പര്യ സംരക്ഷണത്തി

നാവശ്യമാണല്ലോ. പല സാങ്കേതികവിദ്യകളും പേററൻറ് എടുത്തു കഴിഞ്ഞു. പുതിയ പേററൻറ്വ്യവസ്ഥകളിലൂടെ ഈ രാസികങ്ങളുടെ ഉല്പാദനകുത്തകപോലും സ്വന്തമാക്കാൻ ഇവർക്ക് കഴിയും. ഇന്ത്യയിലേക്കും മററും ഈ സാങ്കേതികവിദ്യ കൈമാററം ചെയ്യുന്നതിന് ഭീമമായ തുകയാണ് റോയൽട്ടി ഇനത്തിൽ ആവശ്യപ്പെടുന്നത്. അവർ ഗവേഷണത്തിനു ചെലവഴിച്ചതിൽ എത്രയോ അധികം പണമാണ് നമ്മിൽനിന്ന് കവർന്നെടുക്കാൻ ശ്രമിക്കുന്നത്. ഗവേഷണത്തിന് പണമിറക്കാനില്ലാത്ത ദരിദ്രരാഷ്ട്രങ്ങളുടെ ഗതികേടിൽ നിന്ന് മുതലെടുക്കുകയാണ് സമ്പന്നരാഷ്ട്രങ്ങളുടെ ലക്ഷ്യം.

ഇന്ത്യ മോൺട്രിയൽ ഉടമ്പടിയിൽ ഒപ്പുവെച്ചിട്ടില്ല, എന്നാൽ ചില വ്യവസ്ഥകൾ സ്വീകരിച്ചുകൊണ്ട് 'ചൈന ഒപ്പുവച്ചു'കഴിഞ്ഞു. 1990-ൽ സാങ്കേതികവിദ്യയുടെ കൈമാററത്തിൽ 240 ദശലക്ഷം ഡോളറിൻെറ സഹായം ഏർപ്പെടുത്താമെന്ന് വികസിതരാജ്യങ്ങൾ സമ്മതിച്ചതിൻെറ അടിസ്ഥാനത്തിലാണിത്. എന്നാൽ ഈ തുക CFC-ക്കുപകരം ഉപയോഗിക്കാവുന്ന രാസികങ്ങളുടെ ഗവേഷണത്തിനും ഉല്പാദനത്തിനും വിനിയോഗിക്കരുത് എന്ന് കർശനമായി ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മോൺട്രിയൽ ഉടമ്പടിയിൽ ഒപ്പുവെക്കാത്ത വികസ്വരരാഷ്ട്രങ്ങൾ തങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കാൻ തീരുമാനിച്ചതോടെ അൺസെഡിൽ പ്രയോഗിക്കാവുന്ന പുതിയ സമ്മർദതന്ത്രങ്ങളാവിഷ്കരിക്കുന്ന തിരക്കിലാണ് സമ്പന്നരാഷ്ട്രങ്ങളിപ്പോൾ.

## ജൈവവൈവിധ്യം (Bio diversity)

ജൈവ വൈവിധ്യം മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളത് മൂന്നാം ലോകരാജ്യങ്ങളിലാണ്. ഈ വൈവിധ്യം സംരക്ഷിക്കേണ്ടത് ആവശ്യമാണെന്ന് പറയേണ്ടതില്ലല്ലോ. അജണ്ടാ–21-ൽ ഇതിന് പ്രത്യേക ഊന്നൽ നല്കിയിട്ടുണ്ട്. കാർഷികമേഖലയിൽ നാം ഇന്നാശ്രയിക്കുന്ന സസ്യജനുസ്സുകളുടെ പ്രാകൃതചാർച്ചക്കാർ മൂന്നാം ലോകരാജ്യങ്ങളിലെ വനങ്ങളിലാണ് കൂടുതലായും കാണപ്പെടുന്നത്. ഇവ വിലമതിക്കാനാവാത്ത സമ്പത്താണ്. ഉൽപാദനക്ഷമതയിൽ കാര്യമായ കുറവുണ്ടാകുമ്പോഴോ, കീടബാധയിലും മററു രോഗങ്ങളാലും നാശോന്മുഖമാകുമ്പോഴോ, നിലവിലുള്ള ജനുസ്സുകൾക്കുപകരം പുതിയവ കണ്ടെത്തുന്നതിന് ഈ ജനുസ്സുകളുടെ പ്രാകൃതചാർച്ചക്കാരെ ആവശ്യമായിവരും. ഭക്ഷ്യാവശ്യത്തിനായി നാം മെരുക്കിയെടുക്കുന്ന ഒട്ടേറെ പാരമ്പര്യ സസ്യവിളകളും മൃഗസമ്പത്തും അപ്രത്യക്ഷമായിട്ടുണ്ട്. സങ്കരഇനങ്ങളെ പൂർണമായി ആശ്രയിക്കുകയും പാരമ്പര്യജനുസ്സുകളെ അവഗണിക്കുകയും ചെയ്യുന്നത് അപകടമാണ്. നൈസർഗിക വനമേഖലയിൽ മാത്രം കാണുന്ന ഇത്തരം ജനിതകസമ്പത്ത് ശാസ്ത്രീയമായി സംരക്ഷി

ക്കേണ്ടത് കാർഷികഉൽപാദനത്തിന്റെ ദീർഘകാല നിലനിൽപ്പിന് ആവശ്യമാണ്. ജനിതക വൈവിധ്യസംരക്ഷണത്തിന്നായി UNEP, IUCN എന്നീ സംഘടനകൾ ചേർന്ന് ചില ആഗോളസംവിധാനങ്ങൾ ഇപ്പോൾതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

ജനിതക വൈവിധ്യം ഒരു പൊതു പൈതൃകമായി പരിഗണിക്കണമെന്നും അത് സംരക്ഷിക്കാൻ അന്താരാഷ്ട്രസമൂഹത്തിനാകെ ബാധ്യത ഉണ്ടെന്നും ആണ് എർത്ത്ചാർട്ടറിൽ പ്രസ്താവിക്കുന്നത്. ഒററനോട്ടത്തിൽ കേമമെന്ന് തോന്നിയേക്കാവുന്ന മേൽപറഞ്ഞ നിർദേശത്തിൽ ഒളിഞ്ഞുകിടക്കുന്ന അപകടങ്ങളെപ്പററി മൂന്നാംലോക രാജ്യങ്ങൾ കുറെയൊക്കെ മനസ്സിലാക്കിക്കഴിഞ്ഞു. ഉഷ്ണമേഖലാ പ്രദേശങ്ങളിലും ഉപഉഷ്ണമേഖലാപ്രദേശങ്ങളിലും കേന്ദ്രീകരിക്കുന്ന ജൈവവൈവിധ്യം പൊതുപൈതൃകമായി പരിഗണിക്കുമെന്ന് ഇതിനുമുമ്പും ചില ഉടമ്പടികളിൽ ഉണ്ടായിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ—കാർഷിക സംഘടനയുടെ നേതൃത്വത്തിൽ 1984-ൽ ഇത്തരം ഒരു തീരുമാനം ഉണ്ടായി. ഇതനുസരിച്ച് ഈ പ്രദേശങ്ങൾ ഗവേഷണപഠനങ്ങൾക്ക് എല്ലാവർക്കും സൗജന്യമായി ഉപയോഗിക്കാം. തങ്ങളുടെ താല്പര്യങ്ങൾക്ക് നിരക്കുന്നതാകയാൽ സമ്പന്നരാഷ്ട്രങ്ങൾ ഈ തീരുമാനത്തെ താല്പര്യപൂർവം അംഗീകരിച്ചു സൗജന്യമായി തുറന്നുകിട്ടിയ ഈ വാതായനങ്ങളിലൂടെ തങ്ങൾക്കന്യമായിരുന്ന ജനിതകസമ്പത്ത് കടത്തിക്കൊണ്ടുപോയി ലാഭകരമായ കാർഷിക അടിത്തറ സ്വന്തം രാജ്യത്ത് കെട്ടിപ്പടുക്കാൻ ഇവർക്ക് കഴിഞ്ഞു. മാത്രമല്ല കാർഷിക സാങ്കേതികവിദ്യ, ഭീമമായ മൂലധനവിനിയോഗത്തിന്റെ പിൻബലത്തോടെ ഉന്നതതലങ്ങളിലെത്തിക്കാനും സമ്പന്നരാഷ്ട്രങ്ങൾക്കു കഴിഞ്ഞു. കൃഷിയും വിത്തുല്പാദനവും ബയോടെക്നോളജിയും പുതിയ പേററന്റ്വ്യവസ്ഥയിൻകീഴിൽ കുത്തകവൽക്കരിക്കുകയാണ് ഇവരുടെ അടുത്ത ഉന്നം. പൊതുപൈതൃക സിദ്ധാന്തത്തിന്റെ മറവിൽ വനവിഭവങ്ങളുടെ പ്രയോജനം മൂന്നാംലോകരാഷ്ട്രങ്ങൾക്ക് ലഭിക്കാതെ വരുന്ന സാഹചര്യം തങ്ങളുടെ വാണിജ്യതാല്പര്യങ്ങൾക്ക് അനുകൂലമാകുമെന്നവർ മനസ്സിലാക്കി.

സമ്പന്നരാജ്യങ്ങളും ബഹുരാഷ്ട്രകുത്തകകളും പേററന്റ് ചെയ്യാൻ ആഗ്രഹിക്കുന്ന പലതരം വിളകളുടെ രൂപത്തിൽ ഇന്ന് ലഭ്യമായിട്ടുള്ള ജനിതകവിഭവങ്ങൾ യഥാർത്ഥത്തിൽ സൃഷ്ടിച്ചത് ദരിദ്രരാജ്യങ്ങളിലെ കർഷകരാണ്. ഇവർ വിവിധ കാർഷികമുറകളിലൂടെയും പാരമ്പര്യ അറിവിലൂടെയും ദീർഘകാലത്തെ കഠിനാധ്വാനത്തിലൂടെയും വികസിപ്പിച്ചെടുത്തവയാണ് മിക്കവാറും എല്ലാ ഭക്ഷ്യവിളകളും, നാണ്യവിളകളും. ഉദാഹരണമായി രോഗപ്രതിരോധശേഷിയുള്ള ഒരുതരം ഉരുളക്കിഴങ്ങ് ആദ്യമായി വികസിപ്പിച്ചെടുത്തത് ബൊളീവിയായിലെ ഒരു സാധാരണകർഷകനാണ്.

കീടപ്രതിരോധശക്തിയുള്ള ഒരു പയർവർഗം (Cow pea) ആദ്യമായി വികസിപ്പിച്ചെടുത്തത് പടിഞ്ഞാറൻ ആഫ്രിക്കയിലെ ഒരു സാധാരണ കർഷകനാണ്. ഇന്നറിയപ്പെടുന്ന പല നെൽവിത്തുകളും ഇന്ത്യയിൽ വികസിപ്പിച്ചെടുത്തത് ഇവിടുത്തെ കർഷകരാണ്. ദക്ഷിണാർധത്തിലെ ജനിതകവിഭവങ്ങളാണ് ഉത്തരാർധത്തിലെ വാണിജ്യപ്രാധാന്യമുള്ള അനേകം ജീനുകളെ സംഭാവന ചെയ്തിട്ടുള്ളത്. കോടിക്കണക്കിനു ഡോളർ വിലമതിക്കാവുന്ന സമ്പത്താണിത്. അവികസിത രാഷ്ട്രങ്ങളിൽ നിന്നുള്ള ജേം പ്ലാസം (Germ Plasm) സൗജന്യ ഇറക്കുമതി, അമേരിക്കൻ സമ്പദ്ഘടനയ്ക്ക് 7000 കോടി ഡോളർ സംഭാവന ചെയ്തിട്ടുണ്ട് എന്ന് U S കൃഷിവകുപ്പു തന്നെ സമ്മതിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടുനൂററാണ്ടായി മൂന്നാം ലോകത്തുനിന്ന് ഒന്നാംലോകം നിരന്തരമായ ജീൻ കവർച്ച നടത്തുകയായിരുന്നു. ഇതൊക്കെയായിട്ടും നായുടെ മുറുമുറുപ്പ് മാറിയിട്ടില്ല. ഗാട്ട്ചർച്ചകളുടെ ഭാഗമായി മൂന്നാംലോകരാജ്യങ്ങളിലെ ജനിതകസമ്പത്തിൻെറ ഉടമസ്ഥാവകാശം തങ്ങൾക്ക് സ്ഥാപിച്ചുകിട്ടാനുള്ള നീക്കങ്ങളാണ് അമേരിക്കയുടെ നേതൃത്വത്തിൽ നടക്കുന്നത്. ഈ പകൽകൊള്ളക്കെതിരെയുള്ള പ്രതിരോധങ്ങളെ വാണിജ്യ ഉപരോധം കൊണ്ടാണ് നേരിടുന്നത്.

ജനിതകസമ്പത്തിൻെറ നിയന്ത്രണം പിടിച്ചടക്കാൻ നിരവധി തന്ത്രങ്ങൾ സമ്പന്ന രാഷ്ട്രങ്ങൾ പ്രയോഗിച്ചുവരുന്നു. ജൈവപ്രതിസന്ധിക്കു കാരണം മൂന്നാംലോക രാജ്യങ്ങളാണ് എന്നു വരുത്തിത്തീർക്കുകയാണ് ആദ്യലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ധാരാളം പഠനറിപ്പോർട്ടുകളും പ്രബന്ധങ്ങളും ഇവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൈവ കലവറയുടെ സംരക്ഷണാധിപത്യം ഉറപ്പിച്ചാൽ, ജൈവപ്രതിസന്ധിയുടെ പരിഹാരത്തിനു ഒററമൂലിയും ഇവരുടെ കൈവശമുണ്ട്. അതാണ് ബയോടെക്നോളജി. എന്നാൽ ഇവിടെയും പേററൻറ് വ്യവസ്ഥ കർശനമായി പാലിക്കേണ്ടിവരും. സസ്യങ്ങൾക്കും വിത്തുകൾക്കും സൂക്ഷ്മജീവികൾക്കും പേററൻറ് ഏർപ്പെടുത്താനുള്ള ലക്ഷ്യമാണിവർക്കുള്ളത്. റോയൽട്ടിയായി പണം നൽകിയാൽ മാത്രമാണ് ഇവ മൂന്നാംലോക രാഷ്ട്രങ്ങൾക്കു ലഭിക്കയുള്ളു.

സമ്പന്നരാഷ്ട്രങ്ങൾക്കും അവരുടെ കൂട്ടാളികളായ ബഹുരാഷ്ട്രകുത്തകകൾക്കും ഉഷ്ണമേഖലാ കാടുകളിൽനിന്ന് ജീനുകൾ ശേഖരിക്കാം, ഗവേഷണം നടത്താം; ആരും തടസ്സപ്പെടുത്തരുത്, അത് പൊതു പൈതൃകമാണ്. എന്നാൽ ഗവേഷണത്തിലൂടെ ഉണ്ടാകുന്ന ഉല്പന്നങ്ങൾ മൂന്നാംലോകത്തിന് ആവശ്യമുണ്ടെങ്കിൽ റോയൽട്ടി നൽകണം. ഈ വിചിത്രമായ പൊതു പൈതൃക സിദ്ധാന്തത്തെയാണ് G-77 രാഷ്ട്രങ്ങൾ എതിർക്കുന്നത്.

ജൈവവൈവിധ്യം ജൈവസാങ്കേതിക വിദ്യയിലൂടെയല്ല സംരക്ഷിക്കപ്പെടേണ്ടത്. മൂന്നാംലോക രാജ്യങ്ങളിൽ നൂററാണ്ടുകളായി ജൈവസമ്പത്ത് സംരക്ഷിക്കുന്നതിൽ വനവാസികളും കർഷകരും വലിയ പങ്കാണ് വഹിച്ചു പോരുന്നത്. ആദിവാസികളുടെയും വനവാസികളുടെയും കർഷകരുടെയും നിലനില്പിൻെറ പ്രശ്നം കൂടിയാണിത്. അവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജനകീയ പ്രസ്ഥാനത്തിൻെറ സഹകരണമില്ലാതെ ഒരു സംരക്ഷണ സംവിധാനത്തെ കുറിച്ച് ചിന്തിക്കാനാവില്ല. തന്നെയുമല്ല, മൂന്നാംലോക രാജ്യങ്ങളുടെ പരമാധികാരത്തിലുള്ള വനപ്രദേശങ്ങളും വിഭവങ്ങളും ഉപയോഗിക്കുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്ന ഉടമ്പടിയിൽ ഒപ്പുവെപ്പിക്കുവാനാണ് നീക്കം എന്നത് വളരെ വിചിത്രമാണ്. ഇന്ത്യ, ചൈന, ബ്രസീൽ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ എതിർപ്പ് അറിയിച്ചു കഴിഞ്ഞു. ബ്രസീലിൻെറ പരമാധികാരം നഷ്ടപ്പെടുത്തിയേക്കാവുന്ന നിബന്ധനകൾ ആമസോൺ വനങ്ങളെ സംബന്ധിച്ച് പുറപ്പെടുവിക്കാനിടയുള്ളതിനാൽ ഭൗമ ഉച്ചകോടി നിറുത്തിവയ്ക്കണമെന്നുവരെ അവിടെ ആവശ്യങ്ങളുയർന്നിട്ടുണ്ട്. ആമസോൺ കാടുകളുടെ നാശത്തെ കുറിച്ചുള്ള പാശ്ചാത്യ രാജ്യങ്ങളുടെ കണക്കുകൾ പലതും തെററാണെന്നും ആക്ഷേപമുയർന്നിട്ടുണ്ട്. അമേരിക്കയിലേക്ക് മാംസം കയററി അയയ്ക്കാൻ വേണ്ടിയാണ് വിശാലമായ വനപ്രദേശങ്ങൾ വെട്ടിത്തെളിച്ച് കന്നുകാലി മേച്ചിൽ സ്ഥലങ്ങളായി മാററിയത്. ഈ പദ്ധതിക്ക് ലോകബാങ്കിൻെറ ധനസഹായവും ബ്രസീലിന് ലഭിച്ചിരുന്നു. ആമസോൺ വനങ്ങളുടെ നശീകരണത്തിൻെറ ഉത്തരവാദിത്വം അമേരിക്കയുടേതു കൂടിയാണെന്നും ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

അൺസെഡിൻെറ നാലാം തയ്യാറെടുപ്പു യോഗത്തിൽ പങ്കെടുത്ത പ്രസിദ്ധ ഇക്കോളജിസ്ററായ ഡോ: വന്ദനാ ശിവ ജൈവസംരക്ഷണ ഉടമ്പടിയെ നിശിതമായി വിമർശിച്ചിരിക്കയാണ്. മാനുഷികവും പാരിസ്ഥിതികവുമായ പരിഗണനകൾ ഇല്ലാത്ത വാണിജ്യ-വ്യാവസായിക ആഭിമുഖ്യമുള്ള ഉടമ്പടിയായിട്ടാണ് ഇതിനെ അവർ വിശേഷിപ്പിച്ചത്. മാത്രവുമല്ല; ഇത് വനസംരക്ഷണത്തെ സമൂഹത്തിൽ നിന്ന് അടർത്തിയെടുത്ത് മൂലധന പ്രധാനവും ബാഹ്യനിയന്ത്രണാധിഷ്ഠിതവുമായ ഒരു പ്രവർത്തനമാക്കാനുള്ള നീക്കമാണെന്ന മുന്നറിയിപ്പും അവർ നൽകുന്നുണ്ട്.

ഇന്ത്യയും മററു മൂന്നാംലോക രാജ്യങ്ങളും ഈ പ്രശ്നങ്ങളെ കാണേണ്ടത് ഇപ്പോൾ നടക്കുന്ന നവ കോളനിവൽക്കരണ പ്രവണതകളുടെ അടിസ്ഥാനത്തിലായിരിക്കണം. ഡങ്കൽ ഡ്രാഫ്ററ് ടെക്സ്ററിലെ നിർദേശമനുസരിച്ച് സസ്യവർഗങ്ങളും, ബാക്ടീരിയങ്ങൾ, ആൽഗകൾ പോലുള്ള ജീവനുള്ള വസ്തുക്കളും പേററൻറ് ചെയ്യപ്പെടുകയാണെങ്കിൽ വലിയ അപകടത്തിലാവും നാമെത്തിപ്പെ

ടുക. ഇവിടത്തെ 75 ശതമാനം ജനങ്ങളും കർഷകരാണ്. അവരുടെ താല്പര്യങ്ങൾക്കു വിരുദ്ധമായ വ്യവസ്ഥകൾ 'എർത്ത്ചാർട്ട റിൽ' നിന്ന് ഒഴിവാക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം.

## വിഭവദാരിദ്ര്യവും ജനപ്പെരുപ്പവും

ദക്ഷിണാർധഗോളത്തിൽ സ്ഥിതിചെയ്യുന്ന വികസ്വര രാജ്യങ്ങൾക്ക് ഫലപുഷ്ടിയുള്ള ഭൂമിയുണ്ട്, വേണ്ടുവോളം പ്രകൃതി വിഭവങ്ങളുണ്ട്, ആവശ്യത്തിനു മഴയും സൂര്യപ്രകാശവും ലഭിക്കുന്നുണ്ട്. പ്രാചീന സംസ്കാരങ്ങളുടെ ഉറവിടങ്ങളാണ് ഈ പ്രദേശങ്ങൾ. എന്നിട്ടും അവരിൽ ബഹുഭൂരിപക്ഷവും ദരിദ്രരും നിരക്ഷരരുമാണ്. ഈ മാററത്തിനു കാരണമെന്താണ്? ജനപ്പെരുപ്പമോ, അതോ അവർക്ക് നിയമപ്രകാരം ലഭിക്കേണ്ട വിഭവങ്ങൾ കിട്ടാത്തതുകൊണ്ടോ? മൂന്നാംലോക രാഷ്ട്രങ്ങളുടെ മുഖ്യപ്രശ്നം ദാരിദ്ര്യമാണ്. മലിനീകരണത്തിൻെറ ഏററവും കടുത്ത രൂപമാണ് ഇത്. ലോകജനസംഖ്യയുടെ 23 ശതമാനം സമ്പന്നമായ വ്യവസായ വൽകൃത രാജ്യങ്ങളിൽ പാർക്കുന്നു. ഭൂമിയിലെ മൊത്തം അസംസ്കൃത വിഭവങ്ങളിൽ 80 ശതമാനവും ഇവരാണ് കൈയടക്കി അനുഭവിക്കുന്നത്. ശേഷിച്ച 20 ശതമാനം വിഭവങ്ങൾ പങ്കിടേണ്ടത് ലോകജനസംഖ്യയുടെ 77 ശതമാനം ദരിദ്രജനങ്ങളാണ്. ഇത് കാണിക്കുന്നത് ദാരിദ്ര്യത്തിൻെറ അടിസ്ഥാന കാരണം വിഭവങ്ങളുടെ അസന്തുലിത വിതരണമാണെന്നാണ്. ചില കണക്കുകൾ ശ്രദ്ധിക്കുക.

| ഇനം | യൂണിററ് | വികസിത രാഷ്ട്രങ്ങൾ (23% ജനസംഖ്യ) | | അവികസിത രാഷ്ട്രങ്ങൾ (77% ജനസംഖ്യ) | |
|---|---|---|---|---|---|
| | | ലോക ഉപഭോഗത്തിൻെറ % | ആളോഹരി | ലോക ഉപഭോഗത്തിൻെറ % | ആളോഹരി |
| (1) | (2) | (3) | (4) | (5) | (6) |
| 1 ഭക്ഷണം | | | | | |
| കലോറി | കി. കലോറി/ദിനം | 34 | 3395 | 66 | 2389 |
| മാംസ്യം | ഗ്രാം/ദിനം | 38 | 99 | 62 | 58 |
| കൊഴുപ്പ് | ഗ്രാം/ദിനം | 53 | 127 | 47 | 40 |
| 2 പേപ്പർ | കി. ഗ്രാം/വർഷം | 85 | 123 | 15 | 8 |
| 3 ഇരുമ്പ് | കി. ഗ്രാം/വർഷം | 79 | 455 | 21 | 43 |
| 4 ലോഹങ്ങൾ | കി. ഗ്രാം/വർഷം | 86 | 26 | 14 | 2 |
| 5 ഊർജം | യൂണിററ്/വർഷം | 80 | 58 | 20 | 0.5 |
| 6 വൈദ്യുതി | യൂണിററ്/വർഷം | 80 | 6000 | 20 | 120 |

വ്യവസായ വൽക്കൃത സമൂഹങ്ങളുടെ ധൂർത്തും ധാരാളിത്തവും കുറച്ചുകൊണ്ടു വരുവാൻ തയ്യാറാകാതെ, മലിനീകരണത്തിന്റെ കാരണം ദരിദ്രരാജ്യങ്ങളിലെ ജനപ്പെരുപ്പമാണ് എന്ന് വരുത്തിത്തീർക്കുന്നത് ശരിയല്ല. പരിസ്ഥിതി തകർച്ചക്കു കാരണം ഒരു രാജ്യത്ത് എത്ര ജനങ്ങൾ ജീവിക്കുന്നു എന്നതല്ല, എങ്ങനെ ജീവിക്കുന്നു എന്നതാണ്. ആഗോള പരിസ്ഥിതി പരിരക്ഷണത്തിൽ സമ്പന്നരാഷ്ട്രങ്ങൾക്ക് യഥാർഥ താല്പര്യമുണ്ടെങ്കിൽ, വിഭവപ്രവാഹത്തിന്റെ ഇന്നത്തെ ദിശ മാററാൻ അവർ സഹായിക്കേണ്ടതുണ്ട്. ഭൂമുഖത്തുനിന്ന് ദാരിദ്ര്യം ഉച്ചാടനം ചെയ്യുക എന്ന പ്രശ്നം ഒരാഗോള ആവശ്യമായി എല്ലാവരും അംഗീകരിക്കേണ്ടതുണ്ട്. ഇതിനുവേണ്ട സാഹചര്യം ഒരുക്കാൻ സമ്പന്നരാഷ്ട്രങ്ങൾ തയ്യാറാകണം. അവരെ അതിനു പ്രേരിപ്പിക്കാൻ ഭൗമ ഉച്ചകോടിയുടെ സംഘാടകർക്ക് കഴിയണം. ദാരിദ്ര്യം ജനപ്പെരുപ്പത്തിനും, ജനപ്പെരുപ്പം കൂടുതൽ ദാരിദ്ര്യത്തിനും ഇടയാക്കുമെന്ന കാര്യം ഗൗരവപൂർവം കണക്കിലെടുത്ത് ജനസംഖ്യാ നിയന്ത്രണ നടപടികൾ കൂടുതൽ അർഥപൂർണമായി നടപ്പിലാക്കുവാൻ ഭൗമ ഉച്ചകോടി നിർദേശിക്കേണ്ടതുണ്ട്.

## പരിസ്ഥിതി പരിരക്ഷണത്തിന്റെ സാമ്പത്തിക അടിത്തറ

ഐക്യരാഷ്ട്ര സംഘടനയുടെ വിദഗ്ധരുടെ കണക്കനുസരിച്ച്, അജണ്ട-21 നടപ്പിൽ വരുത്താൻ വികസ്വര രാജ്യങ്ങൾ പ്രതിവർഷം ഏതാണ്ട് 62500 കോടി ഡോളർ ചെലവഴിക്കേണ്ടിവരും. എന്നാൽ ഓവർസീസ് ഡവലപ്പ്മെൻറ് എയ്ഡ് വഴി ഇന്ന് ലഭിക്കുന്നത് കഷ്ടിച്ച് 5500 കോടി ഡോളർ മാത്രമാകുന്നു. ഇത് വികസിത രാജ്യങ്ങളുടെ മൊത്തം ദേശീയവരുമാനത്തിന്റെ 0.35 ശതമാനമത്രേ. തങ്ങളുടെ വികസന പദ്ധതികൾക്കായി ഇന്ന് വികസ്വര രാജ്യങ്ങൾ 22000 കോടി ഡോളറാണ് ചെലവഴിക്കുന്നത്. വികസ്വര രാജ്യങ്ങൾ അവരുടെ വികസന പദ്ധതികളുടെ മുൻഗണനകളിൽ മാററം വരുത്തി (പ്രതിരോധചെലവ്, പദ്ധതിയേതര ചെലവ്, സേവന മേഖലയിലെ ചെലവ് ഇവ വെട്ടിക്കുറച്ച്) 28000 കോടി ഡോളർ കൂടുതലായി കണ്ടെത്തണമെന്നാണ് സമ്പന്ന രാജ്യങ്ങൾ ആവശ്യപ്പെടുന്നത്. വികസിത രാജ്യങ്ങൾ അവരുടെ പങ്ക് 0 7 ശതമാനമായിട്ടെങ്കിലും വർധിപ്പിക്കണമെന്നാണ് വികസ്വര രാജ്യങ്ങൾ ആവശ്യപ്പെടുന്നത്. വികസ്വരരാജ്യങ്ങളിലെ പരിസ്ഥിതി പരിരക്ഷണ പദ്ധതികൾക്ക് വികസിതരാജ്യങ്ങൾ പണം നൽകണമെന്ന് ആവശ്യപ്പെടുന്നതെന്തുകൊണ്ട്? അവർ അത് നൽകാൻ ബാധ്യസ്ഥരായതുകൊണ്ടുതന്നെ. വികസ്വര രാജ്യങ്ങൾക്കു കൂടി അവകാശപ്പെട്ട ആഗോള വിഭവങ്ങൾ വികസിത രാജ്യങ്ങൾ വർഷങ്ങളായി ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. തങ്ങൾക്കു അർഹതയുള്ളതിൽ കൂടുതൽ വിഭവങ്ങൾ ചൂഷണം ചെയ്തതിന് സമ്പന്നരാജ്യങ്ങൾ ദരിദ്ര

രാജ്യങ്ങൾക്കു നൽകുന്ന നഷ്ടപരിഹാരം എന്ന നിലയിലാണ് അവരോട് പണം ആവശ്യപ്പെടുന്നത്. ഉദാഹരണമായി കാർബൺ വിസർജനത്തിന്റെ കാര്യം തന്നെയെടുക്കാം. ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി ഓരോ രാജ്യത്തിനും കാർബൺ വിസർജനത്തിന് ക്വാട്ട നിശ്ചയിക്കുകയാണെന്ന് വിചാരിക്കുക. അപ്രകാരം നോക്കുമ്പോൾ വികസിതരാജ്യങ്ങൾ അവർക്ക് അനുവദിച്ചതിനേക്കാൾ 58 ശതമാനം കൂടുതൽ (2839 ദശലക്ഷം ടൺ) കാർബൺഡൈഓക്സൈഡ് വിസർജിക്കുന്നു. അതായത് എ. ഡി. 2100 വരെ അന്തരീക്ഷത്തിലേക്ക് പുറംതള്ളാൻ അനുവദനീയമായ മാലിന്യങ്ങളുടെ വിഹിതം അവർ ഇതിനകം പുറംതള്ളിയിരിക്കുന്നു. എന്നാൽ വികസ്വരരാജ്യങ്ങളാവട്ടെ അവർക്ക് അനുവദിക്കപ്പെട്ടതിന്റെ ഒരു ചെറിയ ഭാഗംപോലും ഉൽസർജിക്കുന്നില്ല. അവർ കഴിഞ്ഞ കുറേ ദശകങ്ങളായി, ഭൂമിയിലെ ജീവികൾക്കെല്ലാം പൊതുസ്വത്തായിട്ടുള്ള അന്തരീക്ഷം മലിനീകരിക്കുവാൻ സമ്പന്ന രാജ്യങ്ങളെ അനുവദിച്ചുവരുകയാണ്. വളരെ ചുരുങ്ങിയ ചെലവിൽ ശക്തമായ ഒരു സാമ്പത്തിക വ്യാവസായിക അടിത്തറ പടുത്തുയർത്തുവാൻ സമ്പന്ന രാജ്യങ്ങൾക്കു കഴിഞ്ഞു. സമ്പന്നരാജ്യങ്ങൾ കൂടുതലായി ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന അന്തരീക്ഷ മണ്ഡലത്തിന് അവർ വില നൽകണമെന്ന് വിചാരിക്കുക. ഇന്നത്തെ നിലവാരംവച്ച് ഏററവും മിതമായി കണക്കാക്കിയാൽ, അവർ കൂടുതലായി പുറന്തള്ളുന്ന ഓരോ ടൺ കാർബണിനും 15 ഡോളർവച്ച് നൽകേണ്ടിവരും. ഇതുപ്രകാരം പ്രതിവർഷം 2000 കോടി ഡോളർ വികസിതരാജ്യങ്ങൾ വികസ്വരരാജ്യങ്ങൾക്ക് കൈമാറേണ്ടിവരും. ഇത് വികസ്വര രാജ്യങ്ങൾക്ക് അവകാശപ്പെട്ട അന്തരീക്ഷം ഉപയോഗിച്ചതിന്റെ വിലയാണ്. ഇതു കൂടാതെ ആ അന്തരീക്ഷം മലിനീകരിക്കുന്നതിന് പിഴയും നൽകണം. ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതിനു വേണ്ടി യൂറോപ്പിൽ ചില നടപടികൾ എടുത്തിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങളുടെ മേൽ നികുതി (Carbon tax) ഏർപ്പെടുത്തുകയെന്നതാണത്. യൂറോപ്പിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന കാർബൺ ടാക്സ്, ടണ്ണിന് 60-70 ഡോളർ ആകുന്നു. അങ്ങനെ കണക്കാക്കുമ്പോൾ ഏതാണ്ട് 8900 കോടി ഡോളർ പിഴയായി ദരിദ്രരാജ്യങ്ങൾക്ക് കിട്ടണം. (സമ്പന്നരാജ്യങ്ങൾ ഈടാക്കുന്ന കാർബൺടാക്സ് മുഴുവൻ വികസ്വരരാജ്യങ്ങൾക്ക് കൈമാറണമെന്ന നിർദേശം ഉണ്ടായിട്ടുണ്ട്).

അൺസെഡിന്റെ പ്രാഥമികയോഗങ്ങളിൽ ഉണ്ടായ വിവാദങ്ങളിൽ ഏററവും നിർണായകസ്ഥാനത്തുണ്ടായിരുന്നത് വികസ്വര രാജ്യങ്ങൾക്ക് നല്കേണ്ട ഫണ്ടിനെ ചൊല്ലിയുള്ളതായിരുന്നു. 1990ൽ ലോകബാങ്കും UNEPയും UNDPയും (United Nations Development Programme) ചേർന്ന് രൂപീകരിച്ച ഗ്ലോബൽ എൻവയൺമെൻറ് ഫസിലിററി (Global Environment Facility, GEF) പലിശ

യില്ലാകടമായി വികസ്വരരാജ്യങ്ങൾക്ക് പണം നല്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ ഫണ്ട് മുഖ്യമായും അമേരിക്കപോലുള്ള സമ്പന്നരാജ്യങ്ങളുടെ 'സംഭാവന'കൾ വഴി ശേഖരിച്ചതാണ്. വികസ്വരരാജ്യങ്ങളിലെ പരിസ്ഥിതി പരിരക്ഷണപദ്ധതികൾക്ക് വേണ്ടി ഉപയോഗിക്കേണ്ട ഏററവും മുഖ്യമായ ബഹുമുഖസാമ്പത്തിക ശ്രോതസ്സായിരിക്കണം ഇതെന്ന് വികസ്വരരാജ്യങ്ങൾ കരുതുന്നു. എന്നാൽ GEF നെപ്പററി മൂന്ന് അടിസ്ഥാനപ്രശ്നങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1. ഏതെല്ലാം പദ്ധതികൾക്കാണ് GEF പണം നല്കുക? 'ആഗോള' പരിസ്ഥിതിപ്രശ്നങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മാത്രമാണ് ഫണ്ട് നല്കുക. പ്രശ്നങ്ങളെ ആഗോളമെന്നും പ്രാദേശികമെന്നും തരം തിരിച്ചതിൽ 'രാഷ്ട്രീയ'മുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. ആഗോളപരിസ്ഥിതി പ്രശ്നങ്ങളുടെ മുഖ്യസൃഷ്ടാക്കളായ സമ്പന്നരാജ്യങ്ങൾ, അവയക്ക് പരിഹാരം കാണാൻ അപ്പകഷണങ്ങൾപോലെ അല്പം ഫണ്ട് നല്കുന്നതിൽ വലിയ ത്യാഗമൊന്നും ഇല്ലതന്നെ. വികസ്വരരാജ്യങ്ങൾ നേരിടുന്ന വരൾച്ച, മണ്ണൊലിപ്പ്, മരുഭൂമിവൽക്കരണം, കുടിവെള്ളക്ഷാമം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആവശ്യമായ പണം ഈ പുതിയ സംവിധാനത്തിലും അവർക്ക് ലഭിക്കുകയില്ല. ഈ രാജ്യങ്ങൾക്ക് അവരുടെ ഏററവും അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ രാജ്യങ്ങളിൽനിന്ന് സഹകരണം ലഭിക്കുകയില്ലായെന്നാണ് ഇതിനർഥം. അതായത് ഇന്നത്തെ നിലയിൽ ഭൗമ ഉച്ചകോടിയും ചൂഷണം അരക്കിട്ടുറപ്പിക്കാനേ സഹായകരമാകൂ.

2. ഫണ്ട് കൈവശം ചെയ്യുന്ന സ്ഥാപനത്തിൻെറ സ്വഭാവം എന്തായിരിക്കും? UNEP, UNDP, ലോകബാങ്ക് എന്നിവചേർന്ന ഒരു ത്രികക്ഷി സംവിധാനമാണ് GEF എങ്കിലും അതിൻെറ ഭരണവും നടത്തിപ്പും ലോകബാങ്കിൻെറ കൈകളിലാണ്. ഐക്യരാഷ്ട്ര സഭയിലേതുപോലെ ഒരാൾക്ക് ഒരുവോട്ട് എന്ന തത്വം ഇവിടെ പാലിക്കപ്പെടുന്നില്ല. GEF-ൽ അംഗരാജ്യങ്ങൾക്കുള്ള വോട്ടവകാശം അവർ ഫണ്ടിലേക്ക് നല്കിയിട്ടുള്ള പണത്തിന് ആനുപാതികമായിരിക്കും. ഉദാഹരണമായി ലോകബാങ്കിൽ ആകെ ഉള്ള വോട്ടുകളുടെ 20 ശതമാനം അമേരിക്കക്കാണ്. കാരണം ബാങ്കിന് ഏററവും കൂടുതൽ പണം നല്കിയത് അമേരിക്കയത്രേ! ഇതേ സംവിധാനമാണ് GEF നും നിർദേശിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ആഗോളപരിസ്ഥിതിപ്രശ്നങ്ങൾക്ക് ഉത്തരവാദികളായ വികസിതരാജ്യങ്ങളുടെ കൈകളിലാണ് അവ പരിഹരിക്കുന്നതിനുള്ള ഫണ്ടിൻെറ നിയന്ത്രണവും. പ്രയോഗതലത്തിൽ, വികസിതരാജ്യങ്ങൾക്കും അവരുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കും സാമ്പത്തികരാഷ്ട്രീയ

ശക്തി ഉപയോഗിച്ച് മൂന്നാംലോകരാജ്യങ്ങളുടെ വികസനനയങ്ങളിൽ കൈകടത്താം. ഉദാഹരണമായി ബംഗ്ളാദേശിന്റെ വികസന പദ്ധതികളിൽ അമേരിക്കയെപോലുള്ള ഒരു വികസിതരാജ്യത്തിന് സ്വാധീനം ചെലുത്താം. എന്നാൽ ആഗോളതാപനത്തിനും മററും കാരണമായ വിപണിയെ ആധാരമാക്കിയുള്ള അമേരിക്കയുടെ ഉപഭോഗവികസനനയത്തിൽ ഇടപെടുവാൻ ബംഗ്ലാദേശിന് അവകാശമില്ല. ആഗോളതാപനം മൂലം സമുദ്രജലവിതാനം ഉയർന്നാൽ ബംഗ്ലാദേശിന്റെ അർധഭാഗം കടലിൽ ആണ്ടുപോകാൻ സാധ്യതയുണ്ടെന്ന് ഓർക്കുമ്പോഴാണ് ഈ സംവിധാനത്തിന്റെ അധാർമികത മനസ്സിലാവുക.

3. എത്രമാത്രം പണം ലഭിക്കും? അത് എങ്ങനെ വിതരണം ചെയ്യും? വർധിച്ചുവരുന്ന പരിസ്ഥിതി സംരക്ഷണചെലവുകൾ മുഴുവൻ GEF-ൽ നിന്ന് ലഭിക്കണമെന്നാണ് വികസ്വരരാജ്യങ്ങൾ ആഗ്രഹിക്കുന്നത്. UNEP, IUCN തുടങ്ങിയ സംഘടനകൾവഴി നല്കുന്ന സാമ്പത്തികസഹായം തുടരുകയും GEPF വഴി നല്കാൻ പോകുന്ന ഫണ്ട് ഇതിനുപുറമെയുള്ളതാവണമെന്നും അവർ ആവശ്യപ്പെടുന്നു. ഇപ്പോൾ നിലവിലുള്ള 'എയ്ഡ് പാക്കേജു (aid package) മായി കൂട്ടിക്കുഴയ്ക്കരുതെന്ന് വികസ്വരരാജ്യങ്ങൾ ആവശ്യപ്പെടുന്നു. ഫണ്ടിനുവേണ്ടി ശേഖരിക്കപ്പെടുന്ന പണം ആവശ്യത്തിന് തികയില്ലായെന്ന ആശങ്കയും ഉണ്ട്. പണം കൈമാറേണ്ടി വരുമ്പോൾ അമേരിക്ക വളരെയധികം തടസ്സവാദങ്ങളും നിബന്ധനകളും മുന്നോട്ടുവെക്കാൻ സാധ്യതയുണ്ടെന്ന് മുൻകാല അനുഭവങ്ങൾ തെളിയിക്കുന്നു. ഏററവും ഒടുവിൽനടന്ന പ്രിപ്പ്കോമിൽ അമേരിക്ക അവരുടെ നിലപാട് വ്യക്തമാക്കുകയുണ്ടായി. പുതിയ അധികസഹായധനം (additional aid) എന്ന ആശയത്തോട് അവർക്ക് യോജിപ്പില്ല. ഇപ്പോൾ നൽകുന്ന സഹായധനങ്ങൾ എല്ലാംകൂടി പൂൾ ചെയ്ത് GEF-ലേക്ക് മാററണം. കൂടാതെ ഇപ്പോൾ വികസ്വരരാജ്യങ്ങൾക്ക് നല്കിവരുന്ന സഹായധനങ്ങൾ 'സുസ്ഥിര വികസന' പദ്ധതികൾക്ക് മാത്രമായി ചുരുക്കണം. അതായത് സഹായം ഇനിമേൽ പച്ചപദ്ധതി (green projects)കൾക്കോ, പച്ചയെന്ന് അവർ കരുതുന്ന പദ്ധതികൾക്കോ മാത്രമായിരിക്കും.

യഥാർഥത്തിൽ GEF-ൽനിന്ന് ലഭിക്കുന്ന പണം ആരുടെയും ഔദാര്യമല്ല. അത് വികസ്വരരാജ്യങ്ങളുടെ അവകാശമാണ്. എന്നാൽ IMF-ൽ നിന്നും ലോകബാങ്കിൽനിന്നും കടംകിട്ടാൻ പല നിബന്ധനകളും വികസ്വര രാജ്യങ്ങൾക്ക് അനുസരിക്കേണ്ടതായിവരുന്നുണ്ടല്ലോ. GEF മറെറാരു IMF ആവാൻ പാടില്ലായെന്ന് അവർ ആഗ്രഹിക്കുന്നു ദാതാവ് (donor) സ്വീകർത്താവ് (recipient) എന്ന നിലയിൽ ഈ ഫണ്ട് കൈകാര്യം ചെയ്യരുത്. ഇപ്പോൾ GEF-ന്റെ ഭരണ UNEP-ക്കും UNDP–ക്കും നാമമാത്രമായ പങ്കേ വഹിക്കാനുള്ളൂ. പരി

സ്ഥിതിസംരക്ഷണത്തിന്റെ സാമ്പത്തികബാധ്യത GEF ഏറ്റെടുക്കണമെന്നുണ്ടെങ്കിൽ ഇന്നത്തെ സംവിധാനം മാററിയേതീരൂ. ഉത്തര–ദക്ഷിണ രാഷ്ട്രങ്ങൾക്ക് തുല്യപ്രാതിനിധ്യം ഉള്ള ഒരു ഗവേണിങ് കൗൺസിൽ ഇതിനായി രൂപീകരിക്കണമെന്ന് കുലാലംപൂരിൽ ചേർന്ന G-77 രാജ്യങ്ങളുടെ പരിസ്ഥിതിസമ്മേളനത്തിൽ ഇന്ത്യയിൽ നിന്നുള്ള ഡോ. വന്ദനാ ശിവ ആവശ്യപ്പെടുകയുണ്ടായി. GEF-ൽ നിന്നുള്ള സഹായം, പതിവ്പ്രകാരമുള്ള ലോകബാങ്ക് കടങ്ങളുമായി കൂട്ടിക്കുഴക്കരുതെന്ന് അവർ നിർദേശിച്ചു. GEF-ൽ നിന്ന് ലോകബാങ്കിനെ ഒഴിച്ചുനിർത്തണമെന്ന് ആവശ്യപ്പെട്ട മറെറാരു കാരണവും കൂടി ഉണ്ട്. ലോകബാങ്കിനെപ്പററിയും അതിന്റെ പ്രവർത്തനങ്ങളെപ്പററിയും സമഗ്രമായി പഠനം നടത്തിയ ഡോ. വന്ദന ശിവയുടെ അഭിപ്രായത്തിൽ ലോകബാങ്കിന്റെ 'സാമ്പത്തികസഹായം' ആണ് പരിസ്ഥിതി സംരക്ഷണം നേരിടുന്ന ഏററവും വലിയ ഭീഷണി. ഇന്ന് 7300 കോടി ഡോളറാണ് ലോകബാങ്ക്‌വഴി പരിസ്ഥിതിക്ക് നാശം വരുത്തുന്ന പദ്ധതികൾക്കായി ചെലവഴിക്കപ്പെടുന്നത്. അതിനാൽ GEF-ന്റെ ഭരണച്ചുമതല ലോകബാങ്കിനെ ഏൽപ്പിച്ചാൽ പരിസ്ഥിതി പരിരക്ഷണപദ്ധതികളെല്ലാം അവതാളത്തിലാകും. പരിസ്ഥിതി നാശത്തിനും സംരക്ഷണത്തിനും ഒരേ ഏജൻസി തന്നെ ധനസഹായം നല്കുന്ന സംവിധാനം ഉണ്ടാവാൻ പാടില്ല. തങ്ങൾ ഉല്പാദിപ്പിക്കുന്നതെല്ലാം കയററുമതി ചെയ്യാനും ഭക്ഷിക്കുന്നതെല്ലാം ഇറക്കുമതിചെയ്യാനും വികസ്വരരാജ്യങ്ങളെ പ്രേരിപ്പിക്കുന്നത് ലോകബാങ്ക് പദ്ധതികളാണ്. GEF-നെകുറിച്ച് ഒരു അന്തിമതീരുമാനം എടുക്കുന്നതിനുമുമ്പ് ഈ കാര്യങ്ങളെല്ലാം ഉച്ചകോടിയിൽ പരിഗണിക്കപ്പെടണം. GEF-നു പുറമെ അജണ്ട-21-ന്റെ നടത്തിപ്പിനായി ഒരു പ്രത്യേക ഗ്രീൻഫണ്ട് (Green fund) വേണമെന്ന ആവശ്യവും ചിലർ മുന്നോട്ടുവെച്ചിട്ടുണ്ട്.

## ഇന്ത്യയും ഭൗമ ഉച്ചകോടിയും

രണ്ടുകാരണങ്ങളാൽ ഭൗമ ഉച്ചകോടിയിൽ ഇന്ത്യയ്ക്ക് വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കേണ്ടിവരുന്നത്. ഒന്ന്- 2025-ാംമാണ്ടോടെ ലോകത്തിലെ ഏററവും കൂടുതൽ ജനസംഖ്യയുള്ള രാജ്യം ഇന്ത്യയായിത്തീരുകയും ഹരിതഗൃഹവാതകങ്ങളുടെ വിസർജനത്തിൽ വലിയ വർധനവ് ഉണ്ടാവുകയും ചെയ്യാം. ഇന്ന് ഇന്ത്യയുടെ പ്രതിശീർഷ കാർബൺഡൈഓക്സൈഡ് ഉൽസർജനം 0.2 ടൺ മാത്രമാണെങ്കിലും ഇക്കാര്യത്തിൽ ലോകത്ത് 6-ാം സ്ഥാനമാണ് നമുക്കുള്ളത്. (1. അമേരിക്ക 2. മുൻസോവിയററ് യൂണിയൻ 3. ചൈന 4. ജർമനി 5. ജപ്പാൻ) കാർബൺഡൈഓക്സൈഡ് വിസർജനത്തിൽ ഇന്ത്യയ്ക്കും ചൈനയ്ക്കും വളരെ മിതമായ തോതിലുള്ള വർധനവിന് ഇടംകൊടുക്കണമെങ്കിൽ വികസിതരാജ്യങ്ങൾ അവരുടെ $CO_2$ വിസർജനം 2025-ാമാണ്ടോടെ 30 ശതമാനം കണ്ട് കുറയ്ക്കണം.

എങ്കിൽമാത്രമേ മൊത്തം $CO_2$ ഉൽസർജനം 1988ലെ തോതിൽ നിലനിൽക്കുകയുള്ളു. ഇന്നത്തേതിൽനിന്ന് നാലിരട്ടികണ്ട് $CO_2$ ഉൽസർജനം വർധിപ്പിച്ചാൽപോലും 2025 ൽ ഇന്ത്യയുടെ പ്രതിശീർഷ വിസർജനം 0.36 ടൺ മാത്രമെ ആകുന്നുള്ളു. ഇത് ഇന്നത്തെ ലോകശരാശരി (1.2ടൺ) യേക്കാരം വളരെ താഴെയാണല്ലോ.

രണ്ട്-ഇന്ത്യയുടെ ഊർജോല്പാദനത്തിൽ ഏററവും പ്രധാനപ്പെട്ട പങ്ക് കല്ക്കരിയ്ക്കാണ്. 1990-91-ൽ നാം 221 ദശലക്ഷം ടൺ കല്ക്കരിയാണ് ഉപയോഗിച്ചത്. നമ്മുടെ കരുതൽ കല്ക്കരി ശേഖരം ഏതാണ്ട് 18600 കോടി ടൺ ആകുന്നു. എന്നാൽ നമ്മുടെ എണ്ണ–പ്രകൃതിവാതക സ്രോതസ് 4000 കോടി ടൺ കല്ക്കരിക്ക് സമാനമേ ഉള്ളു. ഇതിൽനിന്നും നമ്മുടെ ഊർജാവശ്യത്തിൻെറ 60 ശതമാനം തുടർന്നും കല്ക്കരിയിൽനിന്ന് ലഭിക്കണമെന്ന് വ്യക്തം. ഇവിടെയാണ് പ്രശ്നം. ഒരു ഗിഗാജൂരം ഊർജം ഉല്പാദിപ്പിക്കുമ്പോരം കല്ക്കരിയാണ് മറേറത് ഇന്ധനത്തേക്കാളുമധികം കാർബൺ ഡൈഓക്സൈഡ് വിസർജിക്കുന്നത്. ഉയർന്ന ജനസംഖ്യ, കല്ക്കരിയെ മുഖ്യമായും ആശ്രയിച്ചുകൊണ്ടുള്ള ഊർജോല്പാദനം, ഇന്നത്തെ താണ സാമ്പത്തിക നിലയിൽനിന്ന് ഗണ്യമായ ഉയർച്ച നേടാനുള്ള സാധ്യത എന്നീ ഘടകങ്ങരം ഭാവിയിൽ ഇന്ത്യയിലെ കാർബൺ ഉൽസർജനത്തെ എങ്ങനെ ബാധിക്കുമെന്നതിനേപ്പററി അന്താരാഷ്ട്ര വേദികളിൽ ആശങ്കയുണ്ടാകാം.

എന്നാൽ ഇന്ത്യയുടെ കാഴ്ചപ്പാടിൽ തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണ് തെളിഞ്ഞു വരിക. 1988-ൽ ഫോസിൽ ഇന്ധനങ്ങളെ ആധാരമാക്കിയുള്ള ഉൽസർജനം ഇന്ത്യയുടേത് കേവലം 165 ദശലക്ഷം ടൺ മാത്രമായിരുന്നു. ലോകമൊട്ടാകെ 540 കോടി ടണ്ണും ഇതിൽ അമേരിക്കയുടെ മാത്രം സംഭാവന 130 കോടി ടണ്ണും ആണ്. 2025-ൽ ഇന്ത്യയുടെ ഉൽസർജനം വെറും 600 ദശലക്ഷം ടൺ മാത്രമായിരിക്കും. വികസിത രാജ്യങ്ങരം മുൻകാലങ്ങളിലും ഇപ്പോഴും അല്പം മിതത്വം പാലിച്ചിരുന്നുവെങ്കിൽ ഇതൊരു പ്രശ്നമേ ആകുമായിരുന്നില്ല.

ഇന്ത്യ വികസനത്തിൻെറ ആദ്യപടികരം മാത്രം ചവുട്ടി കടന്ന ഒരു രാജ്യമാകുന്നു. ഇവിടുത്തെ കോടിക്കണക്കിന് ജനങ്ങരംക്ക് പോഷകാഹാരം, വസ്ത്രം, കിടപ്പാടം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങരം എത്തിയ്ക്കേണ്ടതായിട്ടുണ്ട്. കൂടാതെ ചില അടിസ്ഥാന പാരിസ്ഥിതിക പ്രശ്നങ്ങരംക്ക് പരിഹാരം കാണേണ്ടതുമുണ്ട്. ഉദാഹരണമായി രാജ്യത്തിൻെറ പല ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യരക്ഷാനടപടികരം വ്യാപകമാകാനായിട്ടില്ല; മെച്ചപ്പെട്ട ഊർജക്ഷമതയുള്ള ഇന്ധനങ്ങരം നൽകാൻ കഴിഞ്ഞിട്ടില്ല. ആഗോള താപനം അന്താരാഷ്ട്ര മാധ്യമങ്ങ

ളിൽ വലിയ സ്ഥാനം പിടിച്ചെടുത്തേക്കാം. പക്ഷെ, ഇന്ത്യയുടെ പാരിസ്ഥിതിക മുൻഗണന അതിൽനിന്നെല്ലാം വ്യത്യസ്തമാണ്. ഇതാണ് ഉച്ചകോടി സംഘാടകരെ നാം അറിയിക്കേണ്ടത്.

പരിസ്ഥിതി പരിരക്ഷണത്തിനോടുള്ള താല്പര്യം നമ്മുടെ വിഭവങ്ങളുടെ ഉപയോഗത്തിൽ ചില മാററങ്ങാം വരുത്താൻ നമ്മെ നിർബന്ധിതരാക്കും ഒരു 1000 മെഗാവാട്ട് വൈദ്യുതി നിലയം പാരിസ്ഥിതികമായി കുററമററതാവണമെങ്കിൽ അതിൽനിന്ന് 850 മെഗാവാട്ട് ഊർജമേ ലഭിക്കുകയുള്ളുവെന്ന് കരുതണം. കാരണം വായു മലിനീകരണവും മററും ഇല്ലാതാക്കാൻ കുറെ പണം ചെലവഴിക്കേണ്ടിവരും. ഇവിടെയാണ് പരിസ്ഥിതിയും വികസനവും തമ്മിലൊരു ഒത്തുതീർപ്പുണ്ടാകേണ്ടത്. താപനിലയങ്ങളിൽനിന്ന് പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങാം സൃഷ്ടിക്കുന്ന സാം ഫർഡൈഓക്സൈഡ്, നൈട്രജൻ ഓക്സൈഡുകാം (ഇവ ആ പ്രദേശവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്നു) തുടങ്ങിയ വാതകങ്ങളും ആഗോള പ്രശ്നങ്ങാം സൃഷ്ടിക്കുന്ന കാർബൺഡൈഓക്സൈഡുപോലുള്ള വാതകങ്ങളും ഉൽസർജിക്കപ്പെടും. ആദ്യം പറഞ്ഞ വാതകങ്ങളിൽ നിന്നുള്ള മലിനീകരണം തടയാനായിരിക്കണം നാം മുൻഗണന നൽകേണ്ടത്. കാരണം രണ്ടാമത്തെ കാര്യത്തിൽ നമ്മെക്കാാം ഉത്തരവാദിത്വം മററു രാജ്യങ്ങാംക്കുണ്ട്. എങ്കിൽപോലും അന്താരാഷ്ട്ര സഹായധനം ലഭിക്കാൻവേണ്ടി ചിലതെല്ലാം അക്കാര്യത്തിൽ ചെയ്യേണ്ടിവരും. ആഗോള മാലിന്യങ്ങളുടെ കാര്യത്തിലും ചില നീക്കുപോക്കുകാം ഉണ്ടാക്കേണ്ടിവരും. ഉരുക്ക്, അലുമിനിയം, സിമൻറ് തുടങ്ങിയ വ്യവസായങ്ങാം വളരെയധികം കാർബൺഡൈഓക്സൈഡ് ഉല്പാദിപ്പിക്കുന്നവയും കൂടുതൽ ഊർജം വേണ്ടിവരുന്നവയും ആണ്. എന്നാൽ ഒരു ദരിദ്രരാജ്യത്തിനെ സംബന്ധിച്ചിടത്തോളം മറെറാരു ഹരിതഗൃഹവാതകമായ മീഥേൻ വിസർജിക്കപ്പെടുമെങ്കിലും, മനുഷ്യൻെറ അടിസ്ഥാന ആവശ്യമായ ഭക്ഷ്യോൽപ്പന്നങ്ങാം ഉല്പാദിപ്പിക്കുന്ന കാർഷിക പ്രവർത്തനങ്ങാംക്കാണ് മുൻഗണന നൽകേണ്ടത്.

അപ്പോാം ആഗോളതലത്തിൽ ഈ പ്രശ്നങ്ങാം എങ്ങനെ പരിഹരിക്കപ്പെടും? നിയന്ത്രണങ്ങാം വികസിത രാജ്യങ്ങളുടെ മേലാണ് വേണ്ടത്. ആയതിന് മുമ്പ് സൂചിപ്പിച്ചപോലെ വികസിത രാജ്യങ്ങളിൽ കാർബൺ ടാക്സ് ഏർപ്പെടുത്തുക, കാർബൺ വിസർജനത്തിന് ക്വാട്ട സമ്പ്രദായം ഉണ്ടാക്കുക, ക്വാട്ടയിൽ കൂടുതൽ ഉല്പാദിപ്പിച്ചാൽ വിലയും പിഴയും ഈടാക്കുക, വിസർജനം കുറഞ്ഞ രീതിയിലുള്ള സാങ്കേതികവിദ്യ പ്രചരിപ്പിക്കാൻ പ്രോത്സാഹനവും ധനസഹായവും വികസ്വരരാജ്യങ്ങാംക്ക് യാതൊരു നിബന്ധനകളും ഇല്ലാതെ നൽകുക തുടങ്ങിയ നടപടികാം സ്വീകരിക്കേണ്ടി

വരും. വികസ്വരരാജ്യങ്ങൾ ശാസ്ത്രീയ വികസനനയം സ്വീകരിക്കുകയും വേണം. വികസനം ന്യൂനപക്ഷത്തിന് മാത്രമാകരുത്.

ഭൗമ ഉച്ചകോടിയിൽ കൂടിയാലോചനകൾ നടക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങളെപ്പററിയും മുൻഗണനകളെപ്പററിയും ചില ധാരണകൾ ഉണ്ടാവേണ്ടതുണ്ട്. അന്താരാഷ്ട്രവേദികളിൽ നമ്മുടെ ഊർജനയത്തിലും മററും മാററം വരുത്താൻ ഉള്ള സമ്മർദങ്ങൾ ഉണ്ടായേക്കാം. ഉദാഹരണമായി നമ്മുടെ വിപുലമായ കല്ക്കരി ശേഖരത്തിൽ സമ്പന്നരാജ്യങ്ങൾക്കും അവർ നിയന്ത്രിക്കുന്ന ഫണ്ടിങ് ഏജൻസികൾക്കും താല്പര്യമുണ്ടാവില്ല. പ്രകൃതിവാതകത്തിലേക്കോ, എണ്ണയിലേക്കോ മാറാൻ നമ്മെ നിർബന്ധിക്കും. കല്ക്കരി സ്രോതസ്സുകളുടെ വികസനത്തിന് അന്താരാഷ്ട്ര സഹായം ലഭിക്കുന്നതിനാൽ അത് നാം സ്വയം ചെയ്യേണ്ടിവരും. നമ്മുടെ ഗവേഷണ സ്ഥാപനങ്ങൾ അത്തരം പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടി വരും.

എന്നാൽ പ്രകൃതിസ്രോതസ്സുകൾ വികസിപ്പിക്കുന്നതിനും വനവല്ക്കരണത്തിനും നമുക്ക് സഹായധനം ലഭിക്കുകയും ചെയ്യും. ബോംബെയിലെ ഇന്ദിരാഗാന്ധി ഇൻസ്ററിററ്യൂട്ട് ഓഫ് ഡവലപ്പ്മെൻറ് റിസർച്ച് (IGIDR) ഇന്ധനവിലയും കാർബൺഡൈഓക്സൈഡ് വിസർജനവും സംബന്ധിച്ച ചില പഠനങ്ങൾ നടത്തിയിട്ടുണ്ട്. അത് ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാണെന്ന് തോന്നുന്നു. രണ്ട് പക്ഷാന്തരങ്ങൾ (alternatives) നമുക്ക് പരിശോധിക്കാം. ഒരു നിശ്ചിത തോത് ഊർജം ലഭിക്കാൻ നമുക്ക് കല്ക്കരി ഉപയോഗിക്കുന്നത് കുറയ്ക്കാം. അല്ലെങ്കിൽ എണ്ണയുടെ ഉപഭോഗം കുറയ്ക്കാം. എണ്ണയുടെ ഉപഭോഗം കുറയ്ക്കാനാണ് ഇന്ത്യ സ്വാഭാവികമായും ശ്രമിക്കുക. കാരണം അതിന് വിദേശനാണ്യ ചെലവ് ഉള്ളതുകൊണ്ടുതന്നെ. IGIDR-ൻെറ പഠനത്തിൽ കാണുന്നത് കല്ക്കരി സംരക്ഷിച്ച് എണ്ണ ഉപയോഗിക്കുകയാണെങ്കിൽ കാർബൺഡൈഓക്സൈഡ് ഉൽസർജനം 4 ദശലക്ഷം ടൺ കണ്ട് കുറവായിരിക്കും. പക്ഷെ എണ്ണ ഉപയോഗിക്കുമ്പോൾ 60 ലക്ഷം ഉറുപ്പിക കൂടുതലായി ചെലവഴിക്കേണ്ടിവരും. അപ്പോൾ കല്ക്കരി ലാഭിക്കുന്നത് കൂടുതൽ ചെലവേറിയ കാര്യമാകുന്നു. അന്താരാഷ്ട്ര വേദിയിൽ കല്ക്കരിയ്ക്ക് പകരം എണ്ണ ഉപയോഗിക്കാൻ നമ്മെ നിർബന്ധിക്കുകയാണെങ്കിൽ മേല്പറഞ്ഞ നഷ്ടം അവർ തീർത്തുതരണമെന്ന് നമുക്ക് ആവശ്യപ്പെടാം.

വിവിധ സാമ്പത്തികരംഗങ്ങളിൽ ഉൽസർജിക്കപ്പെടുന്ന കാർബൺഡൈഓക്സൈഡിൻെറ തോത് താരതമ്യപ്പെടുത്തുന്നതും നന്നായിരിക്കും. താപനിലയങ്ങളാണ് ഏററവും കൂടുതൽ $CO_2$ വിസർജിക്കുന്നത്. ആകെ ഉള്ളതിൻെറ $\frac{1}{3}$ ഭാഗം. ഇരുമ്പ്-ഉരുക്ക് വ്യവസായം, ഗതാഗതം മുതലായവ അതിൻെറ പിന്നിൽ മാത്രം. അതു

കൊണ്ട് ഊർജോല്പാദനവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കിയാൽ $CO_2$ വിസർജനം കുറയ്ക്കാൻ കഴിയുമെന്ന് IGIDR-ൻെറ പഠനങ്ങൾ തെളിയിക്കുന്നു. Integrated regional power grids സ്ഥാപിക്കുക എന്ന നിർദേശമാണ് അവർ മുന്നോട്ടു വെച്ചിട്ടുള്ളത്. 1989-90-ൽ ഇന്ത്യയുടെ വൈദ്യുതിനിലയങ്ങളുടെ പ്രവർത്തന ചെലവ് 7580 കോടി ഉറുപ്പിക ആയിരുന്നു. അത് 6410 കോടിയായി ചുരുക്കാൻ കഴിയുമെന്നാണ് IGIDR-ൻെറ പഠനം കാണിക്കുന്നത്.

ആഗോള പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ സഹകരണം വാഗ്ദാനം ചെയ്യുന്നതോടൊപ്പം നമ്മുടെ ദേശീയ പ്രശ്നങ്ങളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലായെന്ന് അസന്നിഗ്ധമായി പ്രസ്താവിക്കാനും ഇന്ത്യയ്ക്ക് കഴിയണം. ബാഹ്യശക്തികൾ നമ്മുടെ പരമാധികാരത്തിൽ കൈകടത്തുന്ന തരത്തിലുള്ള ഒരു ഉടമ്പടിയും ഇന്ത്യ അംഗീകരിക്കുകയില്ലായെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ ദേശീയ വനനയത്തിലോ, ബയോടെക്നോളജി സംബന്ധിച്ച കാഴ്ചപ്പാടുകളിലോ യാതൊരു മാററവും വരുത്താൻ ഇന്ത്യ തയ്യാറല്ലായെന്ന് പരിസ്ഥിതിവകുപ്പ് മന്ത്രി ശ്രീ കമൽനാഥ് പ്രസ്താവിച്ചിട്ടുണ്ട്. ദാരിദ്ര്യവും വികസനവും പാരിസ്ഥിതിക പ്രശ്നങ്ങളിൽനിന്ന് അകററി നിർത്തരുതെന്നും ആഗോള തലത്തിൽ ഏകതാനമായ പാരിസ്ഥിതികനിലവാരങ്ങൾ (uniform environmental standards) നിശ്ചയിക്കരുതെന്നും ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രിപ്പ്കോമുകളിൽ ഇന്ത്യൻ പ്രതിനിധിസംഘം ഉന്നയിച്ച നിർദേശങ്ങളിൽ അവർ ഉറച്ചു നില്ക്കണമെന്നാണ് ദേശസ്നേഹികൾ ആഗ്രഹിക്കുന്നത്. സമ്പന്നരാജ്യങ്ങളുടെ സമ്മർദത്തിനു വഴങ്ങി നമ്മുടെ പരമാധികാരത്തെ പണയം വെക്കുന്ന തരത്തിലുള്ള ഒരു ഉടമ്പടിയിലും ഇന്ത്യ ഒപ്പുവെക്കുകയില്ലായെന്ന് നമുക്ക് ഉറപ്പു വരുത്തേണ്ടതുണ്ട്.

## മൂന്നാംലോകരാജ്യങ്ങൾ ഒന്നിച്ചു നിൽക്കുമോ?

ഏപ്രിൽ 29-ന് കുലാലംപൂരിൽ സമാപിച്ച G-77 രാജ്യങ്ങളുടെ പരിസ്ഥിതി–വികസന സമ്മേളനം ഭൗമ ഉച്ചകോടിയിൽ സ്വീകരിക്കേണ്ട നിലപാടിനെപ്പററി ഐക്യകണ്ഠേന ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. കുലാലംപൂർ പ്രഖ്യാപനം എന്ന പേരിൽ പ്രസിദ്ധീകരിച്ച ഈ രേഖ വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ഈ പ്രഖ്യാപനം ഇപ്രകാരം സംഗ്രഹിക്കാം.

1. സുസ്ഥിരവികസനം കൈവരുത്തുവാൻ വേണ്ടി രാഷ്ട്രങ്ങളുടെ ഇടയിൽ സമത്വം, അവരുടെ പരമാധികാരത്തോടുള്ള ബഹു

മാനം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു പുത്തൻ ലോക പങ്കാളിത്തക്രമം ഉരുവാക്കുക.

2. ദാരിദ്ര്യ നിർമാർജനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സ്വയം അർപ്പിക്കുക. സാമ്പത്തിക-പാരിസ്ഥിതിക രംഗങ്ങളിൽ സുസ്ഥിരത കൈവരുത്തുവാൻ യത്നിക്കുക.

3. വികസനരംഗത്ത് സുസ്ഥിരത കൈവരുത്തുവാൻ വികസ്വരരാജ്യങ്ങൾക്ക് അന്താരാഷ്ട്രതലത്തിൽ പിന്തുണ നൽകുക. അന്താരാഷ്ട്ര സാമ്പത്തിക ബന്ധങ്ങളിലും വാണിജ്യ നടപടികളിലും മാററങ്ങൾ വരുത്തുക. ബഹുമുഖ വ്യാപാര കൂടിയാലോചനകളുടെ ഉറുഗ്വേ റൗണ്ടിന് സന്തുലിതവും അർഥപൂർണവും തൃപ്തികരവുമായ പരിസമാപ്തി കണ്ടെത്തുക. അന്താരാഷ്ട്ര വ്യാപാരത്തിനുള്ള പ്രതിബന്ധങ്ങളെല്ലാം നീക്കിക്കളയുക. പാരിസ്ഥിതിക പ്രശ്നങ്ങളുടെ പേരിൽ വ്യാപാരത്തിന് ഉപരോധം ഏർപ്പെടുത്താതിരിക്കുക.

4. ആഗോള പരിസ്ഥിതി പരിരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഉല്പാദനം, ഉപഭോഗം, വിതരണം എന്നീ രംഗങ്ങളിൽ സമ്പന്നരാജ്യങ്ങൾ മാററങ്ങൾക്കു തയ്യാറാവുക.

5. അജണ്ട–21-ൽ ഇനിയും ഒത്തുതീർപ്പാകാത്ത പ്രശ്നങ്ങൾ പരിഹരിക്കാൻ വികസ്വരരാജ്യങ്ങൾ അവരുടെ സഹകരണം വാഗ്ദാനം ചെയ്യുന്നു.

6. പരിസ്ഥിതി സംരക്ഷണ ഫണ്ടിന്റെ കാര്യത്തിൽ നിബന്ധനകൾ അടിച്ചേല്പിക്കാതിരിക്കുക. കൂടുതൽ ഫണ്ട് ലഭ്യമാക്കുക.

7. സാങ്കേതികവിദ്യകളുടെ കൈമാററം സുഗമമാക്കുക. ബൗദ്ധിക സ്വത്തവകാശം കൂടുതൽ ഉദാരവൽക്കരിക്കുക. ജൈവ-ജനിതകവിഭവങ്ങളിന്മേൽ വികസ്വരരാജ്യങ്ങൾക്കുള്ള പരമാധികാരത്തിൽ കൈകടത്താതിരിക്കുക.

മാർച്ചവസാനത്തിൽ നടന്ന നാലാം പ്രിപ്പ്കോമിലും G-77 രാജ്യങ്ങൾ ഏതാണ്ട് ഒരേ ശബ്ദത്തിൽ സംസാരിച്ചതിനാൽ അജണ്ട 21-ന്റെ നടത്തിപ്പിൽ ചില നീക്കുപോക്കുകൾക്ക് സമ്പന്നരാജ്യങ്ങൾ തയ്യാറാകുമെന്ന് ഡോ: മൗറീസ് സ്ട്രോങ്ങ് പ്രസ്താവിക്കുകയുണ്ടായി. ഉച്ചകോടി ആരംഭിക്കുന്നതിന് മുമ്പ് എല്ലാ വിഷയങ്ങളിലും പൊതു ധാരണ ഉണ്ടാക്കാൻ കഴിയുമെന്ന വിശ്വാസം അദ്ദേഹം രേഖപ്പെടുത്തി. സുസ്ഥിര വികസനത്തിന്റെ കേന്ദ്രബിന്ദു മനുഷ്യരാണെന്ന് അംഗീകരിക്കപ്പെട്ടത് നാലാം പ്രിപ്പ്കോമിൽ വികസ്വരരാജ്യങ്ങൾ നേടിയ ഏററവും വലിയ വിജയമായി മാധ്യമങ്ങൾ വിലയിരുത്തി. റയോഡിജനീറോ പ്രഖ്യാപനത്തിന്റെ കരടിൽ

തങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് കുറെയധികം ഭേദഗതികൾ അംഗീകരിക്കപ്പെട്ടുവെന്ന് G-77 രാജ്യങ്ങളുടെ വക്താക്കൾ അവകാശപ്പെട്ടു. എന്നാൽ ഫണ്ടിങ്ങിനെ സംബന്ധിച്ച കാര്യങ്ങളിൽ ഇനിയുമൊരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല.

കുലാലംപൂരിൽ G-77 രാജ്യങ്ങൾ സമ്മേളിച്ച അതേ അവസരത്തിൽ തന്നെ യൂറോപ്പിൽ G-7 രാജ്യങ്ങളും ഭൗമ ഉച്ചകോടിയിൽ ചർച്ചയ്ക്ക് വരുന്ന വിഷയങ്ങളെപ്പററി കൂടിയാലോചനകൾ നടത്തി. വികസിതരാജ്യങ്ങൾ തമ്മിൽ പല പ്രശ്നങ്ങളിലും വേണ്ടത്ര സ്വരചേർച്ച ഉണ്ടായിട്ടില്ല. അമേരിക്കയുടെ 'വലിയേട്ടൻ' നയത്തെ ജപ്പാനും ചില യൂറോപ്യൻ രാജ്യങ്ങളും തുറന്ന് എതിർത്തിട്ടുണ്ട്. ലോകമൊട്ടുക്കുമുള്ള ജനങ്ങളുടെ ആവശ്യത്തെ മാനിച്ച് അമേരിക്ക കാർബൺ വിസർജനത്തിൽ കുറവ് വരുത്തണമെന്ന് ജപ്പാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ടോക്കിയോയിൽ നടന്ന Eminent Persons Meeting on Financing Global Environment and Development-ൽ GEF-നെ സംബന്ധിച്ച വികസ്വരരാജ്യങ്ങളുടെ കാഴ്ചപ്പാട് ഏതാണ്ട് ശരിവച്ചു. ജപ്പാൻ പരിസ്ഥിതി വകുപ്പ് മന്ത്രി കുലാലംപൂരിൽ ഒരു നിരീക്ഷകൻ എന്ന നിലയിൽ പങ്കെടുക്കുകയും ചെയ്തു.

എന്നാൽ മൂന്നാംലോകരാജ്യങ്ങൾ പ്രദർശിപ്പിച്ച ഈ ഐക്യദാർഢ്യം വികസിത രാജ്യങ്ങളിൽ അങ്കലാപ്പ് ഉണ്ടാക്കിയിരിക്കുന്നു. പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകി ലാററിനമേരിക്കൻ രാജ്യങ്ങളെ വിലക്കെടുക്കുവാനുള്ള ശ്രമങ്ങൾ കൊണ്ടുപിടിച്ചു നടക്കുന്നു. പല വാഴപ്പഴ പരമാധികാര രാജ്യങ്ങളും (banana republics) ഇപ്പോൾ തന്നെ വലയിൽ വീണു കഴിഞ്ഞത്രെ. അമേരിക്ക മുന്നോട്ടുവെച്ച പല നിബന്ധനകളും അംഗീകരിക്കാൻ അവർ അർധമനസ്സ് കാട്ടിക്കഴിഞ്ഞു. ചില്ലിക്കാശിനുവേണ്ടി രാജ്യത്തിന്റെ പരമാധികാരംതന്നെ അടിയറവെയ്ക്കാനുള്ള ഈ രാജ്യങ്ങളിലെ ഭരണാധികാരികളുടെ നീക്കത്തെ തടയേണ്ടത് ഇന്ത്യ, ചൈന മുതലായ വലിയ രാജ്യങ്ങളുടെ കടമയാകുന്നു.

## സന്നദ്ധസംഘടനകളുടെ പങ്ക്

ഭൗമ ഉച്ചകോടി എന്ന ആശയം തന്നെ ആദ്യം അവതരിപ്പിച്ചത് ചില സന്നദ്ധ സംഘടനകളാണ്. UNEP-യുടെ ആഭിമുഖ്യത്തിൽ ഇതുവരെ നടന്ന സമ്മേളനങ്ങളെല്ലാംതന്നെ 'സർക്കാർ' സമ്മേളനങ്ങളായിരുന്നു. എന്നാൽ ജൂണിൽ നടക്കാൻ പോകുന്ന ഭൗമ ഉച്ചകോടിയുടെ സവിശേഷത അതിൽ സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ പങ്കെടുക്കുന്നുവെന്നുള്ളതും സന്നദ്ധസംഘടനകളുടെ ഒരു സമാന്തര സമ്മേളനം ആസൂത്രണം ചെയ്തിട്ടുണ്ട് എന്നുള്ളതുമാണ്. (സന്നദ്ധസംഘടനകളെ 'വിലക്കെടുക്കുവാൻ' വേണ്ടി സംഘാടകർ

ആസൂത്രണം ചെയ്ത ഒരു പരിപാടിയാണിതെന്ന് വിമർശിക്കുന്ന വരും ഉണ്ട്.) ഇതിൽ പങ്കെടുക്കുന്ന സംഘടനകൾ എല്ലാം ഒരേ കാഴ്ചപ്പാട് ഉള്ളവർ ആയിരിക്കണമെന്നില്ല. എങ്കിൽപോലും ലോകജനതയുടെ വികാരം അവിടെ പ്രകടിപ്പിക്കുവാൻ ചിലർ എങ്കിലും തയ്യാറാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. 150-ഓളം രാജ്യ ങ്ങളിൽ പ്രവർത്തിക്കുന്ന 852 സർക്കാരേതര സംഘടനകൾ (NGOS) 1991 ഡിസംബറിൽ പാരീസിൽ ഒത്തുചേരുകയുണ്ടായി. ഭൗമ ഉച്ച കോടിയിൽ വികസ്വരരാജ്യങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ ശ്രമങ്ങൾ നടന്നാൽ അതിനെ എതിർത്തു തോല്പിക്കാൻ അവർ തീരുമാനിച്ചു കഴിഞ്ഞു. ഈ ഉച്ചകോടിയുടെ തീരുമാനങ്ങളെ ജനങ്ങൾക്കുവേണ്ടി സ്വാധീനിക്കുന്നതിന് പാരീസ് സമ്മേളനം മുന്നോട്ടു വെച്ച നിർദേ ശങ്ങളിൽ ചിലത് ഇവിടെ ചേർക്കുന്നു.

1. ജനപ്രാതിനിധ്യ വികസനാസൂത്രണം വഴി പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക, വായു, ജലം, മണ്ണ് മററു വിഭവങ്ങൾ എന്നിവയിൽ വ്യക്തിക്കും സമൂഹത്തിനുമുള്ള അവകാശങ്ങൾ അംഗീകരിച്ച് വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

2. കടക്കെണിയിൽ അകപ്പെടുന്ന രാഷ്ട്രങ്ങളുടെ തുടർന്നുള്ള വികസനപ്രവർത്തനങ്ങൾ കൂടുതൽ പരിസ്ഥിതി നാശത്തിന് വഴി വെക്കും. അതുകൊണ്ട് വിദേശ കടങ്ങൾ എഴുതിതള്ളാനും ഭരണ കൂടങ്ങളെ സ്വതന്ത്രമാക്കാനും തയ്യാറാകണം.

3. ഗാട്ടിൻെറ പ്രവർത്തനം ന്യായാധിഷ്ഠിതമല്ല. വ്യവസായ ഉല്പന്നങ്ങളെ പോലെ പ്രകൃതി വിഭവങ്ങൾക്കും വിലനിർണയ ത്തിൽ നീതി ലഭിക്കണം. പരിസ്ഥിതി സംരക്ഷണത്തിൻെറ മൂല്യം ഇതിൽ കണക്കിലെടുക്കണം. പരിസ്ഥിതി സംരക്ഷണ ത്തിനായി പ്രത്യേക ധനസഹായവും വായ്പയും നീക്കിവെക്കുന്ന തിനുപകരം പരിസ്ഥിതി അധിഷ്ഠിത പ്രവർത്തനങ്ങളെ താങ്ങി നിർത്താൻ കാപ്പി, തേയില, കൊക്കോ, കുരുമുളക്, പഴവർഗങ്ങൾ, എണ്ണക്കുരുക്കൾ, ചെമ്മീൻ തുടങ്ങിയ ഉല്പന്നങ്ങൾക്ക് വർധിച്ച വില നിശ്ചയിക്കുകയാണ് വേണ്ടത്.

4. ഹരിതഗൃഹവാതകങ്ങളുടെ ഉല്പാദനത്തിന് പരിധി വേണം. എന്നാൽ ആളോഹരി അവകാശം അനുവദിക്കുന്ന രീതിയി ലാകണം അത്.

5. ബൗദ്ധിക സ്വത്തവകാശം കൂടുതൽ ഉദാരവൽക്കരിക്കണം. സാങ്കേതികവിദ്യകളുടെ പ്രസരണത്തിന് തടസ്സങ്ങൾ സൃഷ്ടിക്ക രുത്.

അൺസെഡിൻെറ മുന്നോടിയായി രണ്ട് വനിതാസമ്മേളനങ്ങൾ 1991 നവംബർമാസത്തിൽ അമേരിക്കയിലെ മയാമിയിൽ UNEP

സംഘടിപ്പിക്കുകയുണ്ടായി. നവംബർ 4 മുതൽ 8 വരെ നടന്ന പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആഗോളസമ്മേളനത്തിൽ 120 വനിതാസംഘടനാപ്രതിനിധികളും 120 വിദ്യാർഥിപ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. UNEP–യുടെ Senior women's adivisory group (S W A G)-ൻെറ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്. പരിസ്ഥിതിപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിൽ സ്ത്രീകളുടെ ഇടയിൽ പുതിയ അവബോധം സൃഷ്ടിക്കുകയും സ്ത്രീകളുടെ കഴിവുകളെ ഈ ഭൂഗോളത്തിൻെറ സംരക്ഷണത്തിനായി ഉപയോഗിക്കുവാൻ പര്യാപ്തമാക്കുകയും ചെയ്യുക എന്നതായിരുന്നു ഈ സമ്മേളനത്തിൻെറ ഉദ്ദേശം. വെള്ളം, ഊർജം, മാലിന്യം കൈകാര്യം ചെയ്യൽ, പരിസ്ഥിതിയുമായി യോജിച്ചുപോകുന്ന പുതിയ സാങ്കേതികവിദ്യകളുടെ വികാസം എന്നിങ്ങനെ നാലു വിഭാഗങ്ങളായിട്ടാണ് ചർച്ചകൾ നടന്നത്. ലോകത്തെ മൊത്തം ഊർജത്തിൻെറ സിംഹഭാഗവും ഉപയോഗിക്കുന്ന വികസിതരാജ്യങ്ങൾ ഇക്കാര്യത്തിൽ മിതത്വം പാലിക്കണമെന്നും ഒരു രാജ്യത്തിലെ മാലിന്യങ്ങൾ മററൊരു രാജ്യത്തിൽ കൊണ്ടുപോയി നിക്ഷേപിക്കുന്ന നടപടിയെ അപലപിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. തെററായ വികസന പ്രക്രിയയുടെയും കൊളോണിയലിസത്തിൻെറയും ഫലമായിട്ടാണ് തെക്കൻരാജ്യങ്ങളിൽ പട്ടിണിയും പാരിസ്ഥിതിക തകർച്ചയും അമിതമായ ജനസംഖ്യാവർധനവും ഉണ്ടായത്. ഇതിൻെറയൊക്കെ ഫലമായി ലിംഗപരമായ സംഘർഷങ്ങൾ ഉടലെടുത്തു. തെക്കൻരാജ്യങ്ങളിലെ പാരിസ്ഥിതിക തകർച്ചയാൽ ഏററവും കൂടുതൽ കെടുതി അനുഭവിക്കുന്നത് സ്ത്രീകളാണെന്ന് സമ്മേളനത്തിൽ പങ്കെടുത്ത ചില പ്രതിനിധികൾ ചൂണ്ടിക്കാട്ടി. നവംബർ 8 മുതൽ 12 വരെ മയാമിയിൽ വച്ചുതന്നെ Working women's congress for a healthy planet-ഉം നടക്കുകയുണ്ടായി. 1200 വനിതകൾ ഈ മഹാസമ്മേളനത്തിൽ പങ്കെടുത്തു. ജീവനും പ്രകൃതിക്കുംവേണ്ടി വാദിക്കുന്നവർ, പരിസ്ഥിതിസംരക്ഷണത്തിൽ താല്പര്യമുള്ളവർ, പൗരമുൻകൈ സംഘടനകൾ, സമാധാനത്തിനും മനുഷ്യാവകാശങ്ങൾക്കും സ്ത്രീസമത്വത്തിനും മൂന്നാംലോകത്തിനും വേണ്ടി നിലക്കൊള്ളുന്നവർ— ഇവരെല്ലാം ഒന്നുചേർന്ന് ഒരു ഐക്യനിര ഉണ്ടാക്കണമെന്ന് സമ്മേളനം ആഹ്വാനം ചെയ്തു.

## ഭൗമ ഉച്ചകോടി വിജയിക്കണമെങ്കിൽ

ഭൗമ ഉച്ചകോടിക്ക് മുന്നോടിയായി നടന്ന പ്രാഥമികയോഗങ്ങൾ മൂന്നാംലോകരാജ്യങ്ങളെ ചില പാഠങ്ങൾ പഠിപ്പിച്ചുവെന്നു തോന്നുന്നു. ഇത്തരം യോഗങ്ങളിൽ വടക്കൻലോകത്തിനുവേണ്ടിയുള്ള മുദ്രാവാക്യം ഏതാണ്ടിതായിരുന്നു: ''നിങ്ങൾക്കുള്ളതെല്ലാം എൻേറതാണ്. എന്നാൽ എൻേറതെല്ലാം എൻേറതു തന്നെയായിരിക്കും''. ഭൂമി

യുടെ പൊതുവായ ഭാവിക്കുവേണ്ടിയുള്ള ഈ ഏകപക്ഷീയ വീക്ഷണം 'ആഗോളാദർശ'മായി ഘോഷിക്കപ്പെടുകയാണ്. 'ആഗോള പരിസ്ഥിതി'യുടെ നിർമാണം തെക്കിന് നഷ്ടവും, വടക്കിന് ലാഭവുമാണ്. ലോകം മുഴുവൻ എത്തുന്ന കൈകൾ ഉള്ളതിനാൽ വടക്കിന് തെക്കിൽ ഇടപെടാനാകും. തെക്കാകട്ടെ, ഉള്ളിൽ ഒതുങ്ങിക്കഴിയാൻ നിർബന്ധിതമാവുകയും ചെയ്യുന്നു. അതായത് തെക്കിന് ഒരു പ്രാദേശികാസ്തിത്വം മാത്രമേയുള്ളു, വടക്കിനാകട്ടെ ആഗോളതലത്തിൽ ഒരു അസ്തിത്വമുണ്ട്. അങ്ങനെ വരുമ്പോൾ ആഗോള പരിസ്ഥിതി പ്രശ്നങ്ങളുടെ പരിഹാരവും 'ആഗോള'മായ നിലനില്പുള്ള വടക്കുനിന്നുമാത്രമേ വരികയുള്ളു. അപ്പോൾ പരിസ്ഥിതിശാസ്ത്രത്തിൻെറതായ പ്രശ്നങ്ങൾ സാങ്കേതികവിദ്യയുടെയും സാമ്പത്തികത്തിൻെറയും കൈമാററപ്രശ്നങ്ങളായി മാറുന്നു. തെക്കൻലോകത്തിനു വികസിക്കണമെങ്കിൽ വടക്കൻലോകത്തു നിന്ന് സാങ്കേതികവിദ്യയും സാമ്പത്തിക സഹായവും കിട്ടിയേ മതിയാവൂ എന്ന ധാരണ തിരുത്തേണ്ട സമയമായിരിക്കുന്നു. വികസിത രാജ്യങ്ങളുടെ വികസനപാതയിലൂടെ പോകാതെ, തങ്ങൾക്കുചേരുന്ന ഒരു പുത്തൻ വികസനക്രമം വികസ്വരരാജ്യങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. പരിസ്ഥിതിപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ ഇന്ന് പ്രാദേശികസമൂഹങ്ങൾക്ക് പ്രാതിനിധ്യമില്ല പരിസ്ഥിതിയുടെ നാശം തടയണമെങ്കിൽ പ്രാദേശികജനവിഭാഗങ്ങളുടെ ആശാഭിലാഷങ്ങൾ സാക്ഷാത്കരിക്കപ്പെടണം. അവകാശങ്ങളും ബാധ്യതകളും ഉള്ള പ്രാദേശിക സമൂഹങ്ങളുണ്ടായാൽ പുതിയ ലോകക്രമം തന്നെ പരിസ്ഥിതിപ്രശ്നത്തിൽ ഉണ്ടാകാവുന്നതാണ്. എന്നാൽ ഇന്ന് നടക്കുന്നത് ലോകബാങ്കിൻെറയും ഗാട്ടിൻെറയും അന്താരാഷ്ട്ര നാണയനിധിയുടെയും നേതൃത്വത്തിൽ അധികാരകേന്ദ്രീകരണമാണ്. ഈ ആഗോളകേന്ദ്രങ്ങൾ പ്രാദേശികതലത്തിലേക്ക് വികേന്ദ്രീകരിക്കപ്പെടണം. ആഗോളസ്ഥാപനങ്ങളല്ല, നാട്ടുകാരാണ് പ്രകൃതിയുമായി അടുത്തിടപഴകുന്നത്. പ്രാദേശിക ജനതകളുടെ ജനാധിപത്യപരമായ സംയോജനമാണ് ഇന്നത്തെ ആവശ്യം. പരിസ്ഥിതിയുടെ പേരുംപറഞ്ഞ് സാമ്രാജ്യശക്തികൾ ഭൂമി മുഴുവൻ കൈയിട്ടുവരാൻ പരിപാടിയിട്ടിരിക്കുകയാണ്. ഈ രാഷ്ട്രീയ പരിപാടി എതിർത്തു തോല്പിക്കുകയെന്നത് ഭൂമിയിലെ നല്ലവരായ മനുഷ്യരുടെ കടമയാണ്. അഞ്ഞൂറുകൊല്ലങ്ങളിലേറെയായി നിലനിൽക്കുന്ന സാമ്രാജ്യത്വത്തിൻെറ ക്രമങ്ങൾ അവസാനിക്കണമെങ്കിൽ ജനാധിപത്യപരമായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. പ്രാദേശികസ്വാശ്രയത്വവും പ്രാദേശികനിയന്ത്രണങ്ങളും ഉണ്ടായാൽ മാത്രമേ പരിസ്ഥിതിപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ.

1992 ജൂണിൽ നടക്കാനിരിക്കുന്ന ഭൗമ ഉച്ചകോടിയിൽ ഈ ജനാധിപത്യപ്രക്രിയയുടെ തുടക്കം കുറിക്കാനാവണം. ജനാധിപത്യ

വിരുദ്ധമായ ആഗോളാധികാരം നിലനിൽക്കുമ്പോഠം ഭൂമിയിൽ ജനാധിപത്യം പുലരില്ല. അതിനാൽ അധീശശക്തികഠംക്കെതിരെയുള്ള ജനാധിപത്യമുന്നേററം ശക്തിപ്പെടുത്തണം. ആഗോളതലത്തിൽ യുദ്ധഭീഷണിക്കും പരിസ്ഥിതി നാശത്തിനും ശാസ്ത്രസാങ്കേതികവിദ്യകളുടെ ജനവിരുദ്ധമായ ഉപയോഗത്തിനും എതിരായി ജനകീയപ്രസ്ഥാനങ്ങഠം ഇനിയും വളരണം.

ഇതൊക്കെ നടക്കണമെങ്കിൽ നൂററാണ്ടുകളായി അടിച്ചമർത്തലിൻെറയും അവഹേളനത്തിൻെറയും ഭാണ്ഡം ചുമക്കേണ്ടിവന്നതിനാൽ ദരിദ്രരായി മാറിയ ജനങ്ങഠംക്ക് ജീവിതത്തിനുള്ള അവകാശം നേടിക്കൊടുക്കണം.

പാശ്ചാത്യരാജ്യങ്ങഠം അവരുടെ ഇന്നത്തെ ജീവിതരീതിയിലും സാമ്പത്തികക്രമത്തിലും മാററം വരുത്താൻ തയ്യാറാകണം. ലോകമനസാക്ഷി എന്നു ഒന്നുണ്ടെങ്കിൽ അത് സ്ഥിതിചെയ്യുന്നത് തെക്കൻ രാജ്യങ്ങളിലാണ്. വടക്കൻരാജ്യങ്ങഠം അതു മനസ്സിലാക്കണം. ഉത്തര-ദക്ഷിണരാജ്യങ്ങഠംക്കിടയിലുള്ള ഉച്ചനീചത്വങ്ങഠം ഇല്ലാതാക്കാൻ ഉള്ള നടപടികളുമായി സമ്പന്നരാജ്യങ്ങഠം സഹകരിക്കണം. ഉത്തര-ദക്ഷിണസഹകരണത്തിലൂടെ മാത്രമേ പരിസ്ഥിതിപരിരക്ഷയും വികസനവും സമന്വയിപ്പിച്ചുകൊണ്ടുള്ള വികസനതന്ത്രം ആവിഷ്കരിക്കുവാൻ കഴിയൂ. സഹകരണത്തിൻെറയും സഹവർത്തിത്വത്തിൻെറയും അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടാൽ ദാരിദ്ര്യം ഉഠംപ്പെടെയുള്ള എല്ലാ മലിനീകരണങ്ങളും ഭൂമിയിൽനിന്ന് അപ്രത്യക്ഷമാകും. ഇതിനുള്ള ഒരു പശ്ചാത്തലം സൃഷ്ടിക്കുവാൻ ഭൗമഉച്ചകോടിക്ക് കഴിയുമോ? കാലത്തിൻെറ ചുവരെഴുത്ത് മനസ്സിലാക്കി അമേരിക്കയെപ്പോലുള്ള രാജ്യങ്ങഠം ഒരു വീണ്ടുവിചാരത്തിനു തയ്യാറാകുമോ? അങ്ങനെ ചെയ്താൽ 'മനുഷ്യരാശിയുടെ അവസാനത്തെ പ്രതീക്ഷ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ സമ്മേളനം ഒരു പുത്തൻലോകക്രമത്തിനു തുടക്കം കുറിക്കും. അതിനു പകരം ഇന്നത്തെപോലെ ഭീഷണിയുടെയും ഉപരോധത്തിൻെറയും ഭാഷയാണ് അവിടെ ഉപയോഗിക്കാൻ പോകുന്നതെങ്കിൽ ഭൗമഉച്ചകോടി മനുഷ്യചരിത്രത്തിലെ ഏററവും കറുത്ത അധ്യായമായിത്തീരുകയും ചെയ്യും.

ലോകത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ വികാരങ്ങളെ മാനിക്കാൻ സമ്പന്നരാജ്യങ്ങഠം തയ്യാറാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിന് അവരെ പ്രേരിപ്പിക്കാൻ മൂന്നാംലോകരാഷ്ട്രങ്ങളിലെ ജനങ്ങഠം ഒററക്കെട്ടായി നില്ക്കണം. ആ ഐക്യം ഊട്ടി ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങളിലാണ് ശാസ്ത്രസാഹിത്യപരിഷത്തിനെപോലുള്ള ജനകീയശാസ്ത്രപ്രസ്ഥാനങ്ങഠം ഇടപെടേണ്ടത്.

# അനുബന്ധം

## അമേരിക്കയുടെ ഇരട്ടത്താപ്പുനയം

ഒരേതരം പ്രശ്നങ്ങളിൽ സ്വാർഥതാല്പര്യം മുൻനിർത്തി വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുക സമ്പന്നരാജ്യങ്ങളുടെ സ്വഭാവമാണ്. ഒരു രാജ്യത്തിന്റെ പ്രാകൃതികവിഭവങ്ങൾ (ഉദാഹരണം: ആമസോൺ കാടുകൾ) ആ രാജ്യത്തിന്റെ മാത്രം സ്വത്താണെന്ന സങ്കല്പം മാറണമെന്നാണല്ലോ ഏർത്ത് ചാർട്ടർ അനുശാസിക്കുന്നത്. ഭൂമിയിൽ ആകെയുള്ള ഉഷ്ണമേഖലാമഴക്കാടുകളിൽ മുപ്പത്തൊന്ന് ശതമാനവും ആമസോണിലാകുന്നു. സംഘടിതമായ കൈയേററത്തിന്റെ ഫലമായി ആണ്ടുതോറും രണ്ടുകോടി ഏക്കറോളം മഴക്കാടുകൾ ഇവിടെ നശിച്ചുകൊണ്ടിരിക്കുകയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. നാടൻബിസിനസ്സുകാർക്കു പുറമേ അമേരിക്കയിലെ വൻബിസിനസ്സുകാരും ആമസോൺ പ്രദേശങ്ങളുടെ 'വികസന'ത്തിന് വലിയ താല്പര്യം കാണിക്കുന്നുണ്ട്: 'വികസനം' അവരുടെ കാഴ്ചപ്പാടിൽ കാട് നശിപ്പിക്കലാണല്ലോ. യഥാർഥത്തിൽ ആമസോൺ വനങ്ങൾ നഷ്ടപ്പെടുന്നതിനു കാരണം ആയിരക്കണക്കിന് കൊല്ലങ്ങളായി അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന ആദിവാസികളല്ല. യൂറോപ്പിലെയും അമേരിക്കയിലേയും നാഗരികൻമാർക്ക് തിന്നാനുള്ള മാട്ടിറച്ചിക്കുവേണ്ടി കന്നുകാലികളെ വളർത്തുന്നതുകൊണ്ടാണ് അതു സംഭവിക്കുന്നത്. 1987-ൽ ആമസോണിൽ അഞ്ചുകോടി പത്തുലക്ഷം ഏക്കർ പ്രദേശത്തുള്ള വനം ചുട്ടെരിക്കപ്പെട്ടു വത്രെ ഇതേപോലെ പല ഉഷ്ണമേഖലാ മഴക്കാടുകളും നാശത്തെ നേരിടുന്നു. അതിനെ തടുക്കാനാണ് ഇത്തരം കാടുകളെ അന്തർദേശീയവിഭവങ്ങളായി പരിഗണിക്കപ്പെടണമെന്ന് പറയുന്നത്. അത്തരം കാടുകളുടെ സംരക്ഷണത്തിന് വേണ്ട പണം ചെലവഴിക്കാൻ ദരിദ്രരാജ്യങ്ങൾക്കാവില്ല. അതിനാൽ അമേരിക്കൻ ഐക്യനാടുകളെപോലെ സമ്പന്നരാജ്യങ്ങൾ അവരെ സഹായിക്കും! ഒരു നിബന്ധന മാത്രം. ഗവേഷണത്തിനും പഠനത്തിനും ഈ പ്രദേശങ്ങൾ അവർക്ക് തുറന്നുകൊടുക്കണം. ഇതിനെയാണ് മൂന്നാംലോകരാജ്യങ്ങൾ എതിർക്കുന്നത്. തങ്ങളുടെ വിഭവങ്ങൾ സംരക്ഷിക്കാൻ ബാഹ്യശക്തികൾ വരേണ്ടതില്ലായെന്നാണ് മൂന്നാംലോകരാജ്യങ്ങൾ പറയുന്നത്. ഇതിനെ എതിർക്കുകയാണ് അമേരിക്കയും കൂട്ടരും. 1982 ഡിസംബറിൽ ഒരു അന്താരാഷ്ട്രീയ സമുദ്രനിയമം ഉണ്ടാക്കാൻ മുൻകൈയെടുത്ത രാജ്യങ്ങളിലൊന്നാണ് അമേരിക്ക. എന്നാൽ ഈ നിയമം രൂപംകൊണ്ടപ്പോൾ അമേരിക്ക അതിൽ ഒപ്പുവച്ചില്ല ഈ നിയമപ്രകാരം സ്വകാര്യസാമ്പത്തികമേഖലയ്ക്ക് അപ്പുറമുള്ള

പുറംകടൽ ഒരു രാജ്യത്തിന്റെയും സ്വകാര്യസ്വത്തല്ല. ഇത് മനുഷ്യ വർഗത്തിന്റെ പൊതുസ്വത്തായിരിക്കും. ഇവിടെ സാമ്പത്തിക പ്രവർത്തനങ്ങൾ (നോഡ്യൂൾ വാരൽ തുടങ്ങിയവ) നടത്താനുള്ള അധി കാരം ഐക്യരാഷ്ട്രസമിതിക്കായിരിക്കും. സമിതി ആവശ്യക്കാർക്ക് നിശ്ചിതവ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനങ്ങൾക്ക് അനുവാദം നല്കും. ഈ നിയമപ്രകാരം സമുദ്രഖനനം കൊണ്ടുള്ള മെച്ചം പാവപ്പെട്ട രാജ്യങ്ങൾക്കാണ് കൂടുതലായി കിട്ടുക എന്ന കാര ണത്താലാണ് അമേരിക്ക ഈ നിയമം സ്വീകരിക്കാത്തത്. അമേരിക്ക യുടെ നിർബന്ധപ്രകാരം ജർമനി, ബ്രിട്ടൻ, ഇററലി, ബെൽജിയം തുടങ്ങിയ രാജ്യങ്ങളും ഈ നിയമത്തിൽ ഒപ്പുവച്ചില്ല. ഉഷ്ണമേ ഖല മഴക്കാടുകൾ പൊതുസ്വത്താകണം, എന്നാൽ ആഴക്കടൽ പൊതു സ്വത്താകരുത്. എന്തൊരു ഇരട്ടത്താപ്പ് നയം!

## ഇന്ത്യയുടെ ജൈവവൈവിധ്യം

ഇന്ത്യയുടെ ഭൂവിസ്തീർണം 329 ദശലക്ഷം ഹെക്ടറാകുന്നു. ഈ രാജ്യത്തിന്റെ വടക്കേഅററം ലോകത്തിലെ ഏററവും പ്രായം കുറ ഞ്ഞതും ഉയരം കൂടിയതും അത്യന്തം ദുർബലവുമായ പർവതനിര യാൽ (ഹിമാലയം) വലയം ചെയ്യപ്പെട്ടിരിക്കുന്നു. നിരന്തരമായി ഹിമം വർഷിക്കുന്ന പ്രദേശങ്ങളും യഥാർഥ ഉഷ്ണമേഖലാകാലാ വസ്ഥ അനുഭവപ്പെടുന്ന പ്രദേശങ്ങളും ഇന്ത്യയിലുണ്ട്. കണ്ടൽവന ങ്ങളും മഴക്കാടുകളും ചൂടും തണുപ്പുമുള്ള മരുഭൂമികളും ഇവിടെ യുണ്ട്. ഏതാണ്ട് 45,000 സസ്യജനുസ്സുകൾ ഇന്ത്യയിലുണ്ടത്രെ. ഇത് ലോകസസ്യസമ്പത്തിന്റെ 12 ശതമാനത്തോളം വരും. ജൈവ വൈവിധ്യകലവറകളുള്ള പന്ത്രണ്ടു രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. മറെറാരു രാജ്യത്തും കാണാത്ത ഏതാണ്ട് 7000 സസ്യജനുസ്സുകൾ ഇന്ത്യയിലുണ്ട്. അവയിൽ 3000 ജനുസ്സുകൾ ഹിമാലയം, ഘാസി, മേഘാലയ മേഖലയിലും 2000 ഡെക്കാൺ മേഖലയിലും കാണുന്നു. താഴെകാണുന്ന പട്ടിക ഇന്ത്യയുടെ ജൈവസമ്പത്തിനെ സൂചിപ്പി ക്കുന്നു.

| | ഇന്ത്യ | ലോകം | ശതമാനം |
|---|---|---|---|
| പുഷ്പ സസ്യങ്ങൾ | 15,000 | 2,50,000 | 6.0 |
| ഉഭയ ജീവികൾ | 182 | 4,184 | 4.4 |
| ഇഴ ജന്തുക്കൾ | 453 | 63,00 | 7.2 |
| പക്ഷികൾ | 1,200 | 9,198 | 13.0 |
| സസ്തനികൾ | 350 | 4,170 | 8.4 |

ഇന്ന് കൃഷിചെയ്യപ്പെടുന്ന 2503 സസ്യജനുസ്സുകളിൽ 320 (12.8%) എണ്ണം ഇന്ത്യോ-ചൈനീസ്—ഇന്ത്യോനേഷ്യ മേഖലകളിൽ നിന്ന് 297 (11.9%) ചൈനീസ്-ജപ്പാൻ മേഖലയിൽനിന്നും 292 ജനുസ്സുകൾ വീതം (11.9%) ആഫ്രിക്കൻ മേഖലയിൽനിന്നും ദക്ഷിണ അമേരിക്കൻ മേഖലയിൽനിന്നും വന്നതാണ്. 167 ജനുസ്സുകളോടെ (6.7%) ഇന്ത്യ ലോകത്ത് ഏഴാംസ്ഥാനത്ത് നില്ക്കുന്നു. പുഷ്പ സസ്യജനുസ്സുകളിൽ 33 ശതമാനവും ചില പ്രത്യേക പ്രദേശങ്ങിളൽ (26 പ്രദേശങ്ങളിൽ)മാത്രം ഒതുങ്ങിനിൽക്കുന്നു, ഭൂമിയിൽ ജൈവവൈവിധ്യം കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയത് വാവിലോവ് എന്ന റഷ്യൻ ശാസ്ത്രജ്ഞനാണ്. ജേംപ്ലാസം ഖജാനകൾ(Germ plasm treasuries)എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ പ്രദേശങ്ങളിലാണ് ഇന്ന് നാം കൃഷിചെയ്യുന്ന വിളകളുടെ പ്രാകൃതചാർച്ചക്കാർ ഉള്ളത്. വാവിലോവിയൻ പ്രദേശങ്ങൾ മിക്കവാറും മൂന്നാംലോകരാജ്യങ്ങളിൽ സ്ഥിതിചെയ്യുന്നു. വിരോധാഭാസം എന്നു പറയട്ടെ, ഈ രാജ്യങ്ങളിൽ തന്നെയാണ് ദാരിദ്ര്യവും കേന്ദ്രീകരിച്ചിരിക്കുന്നത്. ജേംപ്ലാസം ഖജാനകളെ സ്വന്തമാക്കാനുള്ള നീക്കമാണ് സമ്പന്നരാജ്യങ്ങൾ നടത്തുന്നത്.

## സസ്യജനിതകവിഭവങ്ങളുടെ നിയന്ത്രണം ആരുടെ കൈയിൽ?

| രാജ്യങ്ങളുടെ ഗ്രൂപ്പുകൾ | ശതമാനം |
|---|---|
| 1) പാശ്ചാത്യവികസിത രാജ്യങ്ങൾ (US 22%, UK 4%) | 41 |
| 2) മുൻസോവിയററ് യൂണിയൻ | 7 |
| 3) മുൻസോഷ്യലിസ്ററ് രാജ്യങ്ങൾ (USSR ഒഴിച്ച്) | 7 |
| 4) വികസ്വര രാജ്യങ്ങൾ (ഇന്ത്യ 6%, മലേഷ്യ 6%, ചൈന 3%) | 31 |
| 5) അന്താരാഷ്ട്ര കാർഷികഗവേഷണകേന്ദ്രങ്ങൾ | 14 |

## നാം ഭക്ഷ്യപ്രതിസന്ധിയെ നേരിടുമോ?

പ്രധാനപ്പെട്ട ഭക്ഷ്യവിളകളുടെ ജേംപ്ലാസം (Germ plasm) ആരുടെ നിയന്ത്രണത്തിലാണെന്ന് താഴെക്കാണുന്ന കണക്കുകൾ വ്യക്തമാക്കുന്നു. ഇവയുടെ എല്ലാം പ്രാകൃതചാർച്ചക്കാർ ദക്ഷിണ രാജ്യങ്ങളിലാണ" എന്ന് പ്രത്യേകം ഓർക്കുക. ഭക്ഷ്യവിളകളുടെ കുത്തകയും ഉത്തര രാജ്യങ്ങളിലേക്ക് നീങ്ങുന്നുവെന്ന സൂചന ഇവിടെയുണ്ട്. നമ്മുടെ 'കഞ്ഞി മുട്ടിക്കാൻ' അവർക്ക് കഴിയും; നാം കരുതിയിരുന്നില്ലെങ്കിൽ.

| വിള | വടക്കൻ രാജ്യങ്ങളുടെ ശതമാനം | തെക്കൻ രാജ്യങ്ങളുടെ ശതമാനം | അന്താരാഷ്ട്ര കാർഷിക ഗവേഷണകേന്ദ്രങ്ങളുടെ ശതമാനം |
|---|---|---|---|
| ഗോതമ്പ് | 75 | 21 | 4 |
| നെല്ല് | 22 | 44 | 34 |
| ചോളം | 56 | 29 | 15 |
| ബാർളി | 80 | 12 | 8 |
| സൊർഗം | 52 | 27 | 21 |
| ചാമ | 36 | 35 | 29 |

## കടിച്ച പാമ്പിനെകൊണ്ടുതന്നെ ......

സാങ്കേതികവിദ്യ സൃഷ്ടിച്ച കേടുപാടുകൾ തീർക്കാൻ സാങ്കേതികവിദ്യതന്നെ ഉപയോഗിച്ചുകൂടേ? പെട്ടെന്ന് ചെയ്യാൻപററിയ 'പൊടിക്കൈ' പ്രയോഗങ്ങൾ വല്ലതും ഉണ്ടോ? ഇല്ലെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. എങ്കിലും യാന്ത്രികവും രാസികവും ആയ മാർഗംവഴി ഓസോൺവാതകത്തെ പുനഃസ്ഥാപിക്കുവാൻ പററിയ മാർഗങ്ങളെക്കുറിച്ച് അവർ ദിവാസ്വപ്നങ്ങൾ കാണുന്നു. ഇതുവഴി ഓസോൺപാളിക്ഷയത്തിൻെറ ഗൗരവം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അവരുടെ വിചിത്രഭാവനയിൽ തെളിഞ്ഞ സാങ്കേതികപരിഹാരങ്ങൾ പലപ്പോഴും നീണ്ട ചർച്ചകൾക്കും വിശകലനങ്ങൾക്കും വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ട്. സാധാരണയായി നിർദേശിക്കപ്പെടുന്ന ഒരു മാർഗം ഇതാണ്. അന്തരീക്ഷമണ്ഡലത്തിൽ കീഴ്ഭാഗത്തുള്ള ഓസോൺവാതകത്തെ സമതാപമാനമണ്ഡല (stratosphere)ത്തിലേക്ക് ഉയർത്തിക്കൂടേ? ഈ ചോദ്യത്തിന് ഷെർവുഡ്റോലാൻഡ് എന്ന രസതന്ത്രജ്ഞൻ ഇപ്രകാരം മറുപടി പറയുന്നു: 'ഓസോൺവാതകത്തിൻെറ 30 ശതമാനവും സമതാപമാനമണ്ഡലത്തിലാണ്. അവിടെനിന്ന് താഴെ നീങ്ങുകയല്ലാതെ, താഴെയുള്ള ഓസോൺ ഒരിക്കലും മേൽഭാഗത്തേക്ക് നീങ്ങാറില്ല. ഇനി താഴെയുള്ള ഓസോണിനെ മേൽഭാഗത്തേക്ക് എത്തിക്കാൻ ശ്രമിക്കുകയാണെന്ന് വിചാരിക്കുക. ഇതിനു വളരെയധികം ഊർജം ഉപയോഗിക്കേണ്ടിവരും. കുറച്ചൊന്നും അല്ല, ഇന്ന് ലോകത്താകമാനം ഉപയോഗിക്കുന്ന ഊർജത്തിൻെറ 2½ ഇരട്ടി. ലോകത്തുള്ള എല്ലാ വൈദ്യുത നിലയങ്ങളും, അവസാനത്തെ കഷ്ണം കല്ക്കരിയും, എല്ലാ എണ്ണടാങ്കുകളും ഉപയോഗിച്ചാൽപോലും ആവശ്യത്തിന് ഊർജമാവുകയില്ല'.

സമതാപമാനമണ്ഡലത്തിൽ ഏതാണ്ട് 320 ദശലക്ഷം മെട്രിക് ടൺ ഓസോൺ ഉണ്ടത്രെ. പ്രത്യേക സജ്ജീകരണങ്ങളും ഉപായങ്ങളും സന്നാഹങ്ങളുമുള്ള 747 ചരക്കുവിമാനങ്ങൾ 350,000 കടത്തു

കരം (trips) എടുത്താൽ മാത്രമേ ഈ വാതകത്തിൻെറ 10 ശതമാനമെങ്കിലും പുനഃസ്ഥാപിക്കാൻ കഴിയുകയുള്ളു. കാലാവസ്ഥാ എഞ്ചിനീയർമാർ നിർദേശിച്ച മറെറാരു മാർഗമിതാ കൂററൻ ബുളളററുകളിൽ ഉറഞ്ഞുകട്ടിയായ ഓസോൺ നിറച്ച് അന്തരീക്ഷമേലേപ്പരപ്പിലേക്ക് പായിക്കുക. എന്നാൽ ഈ കൂററൻ ബുളളററുകരം പായിക്കാൻ പററിയ ആയിരക്കണക്കിന് തോക്കുകരം രൂപകല്പന ചെയ്യുവാനോ നിർമിക്കാനോ ഉള്ള സാങ്കേതികവിദ്യ ഇന്ന് ലഭ്യമല്ല. അത്യുന്നതമർദത്തിൽ ഉറയിച്ച് കട്ടിയാക്കിയ ഓസോൺ അപകടകരമാംവിധം സ്ഫോടനശേഷിയുള്ളതാകുന്നു. ഈ രണ്ടു മാർഗങ്ങളും ഒരു കാലത്ത് സാധ്യമായിത്തീർന്നാൽ തന്നെ, C F C -കരം തുടർച്ചയായി അന്തരീക്ഷത്തിലേക്ക് വിസർജിക്കപ്പെട്ടുകൊണ്ടിരുന്നാൽ, മനുഷ്യൻ സമതാപമാനമണ്ഡലത്തിൽ എത്തിക്കുന്ന ഓസോണും കവർന്നെടുക്കപ്പെടും.

അതിനാൽ, പല ഗവേഷകരും കുററവാളികളായ C F C തന്മാത്രകളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. കാലിഫോർണിയ യൂണിവേഴ്സിററിയിലെ കാലാവസ്ഥാശാസ്ത്രജ്ഞന്മാർ അന്തരീക്ഷത്തിലേക്ക് ഈഥേൻ, പ്രൊപ്പേൻ എന്നീ രണ്ട് രാസികങ്ങരം പീച്ചാനുള്ള ശ്രമത്തിലാണിപ്പോരം. ഈ രാസികങ്ങരം C F C കളുമായി ചേർന്ന്, ഹൈഡ്രോക്ലോറിക്ക് അമ്ളത്തിൻെറ വളരെ നേർത്തൊരു ലായനി ഉണ്ടാക്കുന്നു. ഇത് ഓസോൺപാളിയെ ദോഷകരമായി ബാധിക്കുന്നില്ല. ഏതാണ്ട് 100 വർഷങ്ങളോളം നീണ്ടുനില്ക്കുന്ന C F C-കളുടെ ഓസോൺ ശോഷണ ചക്രത്തെ തടഞ്ഞുനിർത്താൻ ഈ തന്ത്രത്തിന് കഴിയും. അടുത്ത ഏതാനും ദശകങ്ങളിൽ പ്രതിവർഷം മുപ്പത് ദിവസം ആയിരം ജംബോജെററ് വിമാനങ്ങളിൽ മേൽപറഞ്ഞ രാസികങ്ങരം അന്തരീക്ഷത്തിൽ എത്തിച്ചാൽ മതിയാകും. ഇതിനുവേണ്ട രാസികങ്ങരം എളുപ്പത്തിൽ ലഭ്യമാകുന്നവയാണ്. പക്ഷേ, ഈ പദ്ധതി വിജയിക്കണമെങ്കിൽ ഈ രാസികങ്ങരം അന്തരീക്ഷത്തിൽ 15—25 കിലോമീററർ ഉയരത്തിൽ വിന്യസിപ്പിക്കണം. ഇന്നത്തെ വിമാനങ്ങരംക്ക് തുടർച്ചയായി അത്രയും ഉയരത്തിൽ പറക്കാൻ സാധ്യമല്ല കൂടാതെ ഈ പദ്ധതി തിരിച്ചടിക്കാൻ സാധ്യതയുണ്ടെന്ന്-അതായത് കൂടുതൽ ഓസോൺശോഷണത്തിന് ഇടയാകുമെന്ന്-ചിലർ സംശയം പ്രകടിപ്പിക്കുന്നു.

C F C-കരം സമതാപമാന മണ്ഡലത്തിൽ എത്തുന്നതിനുമുമ്പ അവയെ ലേസർരശ്മികരം ഉപയോഗിച്ച് വായുവിൽനിന്ന് തട്ടിത്തെറിപ്പിക്കാൻ കഴിയുമെന്ന് പ്രിൻസ്ററൺ യൂണിവേഴ്സിററിയിലെ ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഒരു നിശ്ചിത തരംഗദൈർഘ്യമുള്ള ലേസർരശ്മികളുടെ ഒരു ശ്രേണി ഉപയോഗിച്ച് C F C തന്മാത്രകളെമാത്രം നശിപ്പിക്കാൻ സാധിക്കുമത്രേ. ഇതിനും വളരെയധികം ഊർജം ആവശ്യമായിവരും.

ഈ നിർദേശങ്ങളെല്ലാം ഇപ്പോഴും 'ഏട്ടിലെ പശു'വാണ്. പ്രതിരോധമല്ലേ ചികിത്സയേക്കാഠം നല്ലത്? CFC-കഠംക്കുപകരംവയ്ക്കാവുന്ന രാസികങ്ങഠം കണ്ടുപിടിക്കുകയും CFC-കളുടെ അമിത ഉപഭോഗം കുറയ്ക്കുകയും ചെയ്യുന്നതല്ലേ കൂടുതൽ അഭികാമ്യം?

## വായുമണ്ഡലസംരക്ഷണത്തെപ്പററി ഹേഗ്പ്രഖ്യാപനം

ഭൂമിയുടെ മുകളിലെ വായുമണ്ഡലത്തെ സംരക്ഷിക്കുന്നതിന് ആധാരമായി വർത്തിക്കേണ്ട അഞ്ചു തത്വങ്ങളും ഈ തത്വങ്ങഠം പ്രായോഗികങ്ങളാക്കുന്നതിനു കൈക്കൊള്ളേണ്ട ഏതാനും നടപടികളും അടങ്ങിയ ഒരു അന്താരാഷ്ട്രീയപ്രഖ്യാപനം നെതർലാൻഡ്സിലെ ഹേഗ്നഗരത്തിൽ 1989 മാർച്ച് 11-ാംതീയതി പ്രസിദ്ധീകരിക്കുകയുണ്ടായി.

1 താപവർധന തടഞ്ഞ് വായുമണ്ഡലത്തെ ഇന്നത്തെ നിലയിൽ നിർത്തുന്നതിന് ഐക്യരാഷ്ട്ര സംഘടനയ്ക്കകത്ത് ഇന്നുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയോ പുതിയ സംവിധാനങ്ങഠം നിർമിച്ചോ പുതിയ അധികൃതസംവിധാനങ്ങഠം ഉണ്ടാകണം. ഈ അധികൃതസംവിധാനങ്ങളുടെ തീരുമാനങ്ങഠം സർവസമ്മതമില്ലെങ്കിൽകൂടി നടപ്പിൽ വരുത്തുകയും വേണം.

2 വായുമണ്ഡലസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഐക്യരാഷ്ട്രസംഘടനയ്ക്കകത്തുള്ള അധികൃതസംവിധാനം പഠനങ്ങഠം നടത്തണം. എല്ലാ രാഷ്ട്രങ്ങളും ഈ സംവിധാനത്തിന് ആവശ്യമുള്ള വിവരങ്ങഠം നൽകണം. വായുമണ്ഡലത്തിൻെറ സംരക്ഷണം സംബന്ധിച്ച ശാസ്ത്രീയസാങ്കേതികവിജ്ഞാനം എല്ലാ രാഷ്ട്രങ്ങഠംക്കുമിടയിൽ സ്വതന്ത്രമായി പ്രചരിപ്പിക്കണം. ഇതിനുള്ള ഉപകരണങ്ങഠം നിർമിക്കുകയും നിലവാരങ്ങഠം നിർണയിക്കുകയും വേണം.

3 മേല്പറഞ്ഞ അധികൃതസംവിധാനത്തിൻെറ തീരുമാനങ്ങഠം ഫലപ്രദമായി നടപ്പിൽ വരുത്താൻ ഉചിതമായ നടപടികഠം ഐക്യരാഷ്ട്രസംഘടന കൈക്കൊള്ളണം. ഈ തീരുമാനങ്ങഠം അന്താരാഷ്ട്രകോടതിയുടെ നിയന്ത്രണത്തിന് വിധേയങ്ങളായിരിക്കണം.

4 വായുമണ്ഡലസംരക്ഷണം സംബന്ധിച്ച തീരുമാനങ്ങഠം ഏതെങ്കിലും രാജ്യങ്ങഠംക്ക്, അവ എത്തിനിൽക്കുന്ന വികാസദശയും വായുമലിനീകരണത്തിൽ അവയ്ക്കുള്ള പങ്കുംമൂലം ദുർവഹങ്ങളായ പ്രത്യേക ബാധ്യതകഠം വരുത്തുകയാണെങ്കിൽ ഈ ബാധ്യതകഠം നിറവേററുവാൻ ഈ രാജ്യങ്ങഠംക്ക് ന്യായമായ സഹായവും പ്രതിഫലവും നൽകേണ്ടതാണ്. ഇതിനുള്ള ഏർപ്പാടുകഠം ഉണ്ടാക്കണം.

5 ഈ തത്വങ്ങൾ സാക്ഷാത്കരിക്കുന്നതിന് സംഘടനാപരമായും സാമ്പത്തികമായും ഫലപ്രദവും യുക്തിസംഗതവുമായ അസ്ഥിവാരം നിർമിക്കാൻ ആവിഷ്ക്കരിക്കേണ്ട നിയമവ്യവസ്ഥകളെപ്പററി കൂടിയാലോചിക്കണം.

## ആരാണ് മൗറീസ് സ്ട്രോങ്ങ്?

അൺസെഡി (UNCED)-ൻെറ സെക്രട്ടറി ജനറലായി നിയമിതനായ മൗറീസ് സ്ട്രോങ്ങ് ഒരു വിവാദ പുരുഷനായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിൻെറ ഭൂതകാലമാണ്, ഇന്ന് അദ്ദേഹം അലങ്കരിക്കുന്ന സ്ഥാനത്തിന് യോഗ്യനാണോയെന്ന സംശയം ചിലരിൽ ഉണ്ടാക്കിയിരിക്കുന്നത്. എണ്ണ വ്യാപാരത്തിൽ കോടിക്കണക്കിന് ഡോളർ സമ്പാദിച്ചയാളാണ് സ്ട്രോങ്ങ്. 25 വയസ്സുള്ളപ്പോൾ തന്നെ ഡോം പെട്രോളിയം എന്ന കമ്പനിയുടെ വൈസ്പ്രസിഡൻറായിത്തീർന്നു ഈ കാനഡക്കാരൻ. ആറ് വർഷങ്ങൾക്കുശേഷം, 1960-ൽ അദ്ദേഹം കാനഡ പവർ കോർപ്പറേഷൻെറ ചെയർമാനായി. 1978-ൽ സ്ട്രോങ്ങും പത്നി ഹാനും കൂടി ചേർന്ന് കോളറാഡോയിൽ ബാക്കാസ്പിരിച്വൽ കമ്മ്യൂണിററിയെന്ന സംഘം രൂപീകരിച്ചു. ഗൂഢവിദ്യയിലും ആത്മവിദ്യയിലും വിശ്വസിക്കുന്നവരുടെ സംഘമായിരുന്നു ഇത്. സ്ട്രോങ്ങ് ദമ്പതികൾ തുറന്ന പുത്തൻ ലോക (New Agers) ക്കാരായിരുന്നു. ആധ്യാത്മിക നവോത്ഥാനത്തിലൂടെ മാത്രമേ, മനുഷ്യൻ പ്രകൃതിയിലുണ്ടാക്കിയ നാശത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളുവെന്ന് വിശ്വസിക്കുന്നയാളാണ് അൺസെഡിൻെറ സെക്രട്ടറി ജനറൽ. ഈ നവോത്ഥാനത്തിൻെറ വിത്താണ് 'ബാക്കാ' എന്ന് അദ്ദേഹം അവകാശപ്പെടുന്നു. ഐക്യരാഷ്ട്രസഭാവേദികളിൽ വളരെയധികം സ്വാധീനം ഉള്ളയാളാണത്രെ മൗറീസ് സ്ട്രോങ്ങ്. ബാക്കാ ഗ്രാമത്തിൽ താമസിക്കുന്നവരിൽ കാർമലൈററ് സന്യാസിമാർ, ബുദ്ധഭിക്ഷുക്കൾ, സ്ട്രോങ്ങിൻെറ ധനിക സുഹൃത്തുക്കൾ തുടങ്ങിയവർ ഉൾപ്പെടുന്നു.

## സാമ്പത്തിക തകർച്ചയിൽപെട്ട ആതിഥേയരാഷ്ട്രം

നൂറോളം രാഷ്ട്രത്തലവന്മാർ ഉൾപ്പെടെ ഭൗമ ഉച്ചകോടിയിൽ പങ്കെടുക്കുന്ന 20000-ത്തോളം പേർക്ക് ആതിഥേയമരുളുവാൻ ചക്രശ്വാസം വലിക്കുകയാണ് ബ്രസീൽ വ്യാവസായിക രാജ്യമായി ഉയർത്തെഴുന്നേററ ഈ മൂന്നാംലോക രാജ്യം ഇന്ന് കടക്കെണിയിൽപ്പെട്ടിരിക്കുന്നു. സാമ്പത്തിക ഞെരുക്കം മൂലം, സമ്മേളന ചെലവിനായി ബജററിട്ടിരുന്ന 46 ദശലക്ഷം ഡോളറിൽ കാര്യമായി വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. റിയോഡിജനീറോയിലെ വിസ്തൃതമായ ഒരു റേസ്കോഴ്സ് ഗ്രൗണ്ട് സമ്മേളനത്തിനായി

ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. സമ്മേളനത്തിന് എത്തുന്ന വിശിഷ്ടാതിഥികളുടെ സുരക്ഷിത നടപടികൾക്കുതന്നെ 15 ദശലക്ഷം ഡോളർ ചെലവാകുമെന്ന് കരുതപ്പെടുന്നു. അതേസമയം മാൽത്ത്യൂസിയൻ നയങ്ങൾ വീണ്ടും സാമ്പത്തിക-വികസനരംഗങ്ങളിൽ അടിച്ചേല്പിക്കാൻ വേണ്ടി ഏർപ്പെടുത്തിയ സമ്മേളനമാണിതെന്നും അതിനാൽ അത് നിർത്തിവയ്ക്കണമെന്നും പ്രസിദ്ധ ബ്രസ്സീലിയൻ ജേർണലിസ്ററായ ലോറൻസോ കാരാസ്ക്കോ ബസുവ വാഷിങ്ടണിൽ ഇറക്കിയ ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

## UNCED: ഇന്ത്യൻ സമീപനം (മന്ത്രി കമൽനാഥിൻെറ Prepcom പ്രസംഗം)

ഈ കോൺഫറൻസ് പ്രയോജനകരമാകണമെങ്കിൽ വികസ്വരരാജ്യങ്ങളുടെ അടിസ്ഥാനപരമായ ഉത്കണ്ഠകൾക്ക് സമാധാനം കാണണം. ലോകത്തെമ്പാടുമുള്ളവർക്ക് രക്ഷാബോധവും ഈടുറപ്പുള്ള സമാധാനവും ഉണ്ടെങ്കിൽ മാത്രമെ ലോകത്തിൽ എല്ലാ മനുഷ്യർക്കും സന്തോഷമുണ്ടാവു. താഴെപറയുന്ന നാലു കാര്യങ്ങൾ വീണ്ടും ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു:

ഒന്ന് : ആഗോള സാമ്പത്തിക വ്യവസ്ഥയിൽ അനീതി നിലനിൽക്കുന്നിടത്തോളം കാലം ഉദ്ദേശിക്കുന്ന വേഗതയിൽ നമ്മുടെ വികസനം സാധിതമാവണമെങ്കിൽ നമുക്ക് ആവശ്യത്തിന് കൂടുതൽ മുടക്കുമുതൽ വേണ്ടിവരും.

രണ്ട്: മുടക്കുമുതൽ കിട്ടേണ്ടത് ആഗോള പരിസ്ഥിതി ശോഷണത്തിന് കാരണക്കാരായവരിൽ നിന്നാണ്. അതായത് വ്യവസായവൽകൃത വികസിതരാഷ്ട്രങ്ങളാണ് വികസ്വരരാജ്യങ്ങൾ ചിലവിടേണ്ടിവരുന്ന അധിക ചിലവുകൾ വഹിക്കേണ്ടത്.

മൂന്ന്: പരിസരസംരക്ഷണത്തിനും വികസനത്തിനും ധനസഹായം നൽകേണ്ടത് ഇന്നുവരെ അവലംബിച്ചുപോന്ന അന്താരാഷ്ട്ര സഹായനിധിയുടെ രീതിയിലാവരുത്. ഗുണപരമായ പ്രത്യേക മാനദണ്ഡങ്ങളായിരിക്കണം അതിനെ നിയന്ത്രിക്കുന്നത്. ആഗോള പങ്കാളിത്തമായിരിക്കണം അതിൻെറ അന്തഃസത്ത.

നാല്: ഈ പുതിയ ധനസഹായത്തിൻെറ ഒഴുക്ക് നിയന്ത്രിക്കുന്ന പ്രക്രിയകൾ ജനാധിപത്യവും രഹസ്യസ്വഭാവമല്ലാത്തതുമാവണം. എങ്കിൽ മാത്രമേ കൊടുക്കുന്നവനും വാങ്ങുന്നവനും വിശ്വാസ്യതയുണ്ടാവു. ആയുധസംഭരണ മത്സരത്തിനുശേഷം ഒരു പിച്ചസംഭരണമത്സരത്തിന് ഇട നൽകരുത്. എല്ലാവരും ഭീഷണിക്ക് വിധേയമായിട്ടുള്ള ഈ ലോകത്തിൽ ആരും പിച്ച തെണ്ടുന്ന അവസ്ഥ ഉണ്ടാകരുത്.

അജണ്ട-21 നടപ്പാക്കുവാൻ വേണ്ടിവരുന്ന പണത്തെപ്പററി സംസാരമുണ്ടായിരുന്നു. 125 ബില്യൺ US ഡോളർ വേണ്ടിവരും എന്ന്

അദ്ഭുതത്തോടെ ചിലർ ഒച്ചവയ്ക്കുന്നതു കേട്ടു. ഇത് വൻകിട രാഷ്ട്രങ്ങളുടെ GNP-യുടെ ഒരു ചെറിയ അംശം മാത്രമേ വരുന്നുള്ളു എന്നോർക്കുക. ഇപ്പോഴത്തന്നെ ഈ ചിലവിനുള്ള തുക ഉണ്ടാക്കും എന്ന് തീരുമാനിക്കണം, അതിനുള്ള സ്രോതസ്സുകൾ കണ്ടുവയ്ക്കണം.

ടെക്നോളജി ട്രാൻസ്ഫറാണ് മററൊരു വിവാദവിഷയം. വികസ്വരരാജ്യങ്ങൾ ബൗദ്ധികസ്വത്തവകാശത്തെ അംഗീകരിക്കുന്നു. പക്ഷേ, അത് പരിസ്ഥിതിയോജ്യമായ നല്ല സാങ്കേതികവിദ്യകൾ വികസ്വരരാജ്യങ്ങളിലേക്ക് പകരുന്നതിന് തടസ്സമാകരുത്. ഇന്ന് വികസ്വരരാജ്യങ്ങൾ ഉപയോഗിക്കുന്നത് തള്ളിക്കളയേണ്ടതും, ആധുനികമല്ലാത്തതുമാണെങ്കിൽ അവ ഉപേക്ഷിക്കാൻ ഉപദേശിക്കേണ്ടത് പുതിയ സൗജന്യമായി നൽകിക്കൊണ്ടാവണം.

ആഗോളമെന്നും പ്രാദേശികമെന്നും രണ്ടുതരം പരിസര പ്രശ്നങ്ങളില്ല എന്നാണ് ഇന്ത്യ കരുതുന്നത്. ഇത്തരം വർഗീകരണം കൃത്രിമവും നമ്മുടെ ചർച്ച മർമത്തിൽനിന്നു . മാററിപ്പോവാൻ സഹായിക്കുന്നതുമാവും. വനനശീകരണം, മരുവൽക്കരണം, ഭൂദുരുപയോഗം എന്നിവ തടയുന്നത് ആഗോളപ്രയോജനം ഉണ്ടാക്കുന്നതാണെന്ന് ഞങ്ങൾ കരുതുന്നു. പ്രത്യേകിച്ച് ഭൗമ താപനരംഗത്തും ജൈവവൈവിധ്യരംഗത്തും. പ്രശ്നങ്ങളെ നാം 'നമ്മുടെ പ്രശ്നങ്ങൾ' എന്നും 'അവരുടെ പ്രശ്നങ്ങൾ' എന്നും വകതിരിക്കുന്നതും, അന്തർദേശീയ സാമ്പത്തിക സഹകരണത്തെപ്പററി പുനഃചിന്തനം ചെയ്യാതിരിക്കുന്നതും പ്രശ്നപരിഹാരത്തിൽ നമ്മെ എത്തിക്കില്ല.

വ്യാവസായികവും വാണിജ്യപരവുമായ വിഭവ അമിത ചൂഷണമാണ് പരിസരശോഷണത്തിനു കാരണം എന്നുമാത്രം കരുതി മുന്നേറുന്നതു ശരിയല്ല. അസമവികസനവും പ്രശ്നമാണ്. ലോകത്തിലെ ചില പ്രദേശങ്ങൾ അമിതമായി വികസനം പ്രാപിച്ചിട്ടുള്ളത് മററു ചില പ്രദേശത്തിൻെറ ചിലവിലാണ്. അതാണ് വികസ്വരരാജ്യങ്ങൾക്ക് വേണ്ടരീതിയിൽ വികസിക്കാൻ സൗകര്യം കിട്ടാഞ്ഞതിനു കാരണം.

## ഇന്ത്യയും മോൺട്രിയൽ ഉടമ്പടിയും

CFC കൾ, ഹാലോണുകൾ എന്നീ രാസവസ്തുക്കളുടെ നിർമാണവും ഉപഭോഗവും നിയന്ത്രിക്കുകയും ക്രമേണ തീരെ ഇല്ലാതാക്കുകയുമാണ് ഓസോൺ മണ്ഡലക്ഷയമെന്ന വിപത്തിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗമെന്ന് ഇപ്പോൾ പരക്കെ സ്വീകാര്യമായിട്ടുണ്ട്. യു. എൻ. ഇ. വി തയ്യാറാക്കിയതും 35 രാഷ്ട്രങ്ങൾ 1987-ൽ കാനഡയിലെ മോൺട്രിയൽ നഗരത്തിൽ ഒപ്പുവച്ചതുമായ ഉടമ്പടി ഈ രംഗത്തിൽ പ്രായോഗികമായ ആദ്യത്തെ കാൽവെപ്പായിരുന്നു. ഓസോൺ

ക്ഷയത്തിന് കാരണമായി തീരുന്ന രാസവസ്തുക്കളുടെ നിർമാണം 1986-ലേതിൽനിന്ന് വർധിപ്പിക്കാതിരിക്കാനും 1998 ആകുമ്പോ ഴേക്കു പകുതികണ്ട് കുറയ്ക്കാനും ഈ ഉടമ്പടി വ്യവസ്ഥ ചെയ്യുന്നു. ഇന്ത്യയടക്കം 124 രാഷ്ട്രങ്ങളുടെ പ്രതിനിധികം 1989 മാർച്ച് 5,6,7 തീയതികളിൽ ലണ്ടനിൽ ചേർന്ന് ഈ പ്രശ്നം ആഴ ത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ഈ സമ്മേളനത്തെ തുടർന്ന് 14 രാഷ്ട്രങ്ങരംകൂടി മോൺട്രിയൽ ഉടമ്പടിയിൽ ഒപ്പു വയ്ക്കുന്ന കാര്യം ആലോചിക്കാമെന്ന് സമ്മതിച്ചു. എന്നാൽ അന്ന് ഇന്ത്യയും ചൈനയും ഈ ഉടമ്പടിയിൽ ഒപ്പു വച്ചില്ല. ഇന്നത്തെ സാഹചര്യ ത്തിൻ CFC-കളുടെ നിർമാണവും ഉപഭോഗവും കുറയ്ക്കാൻ സാധ്യമ ല്ലെന്നാണ് ഇന്ത്യയുടെ നിലപാട്. ഇന്ന് ലോകോല്പാദനത്തിൻെറ ഇരുനൂറിൽ ഒരു ഭാഗം മാത്രമാണ് CFC-കളുടെ ഇന്ത്യൻ ഉല്പാദനം. അതിവേഗം വളർന്നുവരുന്ന ശീതീകരണ വ്യവസായത്തിന് ഈ രാസികങ്ങളോ, അവയ്ക്കു പകരം നിൽക്കാവുന്ന മററു രാസികങ്ങളോ കൂടുതലായി ഉല്പാദിപ്പിക്കേണ്ടതുണ്ട്. 1989-ൽ ഇന്ത്യാ ഗവൺ മെൻറ് ഉത്തരവിട്ട ഒരു പഠനപ്രകാരം CFC-കരം മററു രാസികങ്ങളി ലേക്ക് മാറാൻ ഏതാണ്ട് 200 കോടി ഡോളർ ചെലവാകുമെന്ന് കാണു കയുണ്ടായി. ഇത് ഇന്ത്യൻ സർക്കാറിന് താങ്ങാനാവില്ല. CFC-കളുടെ കയററുമതിയിലും ഇന്ത്യയ്ക്ക് താല്പര്യമുണ്ട്. CFC സാങ്കേതിക വിദ്യയ്ക്കു പകരംനിൽക്കാവുന്ന സാങ്കേതികവിദ്യ ഡ്യൂപോണ്ട്, ഐ. സി. ഐ. തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളുടെ കൈവശ മുണ്ട്. അവരിൽനിന്ന് അത് വാങ്ങാനുള്ള സാമ്പത്തികശേഷി ഇപ്പോരം നമുക്കില്ല. ബദൽ സാങ്കേതികവിദ്യ നാമമാത്രമായ വിലയ്ക്ക് കൈമാറാനും CFC-യിൽനിന്ന് മററു രാസികങ്ങരംക്ക് മാറാൻ വേണ്ടി വരുന്ന വർധിച്ച ചെലവുകരം വികസിതരാജ്യങ്ങരം വഹിക്കുവാനും സമ്മതിച്ചാൽ മോൺട്രിയൽ ഉടമ്പടിയിൽ ഒപ്പു വയ്ക്കാമെന്നായിരുന്നു ഇന്ത്യയുടെ വാദം. ഇന്ത്യയേയും ചൈന യേയും ഉടമ്പടിയുടെ പരിധിയിൽ കൊണ്ടുവരാൻ കൊണ്ടുപിടിച്ച ശ്രമങ്ങരം നടന്നു.

1990 ജൂണിൽ ലണ്ടനിൽ ചേർന്ന സമ്മേളനം മോൺട്രിയൽ ഉട മ്പടിയിൽ ചില ഭേദഗതികരം വരുത്താൻ തയ്യാറായി. ഇതിൽ ഇന്ത്യ ആവശ്യപ്പെട്ട ചില ആവശ്യങ്ങരം അംഗീകരിക്കപ്പെട്ടു. ഭേദഗതി ചെയ്ത ഉടമ്പടിയിൽ, ഈ രംഗത്ത് സാങ്കേതിക-സാമ്പത്തിക സഹകര ണത്തിനുള്ള ചില സംവിധാനങ്ങരം ഏർപ്പെടുത്തി. വികസിത രാജ്യങ്ങരം സംഭാവന ചെയ്ത 160 ദശലക്ഷം ഡോളർ ഉപയോഗിച്ച് ഒരു ഫണ്ട് ഏർപ്പെടുത്തി. (ഈ ഫണ്ട് സ്ഥാപിക്കുന്നതിനെ അമേരിക്ക ആദ്യം എതിർത്തുവെങ്കിലും ഇതൊരു കീഴ്വഴക്കമാക്കുക യില്ലായെന്ന് ഉടമ്പടിയിൽ എഴുതിവച്ചപ്പോരം വഴങ്ങി) ഇന്ത്യയും ചൈനയും മോൺട്രിയൽ ഉടമ്പടി അംഗീകരിക്കുന്ന പക്ഷം ഇത്

240 ദശലക്ഷം ഡോളറായി വർധിപ്പിക്കാമെന്നും സമ്മതിച്ചു. CFC–യേതര സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിനാണ് ഈ ഫണ്ടിൽനിന്ന് പണം നൽകുക. ഈ ഫണ്ട് അപര്യാപ്തമാണെന്നു കാണുകയോ, തൃപ്തികരമായ രീതിയിൽ സാങ്കേതികവിദ്യ കൈമാററം നടക്കാതിരിക്കുകയോ ചെയ്താൽ ഉടമ്പടിയിൽനിന്ന് വിട്ടുപോകാൻ വികസ്വരരാജ്യങ്ങൾക്ക് അവകാശം ഉണ്ടായിരിക്കും. ഫണ്ട് ഏർപ്പെടുത്തിയതോടുകൂടി ചൈന ഉടമ്പടിയിൽ ഒപ്പുവെക്കാൻ തീരുമാനിച്ചു. ഇന്ത്യ ഇനിയും ഒപ്പുവെച്ചിട്ടില്ല. എന്നാൽ ഒപ്പുവെക്കാൻ നിർബന്ധിതമായിത്തീരും. കാരണം മോൺട്രിയൽ ഉടമ്പടിയിലെ ചില വ്യവസ്ഥകൾ വളരെ കർക്കശമാണ്. ഉടമ്പടിയിലെ നാലാം വകുപ്പ്പ്രകാരം ഉടമ്പടി അംഗീകരിക്കാത്ത രാജ്യങ്ങളിൽനിന്ന് CFC ഇറക്കുമതി ചെയ്യുന്നത് വിലക്കാം, അത്തരം രാജ്യങ്ങൾ CFC-കയററുമതി ചെയ്യുന്നതും വിലക്കാം. CFC-കളോ, അതിനു പകരം നില്ക്കുന്ന വസ്തുക്കളോ അടങ്ങിയിട്ടുള്ള ഉല്പന്നങ്ങളുടെ ഇറക്കുമതിയും കയററുമതിയും വിലക്കാം. CFC-യ്ക്ക് ബദലായിട്ടുള്ള സാങ്കേതികവിദ്യ കൈമാററം ചെയ്യുന്നത് തടയാം. ഉടമ്പടി ഒപ്പുവെയ്ക്കാത്ത രാജ്യങ്ങൾക്ക് ബദൽ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിന് സഹായധനമോ, സാങ്കേതികസഹായമോ നൽകുകയില്ല. അതിനാൽ കഴിയുന്നത്ര ആനുകൂല്യങ്ങൾ നേടിയെടുത്തശേഷം മോൺട്രിയൽ ഉടമ്പടിയിൽ ഒപ്പുവെയ്ക്കാമെന്നാണ് ഇന്ത്യയുടെ നിലപാട് എന്ന് പൊതുവെ കരുതപ്പെടുന്നു.

## സർക്കാരേതരസംഘടനകൾ പലവിധം

ഭൗമ ഉച്ചകോടിയിൽ താല്പര്യം കാണിക്കുന്ന സർക്കാരേതര സംഘടനകൾ പലതരത്തിലുള്ളതാണ്. തെക്കും വടക്കും രാജ്യങ്ങളിലെ സംഘടനകൾ തമ്മിൽ അന്തരങ്ങൾ നിലനിൽക്കുന്നു. പൊതുവെ മൂന്നു വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ടതാണ് ഈ സംഘടനകൾ. ഒരു ഗ്രൂപ്പ് അൺസെഡിന് പരിപൂർണ പിന്തുണ പ്രഖ്യാപിക്കുന്നു. അൺസെഡിൽ നടക്കുന്ന കൂടിയാലോചനകളിൽ പങ്കെടുക്കുകവഴി ചർച്ചകൾക്ക് കൂടുതൽ അർഥവ്യാപ്തി നല്കാമെന്ന് അവർ വിശ്വസിക്കുന്നു. രണ്ടാമത്തെ ഗ്രൂപ്പ് അൺസെഡിന് വലിയ പ്രാധാന്യമൊന്നും നൽകുന്നില്ല. അതിലെ പരിപാടികളിലും പദ്ധതികളിലും വളരെയധികം വെള്ളം ചേർത്തിരിക്കുന്നുവെന്ന് അവർ പരാതി പറയുന്നു. എങ്കിലും അതിൽ പങ്കെടുക്കുവാൻ അവർ തീരുമാനിച്ചിട്ടുണ്ട്. ഉപശാഖകളിലെ സംഭാഷണങ്ങൾവഴി പ്രതിനിധികളെ സ്വാധീനിക്കാമെന്ന് അവർ പ്രതീക്ഷിക്കുന്നു. മൂന്നാമത്തെ ഗ്രൂപ്പ് ആവട്ടെ തങ്ങൾക്ക് അൺസെഡിൽ പങ്കെടുക്കാൻ പററാത്തതിൽ മുറുമുറുക്കുന്നതോടൊപ്പം പങ്കെടുക്കുന്നവരെ വിമർശിക്കാനും മറക്കുന്നില്ല. പങ്കെടുക്കുന്നവർ സർക്കാരിൻെറ സേവകന്മാ

രാണെന്നും ലോകബാങ്ക് ചാരന്മാരാണെന്നും അവർ മുദ്രകുത്തുന്നു. ഉത്തര-ദക്ഷിണ രാജ്യങ്ങളിലെ സന്നദ്ധസംഘടനകൾ തമ്മിൽ, പരിസ്ഥിതിയോടുള്ള സമീപനത്തിൽ അന്തരം ഉണ്ട്. വികസിതരാജ്യങ്ങളിലെ സന്നദ്ധസംഘടനകൾ (ഇവരിൽ വാണിജ്യ–വ്യവസായി സംഘടനകളും ഉൾപ്പെടും) പരിസ്ഥിതിയിലും പ്രകൃതിസംരക്ഷണത്തിലും 'വലിയ താല്പര്യം' കാണിക്കുന്നു. എന്നാൽ വികസ്വരരാജ്യങ്ങളിലെ സംഘടനകൾ വികസനവും ദാരിദ്ര്യനിർമാർജനവും പരിസ്ഥിതി പരിരക്ഷണത്തിന്റെ ഭാഗമായി കണക്കാക്കുന്നു. വനസംരക്ഷണം സംബന്ധിച്ച പ്രശ്നങ്ങളിലാണ് സന്നദ്ധസംഘടനകൾക്കുള്ളിൽ കൂടുതൽ ആശയക്കുഴപ്പമുള്ളത്. വനങ്ങൾ ദേശീയവിഭവങ്ങളായി പരിഗണിക്കണമെന്ന അഭിപ്രായത്തോട് പലരും യോജിക്കുന്നു. ചില ഗ്രൂപ്പുകൾ വനവാസികളുടെയും ഗോത്രവർഗക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കണമെന്നും വനസംബന്ധമായ നയരൂപീകരണത്തിൽ അവർക്ക് പങ്ക് ഉണ്ടാവണമെന്നും വാദിക്കുന്നു. എന്നാൽ വനങ്ങൾക്ക് ഒരു പാരിസ്ഥിതികധർമം നിർവഹിക്കാനുണ്ടെന്നും അവ എക്കാലവും പരിരക്ഷിക്കപ്പെടേണ്ടതാണെന്നും ആർക്കും അതിൽ പ്രത്യേക അവകാശങ്ങൾ അനുവദിച്ചുകൊടുക്കരുതെന്നുമാണ് മററു വിഭാഗക്കാരുടെ വാദം.

ഈ അഭിപ്രായവ്യത്യാസങ്ങൾ എല്ലാം അൺസെഡിന്റെ പ്രിപ്പ്കോമുകളിൽ പൊന്തിവരികയുണ്ടായിട്ടുണ്ട്. വികസിത രാജ്യങ്ങളിലെ പരിസ്ഥിതി ഗ്രൂപ്പുകൾ ഉഷ്ണമേഖലാകാടുകളെ ആഗോളപൈതൃകമായി പരിഗണിക്കണമെന്ന അഭിപ്രായക്കാരാണ്. വികസ്വരരാജ്യങ്ങളിലെ ചുരുക്കം ചില ഗ്രൂപ്പുകൾ അവരോട് യോജിക്കുന്നു. എന്നാൽ ഭൂരിപക്ഷം പേരും അവരുടെ രാജ്യസർക്കാറുകളുടെ പക്ഷത്താണ്. അതായത് ഉഷ്ണമേഖലാ കാടുകൾ അവ ഉൾപ്പെടുന്ന രാഷ്ട്രത്തിന്റെ സമ്പത്താണെന്ന് അവർ കരുതുന്നു. എന്നാൽ തങ്ങളുടെ രാജ്യത്തിലെ ഭരണാധികാരികളുടെ പല നയങ്ങളോടും അവർക്ക് യോജിപ്പില്ല. വനങ്ങളെ ദേശീയ പൈതൃകമായി പരിഗണിക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ട ഒരു രാജ്യം മലേഷ്യയാണ്. അവിടുത്തെ പരിസ്ഥിതിഗ്രൂപ്പുകൾ ഇക്കാര്യത്തിൽ സർക്കാരിനെ പിന്തുണയ്ക്കുകയാണ്. എന്നാൽ സരാവാക്കിലെ ഗോത്രവർഗക്കാരോട് മലേഷ്യൻ സർക്കാർ നീതി കാണിച്ചില്ലായെന്ന് അവർ പറയുന്നു. ഈ പ്രദേശത്തെ കാടുകൾ വെട്ടിമുറിക്കാൻ ജപ്പാൻ കമ്പനികൾക്ക് മലേഷ്യ അനുവാദം നൽകി. അതോടെ ഈ മഴക്കാടുകളെ ആശ്രയിച്ചു ജീവിച്ചിരുന്ന ഗോത്രവർഗക്കാർ ദുരിതത്തിലായി. അവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികളൊന്നും സർക്കാർ എടുത്തില്ല. സാമ്പത്തിക നേട്ടങ്ങൾക്കു മുമ്പിൽ പരിസ്ഥിതി സംരക്ഷണവും മനുഷ്യാവകാശങ്ങളും

അപ്രസക്തമായി. അതേപോലെതന്നെ സർദാർ സരോവർ പദ്ധതിക്കുവേണ്ടി ഒഴിപ്പിച്ചവരോട് ഇന്ത്യൻ സർക്കാർ നീതി കാണിച്ചില്ലായെന്ന് ഇന്ത്യയിലെ പരിസ്ഥിതി ഗ്രൂപ്പുകാർക്ക് പരാതിയുണ്ട്. അൺസെഡിൽ ചർച്ചകൾ നടക്കുമ്പോൾ മൂന്നാം ലോകത്തിലെ സന്നദ്ധ സംഘടനാപ്രതിനിധികൾക്ക് അന്താരാഷ്ട്രതലത്തിൽ തങ്ങളുടെ സർക്കാർപ്രതിനിധികളുമായി കൂടുതൽ അടുത്ത് ഇടപഴകേണ്ടിവരും. അവരുടെ കൈകൾക്ക് ശക്തി പകരേണ്ടിവരും. അതേസമയം അന്താരാഷ്ട്രതലത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി എടുക്കുന്ന തീരുമാനങ്ങൾ തങ്ങളുടെ രാജ്യത്തിൽ ശരിയാംവണ്ണം നടപ്പിലാക്കുന്നുണ്ടോ എന്ന് നോക്കേണ്ട ബാധ്യതയും ഈ സന്നദ്ധസംഘടനകൾക്കുണ്ട്. അപ്പോൾ അന്താരാഷ്ട്രതലത്തിൽ തങ്ങളുടെ സർക്കാറുകളെ അനുകൂലിക്കുകയും ദേശീയതലത്തിൽ അവരെ എതിർക്കുകയും ചെയ്യുക എന്ന നയം പല സന്നദ്ധസംഘടനകൾക്കും സ്വീകരിക്കേണ്ടിവരും. ദക്ഷിണരാജ്യങ്ങളിലെ സന്നദ്ധസംഘടനകളെ സംബന്ധിച്ചിടത്തോളം മലേഷ്യയിലെ തേർഡ് വേൾഡ് നെററ് വർക്ക് [Third World Net work (TWN)] വിലപ്പെട്ട സേവനങ്ങളാണ് നല്കുന്നത്. ബയോടെക്നോളജി, ജൈവവൈവിധ്യം, വനങ്ങൾ, വിഷപാഴ്വസ്തുക്കൾ, ഉത്തര-ദക്ഷിണ ബന്ധങ്ങളും ലോകബാങ്കും തുടങ്ങിയ വിഷയങ്ങളിൽ വളരെ പ്രധാനപ്പെട്ട ഗവേഷണപഠനങ്ങൾ അവർ നടത്തിയിട്ടുണ്ട്. പ്രിപ്പ്കോമുകളിൽ ആശയക്കുഴപ്പമുണ്ടാകുന്ന സന്ദർഭങ്ങളിൽ സന്നദ്ധസംഘടനകൾക്ക് ശരിയായ പശ്ചാത്തലവിവരങ്ങൾ ഇവർ നല്കി.

## ബഹുരാഷ്ട്ര കുത്തകകളും അൺസെഡും

ഐക്യരാഷ്ട്രസഭയുടെ നിർവചനത്തിൽ വാണിജ്യ-വ്യവസായികളുടെ സംഘടനകളും സർക്കാരേതരസംഘടനകൾ തന്നെയാണ്. അൺസെഡിൽ പങ്കെടുക്കുവാൻ അവരുടെ പ്രതിനിധികളേയും ക്ഷണിച്ചിട്ടുണ്ട്. ഇൻറർ നാഷണൽ ചേംബർ ഓഫ് കോമേഴ്സ് ആൻററ് ഇൻഡസ്ട്രി (ICC)-യുടെ പ്രതിനിധികൾ ഭൗമ ഉച്ചകോടിയിൽ ഉണ്ടാകും. അവരെ സംബന്ധിച്ചേടത്തോളം അജണ്ട-21-വളരെയധികം നിർണായകമാണ്. സാങ്കേതികവിദ്യയുടെ കൈമാററമാണല്ലോ അജണ്ട 21-ൽ ചർച്ചയ്ക്കു വരുന്ന ഒരു വിഷയം. സാങ്കേതികവിദ്യയുടെ കൈമാററം വാണിജ്യാടിസ്ഥാനത്തിലാകണമെന്ന് വികസിതരാജ്യങ്ങളിലെ വ്യവസായികൾ ആഗ്രഹിക്കുന്നു. ഇതിൽ അല്പസ്വല്പം നീക്കുപോക്കുകൾ വരുത്താൻ ICC പ്രതിനിധികൾ തയ്യാറാകും. കാരണം വികസ്വരരാജ്യങ്ങളിലെ വിപുലമായ വിപണി ഒരു കാരണവശാലും നഷ്ടപ്പെടരുതെന്ന് അവർ ആഗ്രഹിക്കുന്നു. സോവിയററുയൂണിയൻെറ പതനത്തോടെ ഈ രാജ്യങ്ങളെല്ലാം മാർക്കററ് ഇക്കോണമിയിലേക്ക് കൂടുതൽ നീങ്ങു

മെന്നും അപ്പോഠം വികസിതരാജ്യങ്ങളിൽനിന്ന് വൻതോതിൽ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യുമെന്നും അവർ പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ ഇത്തരം രാജ്യങ്ങളെ കൈയിലെടുക്കാൻ പററിയ സന്ദർഭമാണ് ഉച്ചകോടിയെന്ന് അവർ മനസ്സിലാക്കിക്കഴിഞ്ഞു. അതിനുവേണ്ടിയുള്ള കരുക്കഠം നീക്കുകയാണവർ. പ്രിപ്പ്കോമിൽ ICC തന്ത്രപ്രധാനമായ ഒരു വിജയം നേടി. ബഹുരാഷ്ട്രകുത്തകകളെ ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ചുകൊണ്ടുള്ള അജണ്ട–21-ലെ ഉപവകുപ്പുകഠം നീക്കം ചെയ്യണമെന്ന ICC യുടെ ആവശ്യം അംഗീകരിക്കപ്പെട്ടു. വാണിജ്യത്തേയും വ്യവസായത്തേയും വേർതിരിക്കേണ്ട ആവശ്യമില്ലെന്നാണ് ICC—യുടെ നിലപാട്. ബഹുരാഷ്ട്രകുത്തകകഠം വ്യവസായത്തെ മുഴുവൻ പ്രതിനിധീകരിക്കുന്നില്ലത്രെ. പരിസ്ഥിതി പരിരക്ഷണ പ്രസ്ഥാനങ്ങഠം ഈ മാററത്തിൽ അതിശയിക്കുന്നില്ല. യു. എൻ. സെക്രട്ടറി ജനറൽ ആയി ബുട്രോസ്ഘാലി അധികാരമേററതോടെ വന്ന ചില മാററങ്ങഠംക്ക് അനുസൃതമാണിതെല്ലാം. യു. എൻ. സെൻറർ ഫോർ ട്രാൻസ്നാഷണൽ കോർപ്പറേഷൻസ് (U. N. Centre for Transnational Corporations) എന്ന വേദിയുടെ പ്രവർത്തനം നിർത്തിവെച്ചത് ഇതിനൊരു ഉദാഹരണമാണ്. ഈ വേദി ബഹുരാഷ്ട്രകുത്തകകഠംക്ക് ഒരു പെരുമാററച്ചട്ടം ഉണ്ടാക്കിയത് അടുത്ത കാലത്താണ്. ഈ വേദിയുടെ സ്ഥാനത്ത് (Business Council for Sustainable Development എന്ന സ്ഥാപനത്തെ പ്രതിഷ്ഠിച്ചു. ഇതിൽ വൻ കോർപ്പറേഷനുകഠംക്ക് പ്രാതിനിധ്യം നൽകിയിരിക്കുകയാണ്. അവർ സുസ്ഥിരവികസനത്തിനായി ഒരു Voluntary Business Charter-ന് രൂപംനൽകിയിരിക്കുന്നു. ഇത് മൂന്നാം ലോക രാജ്യങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാനാണ് അവരുടെ ശ്രമം.

അജണ്ട–21–ൽ ബഹുരാഷ്ട്രകുത്തകകളുടെ പ്രവർത്തനങ്ങളെ പററിയുള്ള പരാമർശം ഏതെങ്കിലും ആദർശത്തിൻെറ പേരിൽ ഉഠംപ്പെടുത്തിയതല്ല. ചെറു ദരിദ്രരാജ്യങ്ങളിലെ അവരുടെ സാമ്പത്തിക പ്രവർത്തനങ്ങഠം വളരെയധികം വിമർശനങ്ങഠംക്ക് പാത്രമായിട്ടുണ്ട്. ഈ രാജ്യങ്ങളെ തങ്ങളുടെ ചൊല്പടിയിൽ നിർത്താൻ അവർ ശ്രമിക്കുന്നു. ഈ ചെറുരാജ്യങ്ങഠംക്ക് ബഹുരാഷ്ട്രകുത്തകകളെ നിയന്ത്രിക്കാൻ ആവുന്നില്ല. ഒരു വലിയ രാജ്യമായ ഇന്ത്യയ്ക്കുപോലും യൂണിയൻ കാർബൈഡ് കമ്പനിയെ ശിക്ഷിക്കാൻ കഴിഞ്ഞില്ല. ഈ വസ്തുതകളെല്ലാം പരിഗണിച്ചുകൊണ്ടാണ് അവരുടെ പ്രവർത്തനങ്ങളെപ്പററി അജണ്ട—21–ൽ പരാമർശങ്ങഠം ഉണ്ടായത്. എന്നാൽ ICC-ക്ക് അത് മാററാൻ കഴിഞ്ഞു. ഭോപ്പാൽദുരന്തത്തിനു കാരണം ഇന്ത്യയിലെ ഉദ്യോഗസ്ഥന്മാരുടെ കഴിവുകേടാണെന്ന് ICC പ്രതിനിധി പറയുന്നു. ഇന്ത്യയിൽ നിലവിലിരുന്ന നിയമങ്ങഠംകാരണം

വിദേശത്തുനിന്ന് വിദഗ്ധരെ അവിടെ നിയമിക്കാൻ കഴിഞ്ഞില്ലത്രേ. അതിനാൽ വന്ന ദുരന്തമാണിത്. അതുകൊണ്ട് ബഹുരാഷ്ട്രകുത്തകകൾക്ക് ഇനിമേൽ കൂടുതൽ സ്വാതന്ത്ര്യം നൽകണം. ഇതാണ് ICC-യുടെ ഭാഷ്യം. ICC-യുടെ ഈ നിലപാട് ഭൗമ ഉച്ചകോടിയിൽ നടക്കുന്ന ചർച്ചകളെ കൂടുതൽ സങ്കീർണമാക്കാനേ ഉതകൂ എന്ന് നിഷ്പക്ഷമതികൾ വിലയിരുത്തുന്നു.

## കുപ്പയുടെ കടത്ത്

അമേരിക്കയിലെ ഫിലഡെൽഫിയ നഗരത്തിൽ കുപ്പകൾ കത്തിച്ചു ചാരമാക്കിയത് നിയമപ്രകാരം കുഴിച്ചുമൂടാൻ ഒരു ടണ്ണിന് ആയിരം ഡോളർ എന്ന തോതിൽ ചെലവ് വരുമത്രേ. ഈ ചെലവ് കുറയ്ക്കാൻ അവിടുത്തെ വ്യവസായികൾ ഒരു ഉപായം കണ്ടുപിടിച്ചു. ഈ ചാരമത്രയും കപ്പലിൽകയററി അത്‌ലാന്തിക് സമുദ്രത്തിനു കുറുകെ ആഫ്രിക്കയുടെ പടിഞ്ഞാറേതീരത്തുള്ള, സമുദ്രത്തിലേക്ക് ഉന്തിനില്ക്കുന്ന ''ഗിനിയ'' എന്ന ദരിദ്രരാജ്യത്തിൽ കൊണ്ടുപോയി അവിടെ കുഴിച്ചിടുക! ഇതിനായി അവിടുത്തെ സർക്കാരുദ്യോഗസ്ഥന്മാരുമായി ചർച്ചകൾ നടത്തി കരാർ ഉണ്ടാക്കി. ഈ കരാറനുസരിച്ച് കപ്പൽകൂലിയും ഗിനിയയ്ക്ക് കിട്ടേണ്ട രാജഭോഗവും ഉദ്യോഗസ്ഥന്മാർക്കും ഇടനിലക്കാർക്കും നൽകിയ കമ്മീഷൻ അടക്കം ഒരു ടൺ കുപ്പ കുഴിച്ചിടാൻ വ്യവസായികൾക്കു നാല്പതു ഡോളറേ ചെലവാകൂ. അതായത് ഒരു ടൺ കുപ്പ മറവുചെയ്യുമ്പോൾ വ്യവസായികൾക്ക് തൊള്ളായിരത്തി അറുപതു ഡോളർ ലാഭം! പക്ഷേ, ഈ ഇടപാട് അധികം താമസിയാതെ ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. അവരുടെ പ്രതിഷേധംനിമിത്തം കരാർ ഇടയ്ക്കുവെച്ച് അവസാനിപ്പിക്കേണ്ടിവന്നു. ഇടനിലക്കാരനായിരുന്ന നോർവേയിലെ കോൺസലിനെ ഗിനിയൻസർക്കാർ തടവിലാക്കുകയും ചെയ്തു.

## മണ്ണുനാശം

ഏററവും പുതിയ കണക്കനുസരിച്ച്, ഇന്ത്യയിൽ ആകെ കൃഷി ചെയ്യാവുന്നതായി ഇരുപത്താറുകോടി നാല്പതുലക്ഷം ഹെക്ടാർ ഭൂമിയേ ഉള്ളു. ഇതിൽ പതിനേഴുകോടി അമ്പതുലക്ഷം ഹെക്ടാർ ഭൂമി ഏറെക്കുറെ കൃഷിക്ക് കൊള്ളരുതാത്തതായി ദുഷിച്ചുകഴിഞ്ഞിട്ടുണ്ട്. പതിനഞ്ചുകോടി മുപ്പതുലക്ഷം ഹെക്ടാർ കൃഷിഭൂമി ദുഷിച്ചിട്ടുള്ളത് മണ്ണൊലിപ്പുമൂലമാണ്. രണ്ടുകോടി ഇരുപതു ലക്ഷം ഹെക്ടാർ ഭൂമി പുളിഇളകിയ ചതുപ്പുനിലങ്ങളായി മാറിയിരിക്കുന്നു. ഇങ്ങനെ കേടുവന്ന നിലങ്ങളിൽ ഒമ്പതുകോടി ഹെക്ടാർ സ്ഥലത്ത് ഇപ്പോൾതന്നെ കൃഷി ഇറക്കാതായിരിക്കുന്നു. ദീർഘകാലത്തെ ക്ഷമാപൂർവമായ പ്രവർത്തനംകൊണ്ടുമാത്രമേ ഈ

പ്രദേശങ്ങളെ വീണ്ടും കൃഷിയോഗ്യമാക്കാൽ കഴിയുകയുള്ളു. ഇപ്പോഠം ശരിക്കും കൃഷി നടക്കുന്നത് പതിനാലുകോടി മുപ്പതു ലക്ഷം ഹെക്ടാർ സ്ഥലത്താണത്രെ.

## ത്യാഗം സഹിക്കേണ്ടതാര്?

കാർബൺ വിസർജനം ആയിരം ടൺ കണ്ട് ചുരുക്കിയാൽ, വികസ്വര–വികസിത രാജ്യങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ആവശ്യങ്ങളെ അത് എങ്ങനെ ബാധിക്കും? കാർബൺ വിസർജനം ആയിരം ടൺ കണ്ട് ചുരുക്കാൻ പല മാർഗങ്ങളും ഉണ്ട്. വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം. 2000 വീടുകഠംക്ക് കത്തിക്കാൻ വിറക് നൽകാതിരിക്കാം; അല്ലെങ്കിൽ 12000 ആളുകഠംക്ക് ഭക്ഷിക്കാൻവേണ്ട അരി ഉല്പാദിപ്പിക്കാതിരിക്കാം; അല്ലെങ്കിൽ കന്നുകാലികളുടെ എണ്ണത്തിൽ നാലായിരം കണ്ട് കുറവു വരുത്താം; അല്ലെങ്കിൽ ആയിരത്തിലധികം വീടുകഠംക്ക് നൽകുന്ന അരിയിലും വിറകിലും കുറവു വരുത്താം; അതുമല്ലെങ്കിൽ 2700-4600 വീടുകഠംക്ക് നൽകുന്ന വൈദ്യുതിയിൽ കുറവു വരുത്താം. എന്നാൽ അമേരിക്കയിൽ കാർബൺവിസർജനം 1000 ടൺ കണ്ട് ചുരുക്കണമെങ്കിൽ 800 കാറുകഠം റോഡിൽ ഇറക്കാതിരുന്നാൽ മതി.

(അൺസെഡിൽ വിതരണം ചെയ്യാൻ IGIDR തയ്യാറാക്കിയ റിപ്പോർട്ടിൽനിന്ന്)

## CFC അപരാധികളും മററ് പകരക്കാരും

ലോകത്താകമാനം 750,000 മെട്രിക്ടൺ CFC ഉപയോഗിക്കപ്പെടുന്നു. അവ ഉപയോഗിക്കപ്പെടുന്ന വിവിധ മേഖലകഠം ചുവടെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| 1. | ശുചീകരണദ്രാവകം | 24% |
| 2. | ഫോം (ഇൻസുലേഷൻ, പാക്കിങ് വസ്തുക്കഠം) | 24% |
| 3. | എയർകണ്ടീഷനിങ് | 20% |
| 4. | മററ് ശീതീകാരികഠം | 15% |
| 5. | എയ്റോസോഠംസ്പ്രേ | 15% |
| 6. | മററുള്ളവ | 2% |
| | ആകെ | 100% |

○ **പകരക്കാർ**

HCFCs (ഹൈഡ്രോ ക്ലോറോ ഫ്ളൂറോ കാർബണുകഠം)

നേട്ടം :— അന്തരീക്ഷത്തിൽ പെട്ടെന്ന് വിഘടിക്കും; ഓസോൺ പാളിയ്ക്ക് വലിയ അപകടം വരുത്തുന്നില്ല.

കോട്ടം:— അമിത ഉപയോഗം ഓസോൺ പാളിയെ ബാധിക്കും. ഇപ്പോഴത്തെ ഉപകരണങ്ങഠം പുനഃസംവിധാനം ചെയ്യണം. കൂടുതൽ ഊർജം ഉപയോഗിക്കും.

○ HFCs (ഹൈഡ്രോഫ്ളൂറോ കാർബണുകൾ)

നേട്ടം :— ക്ലോറിൻ ഇല്ല. ഓസോൺപാളിയെ ഒട്ടും നശിപ്പിക്കുന്നില്ല.

കോട്ടം:— ജ്വലനശീലം, വിഷദോഷം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം.

○ ഹൈഡ്രോ കാർബണുകൾ (ഉദാ: ബ്യൂട്ടേൻ, പ്രൊപ്പേൻ etc.)

നേട്ടം :— വിലക്കുറവ്. എളുപ്പത്തിൽ ലഭ്യമാകുന്നു.

കോട്ടം:— ജ്വലനശീലമുള്ളത്, വിഷം - ചിലത് ഭൂമിയോട് തൊട്ടുകിടക്കുന്ന അന്തരീക്ഷ മണ്ഡലത്തിൽ മലിനീകരണം ഉണ്ടാക്കും.

○ അമോണിയ

നേട്ടം :— റഫ്രിജറേററുകളിൽ ഉപയോഗിക്കാവുന്ന ഏററവും ലഘുവായ ബദൽ.

കോട്ടം:— കൈകാര്യം ചെയ്യുമ്പോൾ വളരെ ശ്രദ്ധിക്കണം.

○ ജലം - നീരാവി ശുദ്ധീകരണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

## പണിയെടുക്കുന്ന മൃഗങ്ങൾ

ഇന്ത്യയിലെ കൃഷിയിടങ്ങളിൽ ചെലവഴിക്കപ്പെടുന്ന ഊർജത്തിൻെറ അമ്പത് ശതമാനവും കഠിനാധ്വാനം ചെയ്യുന്ന മൃഗങ്ങളുടെ പേശികളിൽനിന്ന് വരുന്നതാണ്. നമ്മുടെ രാജ്യത്ത് 80 ദശലക്ഷം പണിയെടുക്കുന്ന മൃഗങ്ങൾ ഉണ്ട്. ഇതിൽ 70 ദശലക്ഷം കാളയും 8 ദശലക്ഷം പോത്തുകളുമാണ്. കൂടാതെ കഴുതകൾ, ആനകൾ, യാക്കുകൾ തുടങ്ങിയവയും 'തൊഴിലാളികൾ' തന്നെ. ഇതിൽ ഓരോ മൃഗവും ഏതാണ്ട് 0.5 കുതിരശക്തി (0.5 hp) പ്രതിഷ്ഠാപിത ശേഷിയുള്ള മോട്ടോറുകളാണ്. ഈ മൃഗങ്ങളുടെ മൊത്തം പ്രതിഷ്ഠാപിതശേഷി 30,000 മെഗാവാട്ട് ആകുന്നു. ഇത് നമ്മുടെ രാജ്യത്തെ വൈദ്യുതി ഊർജ പ്രതിഷ്ഠാപിതശേഷിയ്ക്കു തുല്യമാണ്. ഇത്രയും വൈദ്യുതി ഉല്പാദിപ്പിക്കാൻ നാം 30,000 കോടി ഉറുപ്പിക മുതലിറക്കിയിട്ടുണ്ട്. എന്നാൽ പണിയെടുക്കുന്ന മൃഗങ്ങളെ പോററാനും അതുമായി ബന്ധപ്പെട്ട മററു ചെലവുകൾക്കുമായി നാം മുതലിറക്കുന്നത് ഏതാണ്ട് 10,000 കോടി ഉറുപ്പിക മാത്രമാണ്. ചരക്കുകൾ കടത്തുന്നതിനും സവാരിക്കുമായി 15 ദശലക്ഷം കാളവണ്ടികൾ ഇന്ത്യയിൽ ഉപയോഗിക്കുന്നു. (12 ദശലക്ഷം ഗ്രാമങ്ങളിലും 3 ദശലക്ഷം നഗരങ്ങളിലും) ഈ മേഖലയിൽ 3000 കോടി ഉറുപ്പികയുടെ നിക്ഷേപമുണ്ട്. എന്നാൽ ഇന്ത്യൻ റെയിൽവേയുടെ മൂലധനം 4500 കോടിയും റോഡ് ഗതാഗതവ്യൂഹത്തിൻേറത് 2500 കോടിയും ആണത്രെ. ഏതാണ്ട് 20 ദശലക്ഷം ജനങ്ങൾക്ക് പൂർണമായോ, ഭാഗികമായോ പണി നല്കാൻ കാളവണ്ടികൾക്ക് കഴിയുന്നു.

കാളവണ്ടികൾ 15,000 ദശലക്ഷം ടൺ-കി.മീ. ഭാരം വഹിക്കുമ്പോൾ ട്രക്കുകൾ 100,000 ദശലക്ഷം ടൺ-കി. മീ. യും റെയിൽവേകൾ 200,000 ദശലക്ഷം ടൺ-കി. മീ. യും ഭാരം വഹിക്കുന്നു. നമ്മുടെ ഊർജരംഗത്ത് ഇത്രവലിയ സംഭാവനകൾ നൽകുന്ന കാലികൾ വിദഗ്ധരുടെ പരിഗണനയിൽ വേണ്ടത്ര വരുന്നില്ല. ഇത്ര വലിയ സേവനം അനുഷ്ഠിക്കുന്ന കാലികളുടെ എണ്ണം മീഥേൻ വാതകത്തിന്റെ ഉൽസർജനത്തിന്റെ പേരിൽ അടുത്ത കാലത്തൊന്നും നമുക്ക് കുറയ്ക്കാൻ ആവില്ല, ആരു പറഞ്ഞാലും!

## കണക്കിലെ കളികൾ

16070

കാർബൺ വിസർജനം, മീഥേൻ വിസർജനം, വനനശീകരണം തുടങ്ങിയ കാര്യങ്ങളിൽ വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് തെററായ കണക്കുകൾ പ്രസിദ്ധീകരിച്ച് മൂന്നാംലോക രാജ്യങ്ങളെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിക്കുന്നുവെന്ന് ആ രാജ്യങ്ങളിൽ നിന്നുള്ള പരിസ്ഥിതിപ്രവർത്തകരും ശാസ്ത്രജ്ഞൻമാരും അഭിപ്രായപ്പെടുന്നു. ചില ഉദാഹരണങ്ങൾ ഇതാ.

## വനനശീകരണം

WRI-യുടെ കണക്കുപ്രകാരം ബ്രസ്സീലിൽ എൺപതുകളിൽ 80 ദശലക്ഷം ഹെക്ടർ വനം നശിച്ചു. ബ്രസ്സീൽ നാഷണൽ റിസേർച്ച് കണക്കുപ്രകാരം ഇക്കാലയളവിൽ 17 ദശലക്ഷം ഹെക്ടാർ വനമാണ് നശിച്ചത്.

ഫോറസ്ററ് സർവെ ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ എൺപതുകളിൽ പ്രതിവർഷം 47000 ഹെക്ടാർ വനം നശിച്ചു.

WRI-യുടെ കണക്കുകൾ കാണിക്കുന്നത് ഇവിടെ പ്രതിവർഷം 15 ദശലക്ഷം ഹെക്ടാർ വനം നശിക്കുന്നുവെന്നാണ്.

FAO-യുടെ കണക്കു കൂട്ടലിൽ ഇത് 2.75 ദശലക്ഷം ഹെക്ടാറാണ്.

## കാർബൺഡൈഓക്സൈഡിന്റെ വിസർജനത്തിൽ ആമസോൺ വനനശീകരണത്തിന്റെ പങ്ക്

WRI—10.5%

ബ്രസ്സീൽ സർക്കാർ ശാസ്ത്രസാങ്കേതിക വകുപ്പ്—3.7%

## ഇന്ത്യയുടെ മീഥേൻ വിസർജനം

IPCC—37 ദശലക്ഷം ടൺ

CSIR—3-4 ദശലക്ഷം ടൺ

□

ഭൗമ ഉച്ചകോടി ആർക്കുവേണ്ടി?
For whom the Earth Summit?
പ്രസാധനം. വിതരണം:
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കോഴിക്കോട്
അച്ചടി : ശങ്കർ പ്രിന്റേഴ്സ്, കോഴിക്കോട്
വില : 5.00 ക.

| | | | | | |
|---|---|---|---|---|---|
| KSSP 0601 | May 92 | D 1/8 | 2K | 0500 | LL 5/92 |

# ഭൗമ ഉച്ചകോടി ആർക്കുവേണ്ടി?

Library & Research Centre

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്